# വാചകം VACHAKAM

Newspaper for Malayalees Worldwide ◆Estd.2020

CHICAGO
Vol.4 / Issue 41/ Pages32
23
ഏപ്രിൽ 2025
ബുധനാഴ്ച
1200 മേടം 10

www.vachakam.com
news@vachakam.com



01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 29 Technology | 30 World


# ട്രംപിന്റെ താരിഫ് യുദ്ധവും ഇന്ത്യൻ താല്പര്യങ്ങളും





ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയെ തന്റെ പ്രത്യേക സുഹൃത്ത് എന്നാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വിശേഷിപ്പിക്കാറുള്ളത്. ട്രംപിനെ സന്തോഷിപ്പിക്കാൻ മോദി പലവിധ വിദ്യകൾ പയറ്റിയിട്ടുമുണ്ട്. സ്വന്തം തട്ടകമായ അഹമ്മദാബാദിൽ ട്രംപിനെ കൊണ്ടുവന്നു ഗംഭീരറാലി നടത്തി അദ്ദേഹത്തെ പുകഴ്ത്തി. ഇരുവരും സംയുക്തമായി അമേരിക്കൻ ഇന്ത്യക്കാരെ അണിനിരത്തി ന്യൂയോർക്കിലും നടത്തി അത്തരമൊരു റാലി. തെരഞ്ഞെടുപ്പിൽ അമേരിക്കൻ ഇന്ത്യക്കാരുടെ പിന്തുണ ട്രംപിനു ഉറപ്പാക്കുന്നതിൽ മോദി നടത്തിയ ശ്രമങ്ങൾ ചെറുതല്ല. അതിന്റെ നേട്ടം അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിനു കൈവന്നിട്ടുമുണ്ട്. പുതിയ ഭരണ കൂടത്തിൽ ഉന്നത പദവികളിൽ ധാരാളം ഇന്ത്യൻ വംശജരെ ട്രംപ് നിയമിച്ചിട്ടുമുണ്ട്. എന്നാൽ സൗഹൃദം വേറെ, കച്ചവടം വേറെ എന്നതാണ് മുൻ നിര റിയൽ എസ്റ്റേറ്റ് ബിസിനസ്സ് കുടുംബത്തിൽ പിറന്ന ട്രംപിന്റെ നയം. കാശിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. അതിനാലാണ് കഴിഞ്ഞ ഏപ്രിൽ രണ്ടിന് വൈറ്റ് ഹൗസ് മുറ്റത്തു നടത്തിയ മാധ്യമസമ്മേളനത്തിൽ ലോകത്തെ മിക്കവാറും എല്ലാ രാജ്യങ്ങൾക്കും കനത്ത വ്യാപാരചുങ്കം പ്രഖ്യാപിച്ച സമയത്തു അദ്ദേഹം മോദിയുമായുള്ള സൗഹൃദം അനുസ്മരിച്ചുകൊണ്ടുതന്നെ ഇന്ത്യൻ വ്യവസായികളുടെ പുറത്തു ചുങ്കക്കത്തി കൊണ്ട് ആഞ്ഞുകുത്തിയത്. അമേരിക്കൻ ഉത്പന്നങ്ങളെ ഇന്ത്യക്കാർ നാട്ടിൽ കയ

ശേഷം പേജ് 8ൽ

# സ്വന്തം കാര്യം വന്നപ്പോൾ മനംമാറ്റം: മസ്ക് ഡോജിൽ നിന്ന് പിൻമാറിയേക്കും



വാഷിംഗ്ടൺ: സ്വന്തം കമ്പനിയായ ടെസ്ലയുടെ കാര്യത്തിൽ പണിപാളും എന്ന് വ്യക്തമായതോടെ ട്രംപ് സർക്കാരിലെ പ്രവർത്തനത്തിൽ നിന്നും പിൻമാറാൻ തീരുമാനിച്ച് ഇലോൺ മസ്ക്. ടെസ്ലയുടെ ലാഭത്തിൽ വൻ ഇടിവ് ഉണ്ടായതോടെയാണ് മസ്കിന് ചാഞ്ചാട്ടം ഉണ്ടായത്. മസ്കിന്റെ പ്രഖ്യാപനത്തിന് പിന്നാലെ ടെസ്ലയുടെ ഓഹരികളിൽ മുന്നേറ്റമുണ്ടായതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. മെയ് 30ന് മസ്ക് ഡോജിൽ നിന്ന് വിരമിക്കുമെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ഡൊണാൾഡ് ട്രംപിനെ വിജയിപ്പിക്കാൻ പണമായും സ്വന്തം സാന്നിധ്യമായും മസ്ക് അദ്ദേഹത്തിനൊപ്പം തന്നെ ഉണ്ടായിരുന്നു. സർക്കാരിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ പുതുതായുണ്ടാക്കിയ ഡോജിന്റെ ചുമതല ട്രംപ മസ്കിന് നൽകിയിരുന്നു. ചെലവുചുരുക്കലാണ് കാര്യക്ഷമതമെച്ചപ്പെടുത്താൻ മസ്ക് തിരഞ്ഞെടുത്ത പോംവഴി. പെന്റഗൺ മുതൽ നാസവരെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം കുറച്ചത് മസ്കിനോടുള്ള ആളുകളുടെ രോഷം വർധിപ്പിച്ചു. അദ്ദേഹത്തിന്റെ നടപടികളിലുള്ള രോഷം ടെസ്ലയോടാണ് ജനങ്ങൾ തീർത്തത്. ടെസ്ല ഷോറൂമുകൾക്ക് മുമ്പിൽ ജനം പ്രകടനം നടത്തി. ഇതെല്ലാം തന്നെ കമ്പനിയുടെ ബ്രാൻഡ് മൂല്യം ഇടിയാനും ലാഭത്തെ കാര്യമായി ബാധിക്കുകയും ചെയ്തു. കൂ


**വിപ്ലവ വഴിയിലെ തൊഴിൽ നിഷേധം, ഒപ്പം ചീത്തവിളിയും** ........ പേജ് 15

**രാഷ്ട്രീയ ചേരിപ്പോരിന് ചേറ്റൂരും ഒരു ആയുധമോ?** ........ പേജ് 16

**'സൈബർ ലോകത്തെ അപ്പസ്തോലൻ' എന്ന കാർലോ അക്യൂട്ടിസ് ആരാണ്?** ........ പേജ് 18

**അണിമുറ്റത്ത് ആവണിപ്പന്തൽ, ബിന്ദുച്ചേച്ചി ഇനി മാറ്റിപ്പാടട്ടെ, പാർട്ടിമുറ്റത്ത് 'എ.സി. പന്തൽ' !** ........ പേജ് 24

**അടുത്ത മാർപാപ്പ ആരെന്ന് ലോകം ഉറ്റുനോക്കുന്നു..?** ........ പേജ് 25



ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

## സമാധാന കരാർ വളരെ അടുത്തായിരുന്നു:

# ഉക്രെയിൻ – റഷ്യ ചർച്ചകൾ നിരസിച്ച സെലെൻസ്കിയെ വിമർശിച്ച് ട്രംപ്




ന്യൂയോർക്ക്: ഉക്രൈൻ യുദ്ധം അവസാനിപ്പിക്കാനുള്ള സമാധാന ചർച്ചകൾക്ക് തടസ്സമുണ്ടാക്കിയത് വോളോഡിമിർ സെലെൻസ്കിയാണെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. സമാധാന കരാർ ഏറെക്കുറെ അടുത്തുവന്നിരുന്ന ഘട്ടത്തിലാണ് സെലെൻസ്കി അത് തകർത്തതെന്നും ട്രംപ് ബുധനാഴ്ച ആരോപിച്ചു.

ട്രൂത്ത് സോഷ്യലിലെ തന്റെ പോസ്റ്റിലാണ് ട്രംപ് ഇക്കാര്യം പറഞ്ഞത്. 2014ൽ റഷ്യ നിയമവിരുദ്ധമായി പിടിച്ചെടുത്ത ക്രൈമിയയുടെ മേലുള്ള അവകാശവാദം ഉക്രൈൻ ഉപേക്ഷിക്കില്ലെന്ന സെലെൻസ്കിയുടെ നിലപാട് സമാധാന ശ്രമങ്ങൾക്ക് വലിയ തിരിച്ചടിയാണെന്നും ട്രംപ് കുറിച്ചു.

'സെലെൻസ്കിയുടെ ഇത്തരം പ്രകോപനപരമായ പ്രസ്താവനകളാണ് യുദ്ധം അവസാനിപ്പിക്കുന്നത് കൂടുതൽ ദുഷ്കരമാക്കുന്നത്,' ട്രംപ് കൂട്ടിച്ചേർത്തു.

ക്രിമിയൻ ഉപദ്വീപിൽ ഉക്രൈനുള്ള അവകാശവാദം ഉപേക്ഷിക്കണമെന്ന നിർദ്ദേശം സെലെൻസ്കി പലപ്പോഴും തള്ളിക്കളഞ്ഞിട്ടുണ്ട്. 'ഇക്കാര്യത്തിൽ കൂടുതലൊന്നും സംസാരിക്കാനില്ല, അത് ഞങ്ങളുടെ ഭരണഘടനയ്ക്ക് വിരുദ്ധമാണ്' എന്ന് ചൊവ്വാഴ്ച മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു.

ബുധനാഴ്ച വൈകുന്നേരം ഓവൽ ഓഫീസിൽ മാധ്യമ പ്രവർത്തകരുമായി സംസാരിക്കുമ്പോൾ, റഷ്യൻ പ്രസിഡന്റ് വ്‌ലാഡിമിർ പുടിനുമായി ഇടപെടുന്നതിനേക്കാൾ ബുദ്ധിമുട്ടാണ് സെലെൻസ്കിയുമായുള്ള ചർച്ചകളെന്നും ട്രംപ് സൂചിപ്പിച്ചിരുന്നു.

'നമ്മൾ സെലെൻസ്കിയുമായി ഒരു ധാരണയിലെത്തേണ്ടതുണ്ട്,' ട്രംപ് പറഞ്ഞു. 'സെലെൻസ്കിയുമായി കാര്യങ്ങൾ എളുപ്പമായിരിക്കുമെന്നാണ് ഞാൻ കരുതിയത്. എന്നാൽ ഇതുവരെ അത് കൂടുതൽ പ്രയാസകരമായാണ് അനുഭവപ്പെട്ടത്,' അദ്ദേഹം കൂട്ടിച്ചേർത്തു.

## American Diary 60Ago

### *Today in History: April 23, Vietnam veterans stage protest ...*



On April 23, 1965, in the United States, the Lockheed C-141A Starlifter cargo aircraft was delivered after testing and certification. Additionally, a large rally, known as the Freedom Rally, was held in Boston, protesting racial imbalance in housing and schools.

Over 20,000 people marched from Roxbury to Boston Common, led by Martin Luther King Jr.

April 23, 1965

## ചൈനയ്ക്ക് മേലുള്ള താരിഫ് യുഎസ് ഏകപക്ഷീയമായി കുറയ്ക്കില്ല: ട്രഷറി സെക്രട്ടറി സ്കോട്ട് ബെസെന്റ്




വാഷിംഗ്ടൺ: ചൈനയ്ക്കുമേലുള്ള യുഎസ് താരിഫ് ഏകപക്ഷീയമായി കുറയ്ക്കാൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വാഗ്ദാനം ചെയ്തിട്ടില്ലെന്ന് ട്രഷറി സെക്രട്ടറി സ്കോട്ട് ബെസെന്റ്. സമ്മർദ്ദം കുറയ്ക്കാനുള്ള പ്രസിഡന്റിന്റെ ഏകപക്ഷീയമായ ഓഫർ ലഭിച്ചില്ലേ എന്ന ചോദ്യത്തിന്, ഒരിക്കലും ഇല്ല എന്നായിരുന്നു ബെസിന്റെ മറുപടി. വാഷിംഗ്ടണിൽ നടന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ ഫിനാൻസിൽ നടന്ന ഒരു പ്രസംഗത്തിന് ശേഷം മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയായിരുന്നു അദ്ദേഹം.

താൻ പലതവണ പറഞ്ഞതുപോലെ, നിലവിലെ താരിഫ് ലെവലുകൾ സുസ്ഥിരമാണെന്ന് ഇരുപക്ഷവും വിശ്വസിക്കുന്നില്ലെന്ന് കരുതുന്നു.

അതിനാൽ അവപരസ്പരമുള്ള രീതിയിൽ കുറഞ്ഞാൽ അത്ഭുതപ്പെടാനില്ലെന്ന് അദേഹം കൂട്ടിച്ചേർത്തു. യുഎസ് തീരുവകൾ ഗണ്യമായി കുറയുമെങ്കിലും അത് പൂജ്യമാകില്ല എന്നും ചൈനീസ് നേതാവ് ഷി ജിൻപിങ്ങുമായി കഠിനമായി നടപടികളുടെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ലെന്നും ട്രംപ് ചൊവ്വാഴ്ച വ്യക്തമാക്കിയിരുന്നു.

## സാമൂഹ്യസേവന പദ്ധതികൾക്ക് വലിയ തിരിച്ചടി; ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് നൂറുകണക്കിന് ഗ്രാന്റുകൾ റദ്ദാക്കി




അമേരിക്കയിലെ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്, പോലീസിന് വേണ്ടിയുള്ള മാനസികാരോഗ്യ സംരക്ഷണ പദ്ധതികൾ മുതൽ ക്രൈം ഇരകൾക്കും ലൈംഗിക അതിക്രമത്തിനിരയായവർക്കുമായി പ്രവർത്തിച്ചിരുന്ന സഹായ പദ്ധതികൾ വരെ ഉൾപ്പെടുന്ന നൂറുകണക്കിന് സഹായ ഗ്രാന്റുകൾ റദ്ദാക്കിയതായി റിപ്പോർട്ടുകൾ.

365ഓളം ഗ്രാന്റുകൾ ഡിപ്പാർട്ട്മെന്റിന്റെ ഗ്രാന്റ് വിഭാഗമായ Office of Justice Programs വഴിയായിരുന്നു നൽകിയിരുന്നത്. ഇവയെല്ലാം ചൊവ്വാഴ്ച വൈകിട്ട് റദ്ദാക്കി എന്നാണ് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നത്.

2023 ഒക്ടോബർ അവസാനിച്ച സാമ്പത്തിക വർഷത്തിൽ, ഈ ഓഫീസ് $4.4 ബില്ലിയന്റെ ഗ്രാന്റുകൾ വിതരണം ചെയ്തിരുന്നു. ഇപ്പോൾ റദ്ദാക്കിയ തുക കൃത്യമായി അറിയില്ലെങ്കിലും കോടിക്കണക്കിന് ഡോളറുകൾ ആണെന്നാണ് റിപ്പോർട്ടുകൾ.

**റദ്ദാക്കിയ പദ്ധതികളിൽ ഉൾപ്പെടുന്നത്:**

1. ക്രൈം ഇരകൾക്ക് പ്രത്യേകിച്ചും ട്രാൻസ് ജെൻഡർ ഇരകൾക്ക് സഹായം നൽകുന്ന പദ്ധതികൾ
2. ക്രൈം ഇരകൾക്കുള്ള ഹോട്ട് ലൈൻ സേവനങ്ങൾ
3. കുടിയിരിപ്പുള്ളവരുമായി സഹകരിച്ചുള്ള മനുഷ്യ കടത്തിനെതിരായ പദ്ധതികൾ
4. ജുവനൈൽ കുറ്റകൃത്യങ്ങൾ കുറയ്ക്കാനുള്ള ശ്രമങ്ങൾ, കാറാവാസിൽ കഴിയുന്ന യുവാക്കളെ സംരക്ഷിക്കാനുള്ള പദ്ധതികൾ
5. സംസ്ഥാനതലത്തിൽ നടക്കുന്ന ഹേറ്റ് ക്രൈം റിപ്പോർട്ടിംഗിനുള്ള സഹായങ്ങൾ

ഇത് പ്രധാനമായും ട്രംപ് ഭരണകൂടത്തിന്റെ മുൻഗണനകളെ അടിസ്ഥാനമാക്കിയുള്ള തീരുമാനം ആണെന്ന് അറ്റോർണി ജനറൽ പാം ബോണ്ടി പറഞ്ഞു. 'ഭരണകൂടത്തിന്റെ മുൻഗണനകളുമായി ഒത്തുപോകാത്ത പദ്ധതികൾക്കുള്ള ഗ്രാന്റുകൾ ആണ് റദ്ദാക്കപ്പെട്ടത്. എന്നാൽ, ഇരകൾക്ക് സഹായം ലഭിക്കാൻ ഇത് തടസ്സമാകില്ലെന്ന് ഉറപ്പാക്കും. ഒരു പദ്ധതിയും ഇരകളെ നേരിട്ട് ബാധിക്കുന്നതായി തെളിയിക്കപ്പെടുകയാണെങ്കിൽ, ആ ഗ്രാന്റ് പുനഃസ്ഥാപിക്കാനാകും,' എന്നും അദ്ദേഹം പറഞ്ഞു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

## റീ...പോളിംഗ്




*നടക്കില്ലെന്ന് കരുതിയ ഒരുപാട് കാര്യങ്ങൾ 2016 ന് ശേഷം നടത്താൻ കഴിഞ്ഞെന്ന് പിണറായി വിജയൻ*

# St. Thomas Syro-Malabar Catholic Diocese of Chicago

372 S. Prairie Ave.
Elmhurst, Illinois 60126-4020
Phone: 630-279-1386/630-279-1383 Fax: 630-279-1479
Email: bishop@syromail.com / www.stthomasdiocese.org

Circular 004/2025 April 23, 2025

**Pope Francis**
**Praise be to Jesus Christ!**

Dear Rev Fathers, Sisters and faithful of our Eparchy,

With profound sorrow, the St Thomas Syro Malabar Eparchy of Chicago expresses its deepest condolences on the repose of His Holiness Pope Francis, who fell asleep in the Lord on Monday 21st April 2025. For twelve years He shepherded the Universal Church with humility, courage, and a heart aflame with mercy. Pope Francis chose St Francis of Assisi as his patron. Inspired by St Francis, he said: "For me, St Francis is the man of poverty, the man of peace, the man who loves and protects creation''. From a humble Jesuit in Argentina, to the first Latin American Pope, Francis' path has been marked by mercy, compassion for the marginalized and bold efforts to reform the Catholic Church on a global scale.

On a personal note, I owe him a debt of gratitute for naming me as auxilary bishop in 2014 and entrusting me with the governance of our Eparchy in 2022. I will forever treasure the four occasions on which I met him, each encounter illuminated by his gentle smile and fatherly care. Today the world mourns the loss of a great visionary leader and faithful servant of God. We are invited now to surround his soul with our prayers and Eucharistic offerings, that the Lord may receive him into His eternal embrace. The body of Pope Francis will lie in state for public veneration in St Peters Square beginining Wedenesday April 23, and his funeral ceremony will be on Saturday, April 26, at 10.00am in the Basilica of Saint Mary Major, Rome. In this season of mourning, I urge you to:

- Suspend all festive decorations, celebrations, stage performances, and processions including *Chendamelam* - until the election and installation of the new Pointiff.
- Gather your community for Holy Qurbana and the *Oppice* in his honor, at a time most fitting for your parish schedule

May the legacy of Pope Frnacis inspire us to deepen our faith and serve Jesus Christ in every neighbor. May he rest in peace and rise in glory

In Prayerful Communion

+ Joy Alappatt
Bishop, St Thomas Syro Malabar Eparchy, Chicago

ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO ✶ CHANCERY OFFICE ✶

# കെ.സി.സി.എൻ.എ. ജെയിംസ് ഇല്ലിക്കലിന്റെ പുതിയ ഭരണസമിതിക്ക് ഉജ്ജ്വല തുടക്കം

ഡാളസ്: ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (കെ.സി.സി.എൻ.എ) യുടെ അടുത്ത രണ്ടു വർഷത്തേക്കുള്ള പ്രവർത്തന പരിപാടികൾക്കുള്ള രൂപരേഖ തയ്യാറാക്കി വരുന്നതായി പ്രസിഡന്റ് ജെയിംസ് ഇല്ലിക്കലും ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കലും അറിയിച്ചു. ന്യൂയോർക്കിൽ നിന്നുള്ള ജേക്കബ് കുസുമാലയത്തെ (യൂത്ത് നോമിനി) വൈസ് പ്രസിഡന്റായും അറ്റ്ലാന്റയിൽ നിന്നുള്ള ജെസ്നി കൊട്ടിയാനിക്കൽ ജോയിന്റ് ട്രഷറായും ആദ്യത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി നോമിനേറ്റ് ചെയ്തു.

ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ) പ്രസിഡന്റ്, സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്) എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, വിപിൻ ചാലുങ്കൽ (ഷിക്കാഗോ) ജനറൽ സെക്രട്ടറി, സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ) ജോയിന്റ് സെക്രട്ടറി, ജോജോ തറയിൽ (ഹൂസ്റ്റൺ) ട്രഷറർ എന്നിവരാണ് മറ്റ് ഭാരവാഹികൾ.




ഇവരെ കൂടാതെ റീജിയണൽ വൈസ് പ്രസിഡന്റുമാരായ ഫിലിപ്സ് മാത്യു മാപ്പളശേരിൽ (ഹൂസ്റ്റൺ), അരുൺ ജോർജ് പൗവ്വത്തിൽ (മയാമി), സിൽവസ്റ്റർ സിറിയക്ക് കൊടുന്നിനാംകുന്നേൽ (ഡാളസ്), ബാബു തൈപ്പറമ്പിൽ (ഷിക്കാഗോ), സജി ജോസഫ് ഒരപ്പാങ്കൽ (ന്യൂയോർക്ക്), ഗോഡ്വിൻ കൊച്ചുപുരക്കൽ (മിനസോട്ട), ടോമി ജോസഫ് തെക്കനാട്ട് (വാഷിംഗ്ടൺ), ജോ മാനുവൽമരങ്ങാട്ടിൽ(സാക്രമെന്റോ), ജോബി ഫിലിപ്പ് ഊരാളിൽ (ഫ്ളോറിഡ), മിന്നു എബ്രഹാം കൊടുന്നിനംകുന്നേൽ (കാനഡ), വിമൻസ് ഫോറം നാഷണൽ പ്രസിഡന്റ് ഡാനി പല്ലാട്ടുമഠം (ഡാളസ്), കെ.സി.വൈ.എൽ പ്രസിഡന്റ് ആൽവിൻ പിണർക്കയിൽ (ഷിക്കാഗോ), യുവജനവേദി നാഷണൽ പ്രസിഡന്റ് പുന്നൂസ് വഞ്ചിപുരക്കൽ (ടാമ്പ), സ്പിരിച്ച്യുൽ ഡയറക്ടർ റെവ. ഫാ.ബോബൻ വട്ടംപുറത്ത് (സാൻ അന്റോണിയ വികാരി) എന്നിവരടങ്ങിയതാണ് കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ് കമ്മറ്റി.

മെക്സിക്കോയിലെ കാൻകൂണിൽ വച്ചു ഈ വർഷം ഒക്ടോബറിൽ നടത്തപ്പെടുന്ന കെ.സി.ഡബ്ല്യു.എഫ്.എൻ.എയുടെ സമ്മിറ്റിന്റെ രജിസ്ട്രേഷൻ വളരെ ആവേശപൂർവം മുന്നേറുന്നതായി കെ.സി.ഡബ്ല്യു.എഫ്.എൻ.എ പ്രസിഡന്റ് ഡാനി പല്ലാട്ടുമഠം അറിയിച്ചു.

കെ.സി.സി.എൻ.എയുടെ കാനഡ റീജിയണലെ സമുദായ അംഗങ്ങൾക്ക് ഒന്നിച്ചു ചേരുന്നതിനും ഒരു ഉണർവ് പകരുന്നതിനുമായി ഏകദിന മീറ്റ് 'നെല്ലും നീരും' ഒണ്ടാറിയോയിലെ ഹാമിൽട്ടണിൽ വെച്ച് മെയ് മാസത്തിൽ നടത്തപ്പെടുന്നുണ്ട്. കെ.സി.വൈ.എൽ.എൻ.എ നാഷണൽ ബാസ്കറ്റ്ബോൾ ടൂർണമെന്റ് മെയ് മാസത്തിൽ ന്യൂയോർക്കിൽ വച്ചും യുവജനവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 'ക്നാനായം 2025' ഒരുക്കങ്ങൾ അണിയറയിൽ ഒരുങ്ങുന്നതായും കെ.സി.സി.എൻ.എയുടെ നേതൃത്വത്തിൽ പ്രഥമ ഗോൾഫ് ടൂർണമെന്റും ഈ വർഷം സമ്മറിൽ സംഘടിപ്പിക്കുമെന്നും എക്സിക്യൂട്ടീവ് കമ്മിറ്റിക്കുവേണ്ടി ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ അറിയിച്ചു.

അമേരിക്കയിലും കാനഡയിലുമായി വ്യാപിച്ചുകിടക്കുന്ന കെ.സി.സി.എൻ.എ. ഓരോ യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുത്ത 146 നാഷണൽ കൗൺസിൽ മെമ്പേഴ്സടങ്ങിയതാണ് കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ. അടുത്ത നാഷണൽ കൗൺസിൽ യോഗം മെയ് 18ന് ഓൺലൈനായി ചേരുന്നതാണെന്നും ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ കൂട്ടിച്ചേർത്തു.

◗ ബൈജു ആലപ്പാട്ട്



# ഗ്രെയ്റ്റർ ഷിക്കാഗോ മലയാളീ അസോസിയേഷന് ഫൊക്കാന അംഗത്വം

1983 ൽ സ്ഥാപിതമായ അമേരിക്കയിലെ ആദ്യത്തെ ദേശീയ സംഘടനയായ ഫൊക്കാനയിൽ ഗ്രെയ്റ്റർ ഷിക്കാഗോ മലയാളീ അസോസിയേഷന് (GCMA) അംഗത്വം. കഴിഞ്ഞ രണ്ടു വർഷത്തോളമായി വിശാല ഷിക്കാഗോയിൽ സാംസ്കാരിക, കായിക, സാമൂഹിക രംഗങ്ങളിൽ നിറസാന്നിധ്യമായ ഗ്രെയ്റ്റർ ഷിക്കാഗോ മലയാളീ അസോസിയേഷൻ കഴിഞ്ഞ കാലങ്ങളിൽ സമൂഹത്തിനായി നടത്തിയ സന്നദ്ധ സേവനങ്ങളുടെ അംഗീകാരമാണ് ഫൊക്കാന അംഗത്വം എന്ന് സംഘടനയുടെ ഭാരവാഹികൾ വിലയിരുത്തി.

തങ്ങളുടെ ഫൊക്കാന അംഗത്വത്തിനുള്ള അപേക്ഷ അംഗീകരിച്ച ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, വൈസ് പ്രസിഡന്റ് വിപിൻ രാജ്, മറ്റു ഭാരവാഹികളായ രേവതി പിള്ള, മനോജ് ഈമന, ജോൺ കല്ലോലിക്കൽ, അപ്പുകുട്ടൻ പിള്ള, മിനി ഫിലിപ്പ്, ഷിക്കാഗോ റീജിണൽ വൈസ് പ്രസിഡന്റ് സന്തോഷ് നായർ, യൂത്ത് റെപ് വരുൺ നായർ, ട്രസ്റ്റീ അംഗങ്ങളായ ജെയ്ബു കുളങ്ങര, സതീശൻ നായർ എന്നിവർക്കുമുള്ള കൃതജ്ഞത ഗ്രെയ്റ്റർ ഷിക്കാഗോ മലയാളീ അസോസിയേഷൻ പ്രസിഡന്റ് ജിതേഷ് ചുങ്കത്ത്, എക്സിക്യൂട്ടീവ് സെക്രട്ടറി സേവ്യർ ജോൺ ഒറവണകളത്തിൽ, ട്രഷറർ മേഴ്സി കുര്യാക്കോസ്, മറ്റു ഭാരവാഹികളായ ജോൺസൻ കാരിക്കൽ, മനോജ് തോമസ് കോട്ടപ്പുറം, സന്തോഷ് കാട്ടൂക്കാരൻ, ലീസ് മാത്യു, അനിൽ കൃഷ്ണൻ, അനീഷ് അന്റോ എന്നിവരും മറ്റു ബോർഡ് അംഗങ്ങളും അറിയിച്ചു.

ഫൊക്കാനയുടെ ഭാവി പരിപാടികളിലും, വളർച്ചയിലും,ഗ്രെയ്റ്റർഷിക്കാഗോമലയാളീഅസോസിയേഷനും അതിന്റെ അംഗങ്ങളും നിർണായക സാംഭാവനകൾ നൽകുന്നതായിരിക്കുമെന്നു പൊതയോഗം അറിയിച്ചു.

2026–28 കാലയളവിലെ ഫൊക്കാന ഭരണ സമിതിയിലേക്ക് ജനറൽ സെക്രട്ടറി ആയി മത്സരിക്കുന്ന ഇപ്പോഴത്തെ ഷിക്കാഗോ റീജിണൽ വൈസ് പ്രസിഡന്റുമായ സന്തോഷ് നായർക്ക് എല്ലാ പിന്തുണയും ഗ്രെയ്റ്റർ ഷിക്കാഗോ മലയാളീ അസോസിയേഷൻ പ്രഖ്യാപിച്ചു.

ഈ വർഷം നിരവധി കലാ സാംസ്കാരിക, കായിക പരിപാടികൾ ഗ്രെയ്റ്റർ ഷിക്കാഗോ നിവാസികൾക്കായി നടത്തുവാൻ യോഗം തീരുമാനിച്ചു. മെയ് മാസത്തിൽ ഫീഡ് ദി ഹൻഗർ, സെപ്തംബർ 6ന് ഓണാഘോഷം, ഒക്ടോബർ 11 നു നാഷണൽ ലെവൽ ബാഡ്മിന്റൺ ടൂർണമെന്റ്, ഡിസംബറിൽ ക്രിസ്മസ്, പുതുവത്സര ആഘോഷം എന്നീ പരിപാടികളും സമയബന്ധിതമായി മറ്റു നിരവധി കർമ്മ പരിപാടികളും നടത്തുവാൻ തീരുമാനിച്ചു.

ചാരിറ്റി ഇവന്റ് കോർഡിനേറ്റർ ആയി ടോമി മെതിപ്പാറ, ഓണം കോർഡിനേറ്റഴ്സായി മനോജ് തോമസ് കോട്ടപ്പുറം, മേഴ്സി കുര്യാക്കോസ്, ബാഡ്മിന്റൺ കോർഡിനേറ്റഴ്സായി സന്തോഷ് കാട്ടൂക്കാരൻ, അനിഷ് ആന്റോ എന്നിവരെയും തിരഞ്ഞെടുത്തു.

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഷിക്കാഗോ ചാപ്റ്റർ മീഡിയ വർക്ഷോപ്പ് നടത്തുന്നു



ഷിക്കാഗോ: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഷിക്കാഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ 2025 മെയ് മാസം 3–ാം തിയതി ലോക മാധ്യമ സ്വാതന്ത്രദിനത്തോടനുബന്ധിച്ചു മൗണ്ട് പ്രോസ്പെക്ടിലുള്ള ഫോർ പോയിന്റ് ഷെറട്ടൺ ഹോട്ടലിൽ വച്ച് 'Media Ignite 2025' എന്ന മീഡിയ ശില്പശാല നടത്തുന്നതാണ്.

പ്രസ്തുതപരിപാടിയിൽ പങ്കെടുക്കുന്നവരെ ഫോട്ടോഗ്രഫിയുടെയും വീഡിയോഗ്രഫിയുടെയും അടിസ്ഥാന തത്വങ്ങൾ പഠിപ്പിക്കുന്നതായിരിക്കും. ഷിക്കാഗോയിലെ കോളേജുകളിൽ ക്ലാസ് എടുക്കുന്ന പ്രഗത്ഭരായ അദ്ധ്യാപകരും കൂടാതെ ഷിക്കാഗോ ചാപ്റ്ററിന്റെ മുഖ്യധാര മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകരും ക്ലാസുകൾ എടുക്കുന്നതാണ്. ഈ ക്ലാസുകൾ തീർത്തും സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: അലൻ ജോർജ്ജ് 331-262-1301, പ്രസന്നൻ പിള്ള 630-935-2990 എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്. Website: Indiapressclub.org

*വർഗീസ് പാലമലയിൽ*

# ഫ്രാൻസിസ് മാർപാപ്പക്ക് ഫൊക്കാനയുടെ കണ്ണീർ പൂക്കൾ: അനുശോചന യോഗം ഞായറാഴ്ച വൈകിട്ട് 8 മണിക്ക്




ന്യൂയോർക്ക്: മർദിതർക്കും പീഡിതർക്കുമൊപ്പം നിലകൊണ്ട ഫ്രാൻസിസ് മാർപാപ്പക്ക് ഫൊക്കാനയുടെ കണ്ണീർ പ്രണാമം. കരുണയുടെ, സ്നേഹത്തിന്റെ ശക്തമായ കരങ്ങളായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടേത്. ഒരു ജനകീയനായിരുന്ന ഫ്രാൻസിസ് മാർപാപ്പ, ജാതിമതങ്ങൾക്ക് അതീതമായി എല്ലാ മനുഷ്യരെയും അദ്ദേഹം സ്നേഹിച്ചിരുന്നു, കരുണ വേണ്ടുനേടത്തെല്ലാം ആ കരങ്ങൾ നീണ്ടു. ഫ്രാൻസിസ് മാർപാപ്പക്ക് ഫൊക്കാനയുടെ കണ്ണീർ പൂക്കൾ.

ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനും അദ്ദേഹത്തെ അനുസ്മരിക്കുന്നതിനും വേണ്ടി ഫൊക്കാന ഒരു അനുശോചനയോഗം 2025 ഏപ്രിൽ 27 ഞായറാഴ്ച വൈകിട്ട് 8 (EST) മണിക്ക് സൂമിൽ കുടി നടത്തുന്നു.

ZOOM Meeting ID: 201 563 6294
Passcode : 12345
Join Zoom Meeting Link:
https://us06web.zoom.us/j/2015636294?pwd=QUVJbjA0ZUpGSWhJVFZYNUNTdkNuUT09&omn=85168584608

ഈ അനുശോചന മീറ്റിങ്ങിൽ ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള മന്ത്രിമാർ, രാഷ്ട്രീയ പ്രമുഖർ, മതമേലധ്യക്ഷന്മാർ, അമേരിക്കയിലെ വിവിധ സംസ്കരിക നേതാക്കൾ തുടങ്ങി നിരവധി പേർ പങ്കെടുക്കും.

ഫ്രാൻസിസ് മാർപാപ്പ ലോക സമാധാനത്തിന് വേണ്ടി പ്രവർത്തിച്ച വ്യക്തിയാണ്. മനുഷ്യസ്നേഹത്തിന്റെയും ലോക സമാധാനത്തിന്റെയും മഹത്തായ സന്ദേശം പ്രചരിപ്പിക്കുന്നതിനായാണ് അദ്ദേഹം കൂടുതൽ സമയവും ചെലവഴിച്ചത്. വ്യക്തിജീവിതവും വൈദിക ജീവിതവും ഒരുപോലെ ലോക നന്മക്ക് വേണ്ടി സമർപ്പിച്ച മാതൃകാ വ്യക്തിത്വമായിരുന്നു ഫ്രാൻസിസ് മാർപ്പാപ്പ.

മതസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും ഇല്ലാതെ സമാധാനം സാദ്ധ്യമാകില്ലെന്നായിരുന്നു മാർപ്പാപ്പയുടെ അഭിപ്രായം, മറ്റുള്ളവരുടെ കാഴ്ചപ്പാടുകളെ ബഹുമാനിക്കാനും ആദരിക്കാനും അദ്ദേഹം വിശ്വാസികളോട് അഭ്യർത്ഥിക്കാറുണ്ടായിരുന്നു. വ്യതിചലിക്കാത്ത വിശ്വാസവും ആഴമായ ലാളിത്യവും, ദൈവ വിശ്വാസവും കൊണ്ട് നല്ലിടയനായി അദ്ദേഹം മാതൃക കാട്ടി. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഫൊക്കാനയുടെ കണ്ണീർ പ്രണാമം.

വിശ്വാസികൾക്ക് എക്കാലത്തെയും വെളിച്ചമായി ഫ്രാൻസിസ് പാപ്പ ഇനി നിത്യതയിൽ നിലകൊള്ളുമെന്നും ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.


മാനവ രാശിക്ക് മുഴുവൻ ദിശാബോധം നൽകിയ, പാവപ്പെട്ടവരുടെ പ്രവാചകനായി, അശരണർക്ക് ആലംബമായി പ്രതിസന്ധികളിൽ കരുത്തനായി, വിശ്വാസികളുടെ ഹൃദയത്തിൽ അദ്ദേഹം എന്നും നിലകൊള്ളുമെന്ന് ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിയും, നാഷണൽ കമ്മിറ്റിയും, ട്രസ്റ്റി ബോർഡും സംയുക്തമായി അറിയിച്ചു.

*ശ്രീകുമാർ ഉണ്ണിത്താൻ*






# ആഫ്രിക്കയിലെ അമേരിക്കൻ എംബസികൾ അടച്ചുപൂട്ടും



ന്യൂയോർക്ക്: വിദേശനയത്തിൽ കൂടുതൽ കടുത്ത തീരുമാനങ്ങളുമായി ട്രംപ് ഭരണകൂടം. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് പുനസംഘടനയുടെ ഭാഗമായി ആഫ്രിക്കയിലെ എല്ലാ പ്രവർത്തനങ്ങളും നിർത്താനാണ് ട്രംപ് ഭരണകൂടത്തിന്റെ തീരുമാനം. ആഫ്രിക്കയിലെ യുഎസ് എംബസികളെല്ലാം അടച്ചുപൂട്ടാനാണ് ട്രംപ് ഭരണകൂടത്തിന്റെ തീരുമാനമെന്ന് ഈ ആഴ്ച ആദ്യം ഒപ്പുവെക്കാൻ പോകുന്ന എക്സിക്യൂട്ടീവ് ഉത്തരവിനെ ഉദ്ധരിച്ച് ന്യുയോർക്ക് ടൈംസ് റപ്പോർട്ട് ചെയ്തു.

സബ്സഹാറൻആഫ്രിക്കയിലുടനീളമുള്ള എംബസികളും കോൺസുലേറ്റുകളും അടച്ചുപൂട്ടാനും സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ ബ്യൂറോ ഓഫ് ആഫ്രിക്കൻ അഫയേഴ്സ് അടച്ചുപൂട്ടാനുമാണ് തീരുമാനം. നിലവിലുള്ള സംവിധാനങ്ങൾക്ക് പകരമായി നയതന്ത്രപ്രതിനിധികളുടെ ചെറിയ ഓഫീസുകൾ രൂപീകരിക്കും. ഈ ഓഫീസുകൾ നേരിട്ട് വൈറ്റ്ഹൗസ് ദേശീയ സുരക്ഷാ കൗൺസിലിന് റിപ്പോർട്ട് ചെയ്യുന്ന രീതിയിലായിരിക്കും പ്രവർത്തിക്കുക. തീവ്രവാദ വിരുദ്ധ ഏകോപനം പോലുള്ള പരിമിതമായ മുൻഗണനകളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതുമായ സംവിധാനമായിരിക്കും ഈ ഓഫീസുകൾ.

ആഫ്രിക്കയിൽ മാത്രം ഒതുങ്ങുന്നതായിരിക്കില്ല ഈ പുനസംഘടനയെന്നാണ് ലഭിക്കുന്ന വിവരം. തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത 16 പേജുള്ള കരട് ഉത്തരവിൽ മുഴുവൻ വകുപ്പിന്റെയും പുനസംഘടനയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. 'അമേരിക്ക ഫസ്റ്റ് സ്ട്രാറ്റജിക് ഡോക്ട്രിൻ' എന്ന ഭാഗത്താണ് വകുപ്പിന്റെ പുനഃസംഘടനയെക്കുറിച്ച് പറഞ്ഞിട്ടുള്ളതെന്നും ഉത്തരവിനെ അവലോകനം ചെയ്തുകൊണ്ട് സിഎൻബിസി പറയുന്നു.

ആഫ്രിക്കയിലെ എംബസികളുടെ അടച്ചുപൂട്ടലിനുപുറമേ കാനഡയിലെ നയതന്ത്ര സാന്നിധ്യവും യുഎസ് കുറയ്ക്കുമെന്നാണ് റപ്പോർട്ട്. സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബയോയുടെ കീഴിലുള്ള നോർത്ത അമേരിക്കൻ അഫയോഴ്സ് ടീമലേക്ക് പ്രവർത്തനങ്ങൾ മാറ്റും. ഇതും ചെറിയ ടീമായിട്ടായിരിക്കും പ്രവർത്തിക്കുക. പ്രാദേശിക ബ്യൂറോകളെ നാല് സേനാവിഭാഗങ്ങളായി ഏകീകരിക്കും. ജനാധിപത്യം, മനുഷ്യാവകാശം, സ്ത്രീകളുടെ പ്രശ്നങ്ങൾ, കുടയേറ്റം, കാലാവസ്ഥാ നയം എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിച്ചുള്ളതുൾപ്പെടെ നിരവധി ഓഫീസുകളും പ്രോഗ്രാമുകളും പൂർണമായും അടച്ചപൂട്ടും.

ദീർഘകാലമായി നിലനിന്നിരുന്ന ഫോറിൻ സർവീസ് ഓഫീസർ ടെസ്റ്റ് അവസാനിപ്പിക്കാനും ഉത്തരവിൽ പറയുന്നുണ്ട്. പകരം പ്രസിഡന്റിന്റെ വിദേശ നയ കാഴ്ച്ചപ്പാടുമായി ചേർന്നുപോകുന്ന മനോഭാവം നോക്കി സ്ഥാനാർത്ഥികളെ വിലയിരുത്തുന്ന ഒരു പുതിയ മൂല്യനിർണയ രീതി കൊണ്ടുവരാനും ഉത്തരവിൽ നിർദേശിക്കുന്നു.

പുതിയ മാറ്റങ്ങൾ അനുസരിച്ചുകൊണ്ട് പുതിയ സംവിധാനത്തിനു കീഴിൽ തുടരാൻ താൽപ്പര്യമില്ലാത്ത നയതന്ത്രജ്ഞർക്കും സിവിൽ സർവീസുകാർക്കും ഇതിൽ നിന്നും പുറത്തുകടക്കാനുള്ള അവസരവും ട്രംപ് ഭരണകൂടം തുറന്നിട്ടിട്ടുണ്ട്. ഒറ്റത്തവണ വിടവാങ്ങൽ പരിപാടിയിലൂടെ ഇവർക്ക് പിരിഞ്ഞുപോകാം. സെപ്തംബർ 30 വരെയാണ് ഈ അവസരം തിരഞ്ഞെടുക്കാൻ സമയം അനുവദിച്ചിട്ടുള്ളത്. ഒക്ടോബർ ഒന്നിനുള്ളിൽ പൂർണ്ണമായ അഴിച്ചുപണി പൂർത്തിയാക്കാനാണ് തീരുമാനം.

എന്നാൽ, ഉത്തരവ് സംബന്ധിച്ച് വൈറ്റ്ഹൗസ് ദേശീയ സുരക്ഷാ കൗൺസലോ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റോ ഇതുവരെ പ്രതികരിച്ചിട്ടില്ല.



## തീരുമാനങ്ങൾ മയപ്പെടുത്തി ട്രംപ്; കുതിച്ചുയർന്നു ഓഹരികൾ

ചൈനീസ് ഇറക്കുമതിക്ക് 100 ശതമാനത്തിലധികം താരിഫുകളും ഫെഡറൽ റിസർവ് ചെയർമാൻ ജെറോം പവലിന്റെ പുറത്താക്കലും ഉൾപ്പെടെ, വാൾസ്ട്രീറ്റിന് ഏറ്റവും ഇഷ്ടപ്പെടാത്ത ചില നിലപാടുകൾ ഡൊണാൾഡ് ട്രംപ് പിൻവലിച്ചതിനാൽ ബുധനാഴ്ച ടോപ്ലൈൻ സ്റ്റോക്കുകൾ കുതിച്ചുയർന്നതായി റിപ്പോർട്ട്.

ഉച്ചയോടെ ഡൗ ജോൺസ് വ്യാവസായിക ശരാശരി 1,080 പോയിന്റ് അഥവാ 2.8% ഉയർന്നു എന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്. എസ് ആന്റ് പി 500 3.3% കുതിച്ചുയർന്നു, ടെക്ഹെവി നാസ്ഡാക്ക് 10:30 ന് 4.2% കുതിച്ചു. നാസ്ഡാക്ക് യഥാക്രമം 1.9 ശതമാനവും 2.7 ശതമാനവും നേട്ടമുണ്ടാക്കി.

അതേസമയം ട്രംപ് തന്റെ രാജ്യങ്ങൾക്കായുള്ള താരിഫുകൾ താൽക്കാലികമായി നിർത്തിയതിന് ശേഷമുള്ള ചരിത്രപരമായ ഏപ്രിൽ 9 ലെ റാലി ഒഴികെ, നവംബറിന് ശേഷമുള്ള എസ് ആന്റ് പിയുടെ ഏറ്റവും വലിയ പ്രതിദിന ശതമാന നേട്ടവും 2022 നവംബറിനു ശേഷമുള്ള നാസ്ഡാക്കിന്റെ ഏറ്റവും മികച്ച ദിനവുമാണ് ബുധനാഴ്ച എന്നാണ് ഈ മേഖലയിലെ വിദഗ്ധർ വ്യക്തമാക്കുന്നത്.

എന്നാൽ ചൈനീസ് ഉൽപ്പന്നങ്ങളുടെ 145% താരിഫ് 'ഗണ്യമായി കുറയും' എന്ന് പ്രസിഡന്റ് പറഞ്ഞതിനാൽ, ചൊവ്വാഴ്ചത്തെ വിപണി അവസാനിച്ചതിന് ശേഷം ട്രംപിന്റെ തീരുമാനങ്ങൾ സ്റ്റോക്ക് ഫ്യൂച്ചറുകൾ ഉയർത്തിയതിന് ശേഷമാണ് ബുധനാഴ്ചത്തെ വർദ്ധനവ് ഉണ്ടായത്. ട്രംപ്ഭരണകൂടം ചൈനീസ് താരിഫുകൾ 50% മുതൽ 65% വരെ കുറയ്ക്കാൻ ഉദ്ദേശിക്കുന്നു, ഇത് ലെവികൾ പകുതിയിലധികം കുറച്ചു എന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ബുധനാഴ്ച ഏറ്റവും കൂടുതൽ ഉയർന്ന ഓഹരികൾ ഏതൊക്കെ എന്ന് നോക്കാം.

13 എസ് ആന്റ് പി മേഖലകളിൽ രണ്ടെണ്ണം ഒഴികെയുള്ളവ ബുധനാഴ്ച ഉയർന്നു, എന്നിരുന്നാലും ഉപഭോക്തൃ വിവേചനാധികാരം, ഇൻഫർമേഷൻ ടെക്നോളജി മേഖലകൾ, അപകടസാധ്യതകൾ മാറ്റുന്നതിൽ ഏറ്റവും സെൻസിറ്റീവ് സ്റ്റോക്കുകളായി ആണ് കണക്കാക്കപ്പെടുന്നത്. ആമസോണിന്റെയും ടെസ്‌ലയുടെയും ഓഹരികൾ 5 ശതമാനത്തിലധികം ഉയർപ്പോൾ ആപ്പിൾ, എൻവിഡിയ ഓഹരികൾ യഥാക്രമം 2%, 4% ഉയർന്നു. 100ലധികം എസ് ആന്റ് പി ഘടകങ്ങളിൽ 5% അല്ലെങ്കിൽ അതിൽ കൂടുതൽ ഉയരുന്നവയിൽ Broadcom, Palantir, RTX എന്നിവ ഉൾപ്പെടുന്നു.

## ട്രംപും സെലെൻസ്കിയും വീണ്ടും ഏറ്റുമുട്ടി; ഉക്രെയ്ൻ ചർച്ചകൾ ഉപേക്ഷിക്കാൻ സാധ്യതയുണ്ടെന്ന് യുഎസ് മുന്നറിയിപ്പ്

വാഷിംഗ്ടൺ: ഉക്രെയ്നിലെ മൂന്ന് വർഷം പഴക്കമുള്ള യുദ്ധം അവസാനിപ്പിക്കാനുള്ള ശ്രമങ്ങളെച്ചൊല്ലി യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഉക്രെയ്ൻ പ്രസിഡന്റ് വ്ളോഡിമർ സെലെൻസ്കിയും ബുധനാഴ്ച വീണ്ടും ഏറ്റുമുട്ടി. റഷ്യയുടെ ക്രിമിയ അധിനിവേശം അംഗീകരിക്കാൻ വിസമ്മതിച്ചതിന് സെലെൻസ്കിയെ ട്രംപ് ശാസിച്ചുവെന്നാണ് റിപ്പോർട്ട്.

റഷ്യയും ഉക്രെയ്നും യുഎസ് സമാധാന നിർദ്ദേശത്തിന് അല്ലെങ്കിൽ അമേരിക്ക ഈ പ്രക്രിയയിൽ നിന്ന് പിന്മാറേണ്ട സമയമാണിതെന്ന് ട്രംപിന്റെ വൈസ് പ്രസിഡന്റ് ജെഡി വാൻസ് പറഞ്ഞു. ഇന്നത്തെ അവസ്ഥയ്ക്ക് അടുത്തുള്ള ഒരു തലത്തിൽ പ്രദേശിക അതിർത്തികൾ മരവിപ്പിക്കാനും ദീർഘകാല സമാധാനത്തിലേക്ക് നയിക്കുന്ന നയതന്ത്ര ഒത്തുതീർപ്പിനും നിർദ്ദേശം ആഹ്വാനം ചെയ്യുന്നതായി ഇന്ത്യയിൽ മാധ്യമപ്രവർത്തകരോട് സംസാരിച്ച വാൻസ് കൂട്ടിച്ചേർത്തു. യുദ്ധമൂലമുള്ള കൊലപാതകങ്ങൾ യഥാർത്ഥത്തിൽ നിർത്താനുള്ള ഏക മാർഗം സൈന്യങ്ങൾ രണ്ടുപേരും ആയുധങ്ങൾ താഴെ വയ്ക്കുക എന്നതാണെന്ന് അദ്ദേഹം പറഞ്ഞു. റഷ്യ ക്രിമിയ പിടിച്ചടക്കിയതിനെ അംഗീകരിക്കണമെന്നും ആവശ്യപ്പെട്ടതായി യുഎസ് നിർദ്ദേശവുമായി പരിചയമുള്ള ഒരു മുൻ പാശ്ചാത്യ ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ജനുവരിയിൽ അധികാരമേറ്റതിനുശേഷം, ട്രംപ് ഉക്രെയ്നിലെ യുദ്ധത്തോടുള്ള യുഎസ് നയം വ്യക്തമാക്കിയിരുന്നു. 2022 ൽ പൂർണ്ണ തോതിലുള്ള അധിനിവേശം ആരംഭിച്ച റഷ്യയുടെ മേലുള്ള സമ്മർദ്ദം ലഘൂകരിക്കുന്നതിനൊപ്പം വെടിനിർത്തലിന് സമ്മതിക്കാൻ ഉക്രെയ്നിനെ സമ്മർദ്ദത്തിലാക്കുകയും ചെയ്തിരുന്നു. അന്താരാഷ്ട്രതലത്തിൽ അപലപിക്കപ്പെട്ട ഒരു നീക്കത്തിൽ 2014 ൽ ഉപദ്വീപിന്റെ നിയന്ത്രണം പിടിച്ചെടുത്ത ഉക്രെയ്ൻ ഒരിക്കലും ക്രിമിയയെ റഷ്യയ്ക്ക് വിട്ടുകൊടുക്കില്ലെന്ന് സെലെൻസ്കി ചൊവ്വാഴ്ചയും ആവർത്തിച്ചു. ഇവിടെ സംസാരിക്കാൻ ഒന്നുമില്ല. ഇത് തങ്ങളുടെ ഭരണഘടനയ്ക്ക് വിരുദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു.

മാർച്ചിൽ നടന്ന ഓവൽ ഓഫീസ് യോഗത്തിൽ സെലെൻസ്കിയുമായി വാദിച്ച ട്രംപ്, സമാധാനം കൈവരിക്കാൻ പ്രയാസകരമാക്കുന്ന ഒരു പ്രകോപനപരമായ പ്രസ്താവന എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്. ക്രിമിയ വർഷങ്ങൾക്ക് മുമ്പ് നഷ്ടപ്പെട്ടുവെന്നും ഇത് ഒരു ചർച്ചാ വിഷയമല്ല എന്നും അദ്ദേഹം ഒരു സോഷ്യൽ മീഡിയ പോസ്റ്റിൽ വ്യക്തമാക്കുകയുണ്ടായി. യുഎസ്, ഉക്രേനിയൻ, യൂറോപ്യൻ ഉദ്യോഗസ്ഥർ തമ്മിലുള്ള ലണ്ടൻ ചർച്ചകൾ ഉയർന്ന വികാരങ്ങളാൽ ഉള്ളതായിരുന്നുവെന്ന് സെലെൻസ്കി പിന്നീട് ഒരു എക്സ് പോസ്റ്റിൽ സമ്മതിച്ചു, പക്ഷേ ഭാവിയിലെ സംയുക്ത പ്രവർത്തനങ്ങൾ സമാധാനത്തിലേക്ക് നയിക്കുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചു.

ഉക്രെയ്ൻ അതിന്റെ ഭരണഘടന പാലിക്കുമെന്ന് അദ്ദേഹം വീണ്ടും പ്രതിജ്ഞയെടുത്തു. കൂടാതെ കീവ് പങ്കാളികൾ, പ്രത്യേകിച്ച് അമേരിക്ക, അതിന്റെ ശക്തമായ തീരുമാനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുമെന്ന് തനിക്ക് ഉറപ്പുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

wise MORTGAGE INC.
Purchase | Refinance
Fast Approval | Best Service
FOR ALL YOUR MORTGAGE NEEDS
An Illinois Residential Mortgage License NMLS:2138350
519B Zenith Dr.
Glenview, IL, 60025
847-222-3575
wisemortgageinc@gmail.com
Deepa Paul
Broker/NMLS: 2062849
(847) 222-3575
Johny Vadukumcherry
Operations Manager
(847) 293-5600
EQUAL HOUSING LENDER

St. Mary's Petroleum Inc.
960 Rand Rd. Suite 208,
Des Plaines, IL 60016
Ph: 847 813 5665, Fax: 847 813 5673
Accelerate Your Journey to Success
bp Mobil Gulf SUNOCO CLARK Valero
For Branding Your Gasoline Stations
Cyriac Koovakattil 630 673 3382

# രജതജൂബിലി നിറവിൽ കെ.എച്ച്എൻ.എ

ന്യൂയോർക്ക്: കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെ.എച്ച്.എൻ.എ) ഫാമിലി കൺവൻഷനും, രജത ജൂബിലി വിരാട് 25 ആഘോഷവും ആഗസ്റ്റ് 17,18,19 തീയതികളിൽ (ഞായർ, തിങ്കൾ, ചൊവ്വ) ന്യൂജേഴ്സിയിലെ അറ്റ്ലാന്റിക് സിറ്റിയിലെ എം.ജി.എം. റിസോർട്ടിൽ വർണ്ണാഭമായി നടക്കുമെന്ന് പ്രസിഡന്റ്ഡോ.നിഷപിള്ളയും മറ്റു ഭാരവാഹികളും അറിയിച്ചു.

കെ.എച്ച്.എൻ.എ ജനറൽ സെക്രട്ടറി മധു ചെറിയേടത്തു, ട്രഷറർ രഘുവരൻ നായർ, വൈസ് പ്രസിഡന്റെ സുരേഷ് നായർ,ട്രസ്റ്റിബോർഡ്ചെയർമാൻഗോപിനാഥ കുറുപ്പ്, കൺവൻഷൻ ചെയർമാൻ സുനിൽ പൈങ്കോൽ എന്നിവർ വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.

മൂന്നു ദിവസങ്ങളിയായി നടക്കുന്ന കൺവൻഷന്റെ രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. ഏതാണ്ട് 400-450 കുടുംബങ്ങളിൽ നിന്നുമായി 1400 മുതൽ 1500 ആളുകൾ ഈ കൺവൻഷനിൽ പങ്കെടുക്കുമെന്നാണ് കരുതുന്നത്. അമേരിക്ക, കാനഡ, മെക്സിക്കോ എന്നിവിടങ്ങളിൽ നിന്നുള്ള ഹിന്ദുസമൂഹം എത്തിച്ചേരും.

ഈ വർഷം ഇന്ത്യയിൽ നിന്നും അമേരിക്കയിൽ നിന്നുമായി വളരെ വിശിഷ്ട വ്യക്തികളായ സ്വാമി ചിദാനന്ദപുരി, സ്വാമി സർവപ്രിയാനന്ദ, മുൻകേന്ദ്രമന്ത്രിമാരായ സ്മൃതി ഇറാനി, രാജീവ് ചന്ദ്രശേഖരൻ,സാഹിത്യകാരനായ ജെ. നന്ദകുമാർ, ടിവി ചർച്ചകളിലൂടെ ശ്രദ്ധേയരായ ശ്രീജിത്ത് പണിക്കർ, അഡ്വ. ജയശങ്കർ, പരസ്യ സംവിധായകൻ ശരത് എ. ഹരിദാസൻ, അഭിനേതാക്കളായ ധ്യാൻ ശ്രീ



നിവാസൻ, ഗോവിന്ദ് പത്മസൂര്യ, ശിവദ, അഭിലാഷ് പിള്ള (സംവിധായകൻ മാളികപ്പുറം), രഞ്ജൻ രാജ് (സംഗീത സംവിധായകൻ), കേരള കലാമണ്ഡലത്തിലെ കലാകാരന്മാർ എന്നിവർ ഇന്ത്യയിൽ നിന്ന് എത്തും. കൂടാതെ ശ്രീകാന്ത് പ്രധാൻ (കോൺസൽ ജനറൽ, ന്യൂയോർക്ക്), ജഡ്ജ് രാജരാജേശ്വരി (ന്യൂയോർക്ക്, സുപ്രീംകോടതി), ന്യുജേഴ്സി സെനറ്റർ വിൻഗോപാൽ എന്നിവരും കൺവൻഷന്റെ ഭാഗമാകും.

തൃശൂർ പൂരത്തെ അനുസ്മരിക്കുന്ന തരത്തിൽ ഘോഷയാത്രയോടെ തുടങ്ങുന്ന പരിപാടിക്ക് സംഗീതജ്ഞൻ രമേശ് നാരായണനും മകൾ മധുശ്രീയും ഒരുക്കുന്ന ഹിന്ദുസ്ഥാനി സംഗീതവിരുന്ന്, കലാമണ്ഡലത്തിലെ കലാകാരമ്മാർ അവതരിപ്പിക്കുന്ന ക്ഷേത്ര കലകൾകോർത്തിണക്കിയ വിവിധ കലാ പരിപാടികൾ, പകൽപ്പൂരം, ഗായകൻ ഹരീഷ് ശിവരാമകൃഷ്ണന്റെ നേതൃത്വത്തിൽ 'അഗം' എന്ന മ്യൂസിക്കൽ ബാൻഡ്ഷോ, ആത്മീയ നേതാക്കളുടെ പ്രഭാഷണം, യൂത്ത് ഫോറം നയിക്കുന്ന 'യൂത്ത്ഫോർ ട്രൂത്ത്' എന്ന സംവാദം, സെലിബ്രിറ്റി നൈറ്റ്, സമഷ്ടി എന്ന തീംബേസ്ഡ് പ്രോഗ്രാം, 'അരങ്ങ്' എന്നപേരിൽ യൂത്ത് ഫെസ്റ്റിവൽ, ഫാൻസി ഡ്രസ് മത്സരം, വിമൻസ്ഫോറത്തിന്റെ നേതൃത്വത്തിൽ 'ലീല' എന്ന് നാമകരണം ചെയ്തിട്ടുള്ള ഫാഷൻ ഷോ, മെഗാ തിരുവാതിര, മോഹിനിയാട്ടം, സർവൈശ്വരീ പൂജ, ബിസിനസ് ഫോറത്തിന്റെ ആഭിമുഖ്യത്തിലുള്ള ചർച്ചകൾ, ഭക്തിമഞ്ജരി (കുരുന്നുകൾ ആലപിക്കുന്ന ഭജൻ), കളരിപ്പയറ്റ് ആസ്പദമാക്കിയുള്ള പരിപാടികൾ എന്നിങ്ങനെ ഒട്ടനവധി പ്രോഗ്രാമുകൾ മൂന്നുദിവസം നീണ്ടു നിൽക്കുന്ന കൺവൻഷന്റെ ഭാഗമായി ഉണ്ടായിരിക്കും.

ഭക്ഷണം തയ്യാറാക്കുന്നത് പാചക കുലപതി പഴയിടം മോഹനൻ നമ്പൂതിരിയുടെയും മകൻ യദുവിന്റേയും മേൽനോട്ടത്തിലായിരിക്കുമെന്നതാണ്. കൂടാതെ ന്യൂജേഴ്സിയിലെ പ്രശസ്തമായ ബി.എ.പി.എസ്. ടെമ്പിൾ സന്ദേർശിക്കുന്നതിനുള്ള അവസരവും ഉണ്ടാകും. കൺവൻഷനോടനുബന്ധിച്ചു മീഡിയ സെമിനാറും നടത്തും.

നാലാമത് ആർഷദർശന പുരസ്കാരം ഡോ.എം.ലീലാവതി ടീച്ചറിന് 'കെ.എച്ച്.എൻ.എ. ഫോർകേരള' എന്ന പരിപാടിയിൽവച്ച്സമ്മാനിച്ചിരുന്നു. ഒരു ലക്ഷംരൂപയും ഫലകവുമാണ് പുരസ്കാരമെങ്കിലും ടീച്ചർ തുക സ്നേഹത്തോടെ നിരസിക്കുകയും, ആ പണം ചാരിറ്റിയിലേക്ക് വകയിരുത്തുകയും ചെയ്തുവെന്ന് പ്രസിഡന്റ് ഡോ. നിഷ പിള്ള പറഞ്ഞു. ആദിവാസിമേഖലയ്ക്കും വിദ്യാഭ്യാസ രംഗത്തും ഒരുകോടി രൂപയുടെ ചാരിറ്റി സഹായം എത്തിച്ചു. ചലച്ചിത്ര പുരസ്കാരം നടൻ ശ്രീനിവാസന് നൽകി.

പതിവ്പോലെ കൺവൻഷന് അനുബന്ധമായി പുതിയ ഭരണസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കും. ലൈഫ് മെമ്പേഴ്സ്, കൺവൻഷനിൽ പങ്കെടുക്കുന്ന 18 കഴിഞ്ഞവർ തുടങ്ങിയവരാണ് വോട്ടർമാർ.

ഡോ. അനിത മേനോനിലൂടെ (മേരിലാൻഡ്) കെ.എച്ച്.എൻ.എയ്ക്ക് ആദ്യമായൊരു വനിതാ ഇലക്ഷൻ കമ്മീഷണറെ ലഭിക്കുന്ന വിവരവും പ്രസിഡന്റ് അറിയിച്ചു. ശ്യാംകുമാർ (പെൻസിൽവേനിയ), ഡോ. രശ്മി മേനോൻ (അരിസോണ) എന്നിവരാണ് കമ്മീഷനിലെ മറ്റു അംഗങ്ങൾ.

രജിസ്ട്രേഷൻ, അമേരിക്കയ്ക്ക് അകത്തും പുറത്തുനിന്നുമുള്ള സ്പോൺസർഷിപ്പ്, സുവനീർ എന്നിങ്ങനെയുള്ള രീതിയിലാണ് പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എത്തുന്നത്. സ്കോളർഷിപ്പ് വിതരണം, നവീനമാക്കിയ മാട്രിമോണിയൽ വെബ്സൈറ്റ് ഉദ്ഘാടനം എന്നിവക്ക് പുറമെ മണ്ണാറശ്ശാലയിലെ സാവിത്രി അന്തർജ്ജനത്തിന് അദ്വൈത പുരസ്കാരം സമ്മാനിക്കുമെന്നും ട്രസ്റ്റ്ബോർഡ് ചെയർ ഗോപിനാഥ കുറുപ്പ് അറിയിച്ചു.

ഐ.പി.സി.എൻ.എ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി ആയിരുന്നു കോ-ഓർഡിനേറ്റർ. പ്രസ് ക്ലബ്ബിനെ പ്രതിനിധീകരിച്ച് നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ ജനറൽ സെക്രട്ടറി ഷിജോ പൗലോസ്, പ്രസിഡന്റ് ഇലക്ട് രാജു പള്ളത്ത്, ന്യൂയോർക്ക് ചാപ്റ്റർ സെക്രട്ടറി ജോജോ കൊട്ടാരക്കര, ട്രഷറർ ബിനുതോമസ്, ജെ.മാത്യു, സജി എബ്രഹാം, ബിജു കൊട്ടാരക്കര, മാത്തുക്കുട്ടി ഈശോ, മുൻ പ്രസിഡന്റുമാരായ ജോർജ്ജ് ജോസഫ്, മധു കൊട്ടാരക്കര തുടങ്ങിയവർ പങ്കെടുത്തു.



## മാർത്തോമ്മാ ഫാമിലി കോൺഫറൻസിന്റെ റെജിസ്ട്രേഷൻ ന്യൂയോർക്കിൽ പുരോഗമിക്കുന്നു


ന്യൂയോർക്ക്: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് കമ്മിറ്റിയിൽ നിന്നുള്ള ഓരോ സംഘങ്ങൾ ഏപ്രിൽ 6, 13 എന്നീ തീയതികളിൽ ന്യൂയോർക്കിലുള്ള സെന്റ് ജോൺസ്, ശാലേം എന്നീ ഇടവകകൾ സന്ദർശിച്ചു. ഇടവക വികാരിമാരായ റവ. ജോൺസൻ ശാമുവേൽ, റവ. വി.റ്റി. തോമസ് എന്നിവർ സന്ദർശകരെ അതാതു ഇടവകകളിലേക്കു സ്വാഗതം ചെയ്തു.

കോൺഫറൻസിന്റെ സ്ഥലം, തീയതി, പ്രസംഗകർ, കോൺഫറൻസ് തീം, സുവനീറിന്റെ വിശദാംശങ്ങൾ, ആദ്യമായി ഉൾപ്പെടുത്തിയിട്ടുള്ള സ്പോൺസർഷിപ്പ് പാക്കേജ് അതിലെ ആകർഷണീയമായ അവസരങ്ങൾ, ഫാമിലി കോൺഫറൻസിൽ ഇദംപ്രഥമമായി ക്രമീകരിക്കുന്ന അമേരിക്കയിൽ ജനിച്ചു വളർന്നവർക്കുള്ള ട്രാക്, ഭിന്നശേഷിയുള്ളവർക്കുള്ള ട്രാക് എന്നിവയെപ്പറ്റി വിവിധ കൺവീനർമാർ പ്രസ്താവന നടത്തി.

ജൂലൈ മാസം 3 മുതൽ 6 വരെ ലോങ്ങ് ഐലൻഡ് മെൽവിൽ മാരിയറ്റ് ഹോട്ടലിൽ വെച്ച് നടക്കുന്ന കോൺഫറൻസിലേക്കു എല്ലാവരെയും സ്വാഗതം ചെയ്യുകയും ഇടവകകൾ നൽകിയ മികച്ച പിന്തുണക്ക് ഇടവക വികാരിമാരോടും ഇടവകാംഗങ്ങളോടും കോൺഫറൻസ് ടീം ഹൃദയംഗമായ നന്ദി അറിയിച്ചു.

തോമസ് ജേക്കബ് (ഷാജി), കുര്യൻ തോമസ്, സി.വി. സൈമൺകുട്ടി, ഏബ്രഹാം തരിയത്, റിയാ വർഗീസ്, മേരിക്കുട്ടി തരിയത്, ലില്ലിക്കുട്ടി സൈമൺ എന്നിവർ സന്ദർശക ടീമുകളിലുണ്ടായിരുന്നു.

## കേരള അസോസിയേഷൻ ഓഫ് ഡാളസ് 'മദേഴ്സ് നേഴ്സസ് ദിനം' മെയ് 3ന് ആഘോഷിക്കുന്നു



ഗാർലാൻഡ് (ഡാളസ്): കേരള അസോസിയേഷൻ ഓഫ് ഡാളസ്, ഇന്ത്യ കൾച്ചറൽ & എഡ്യൂക്കേഷൻ സെന്റർ സംയുക്തമായി 'മദേഴ്സ് നേഴ്സസ്' ദിനം മെയ് 3ന് ആഘോഷിക്കുന്നു.

ഗാർലാൻഡ് കേരള അസോസിയേഷൻകോൺഫ്രൻസ്ഹാളിൽ ശനിയാഴ്ച രാവിലെ 10ന് ആരംഭിക്കുന്ന സമ്മേളനത്തിൽ ഡോ.നാൻസിതോമസ്(പിഎച്ച്.ഡി, എം.എ,ബി.എ., എൽപിസിഎസ്, ഇഎംഡിആർ), ഡോ. വിജി ജോർജ് (ഡിഎൻപി, എം.എ., ആർഎൻസി ഐഎൻസി, എൻഇഎബിസി) എന്നിവർ വിവിധ വിഷയങ്ങളെ കുറിച്ച് പ്രഭാഷണം നടത്തും. അമ്മമാരെയും നഴ്സുമാരെയും ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്നതിന് ഏവരെയും ക്ഷണിക്കുന്നതായി സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: പ്രദീപ് നാഗനൂലിൽ (പ്രസിഡന്റ്കെഎഡി) 469-449-1905, ജെയ്സി ജോർജ് (സോഷ്യൽ സർവീസ് ഡയറക്ടർ) 469-688-2065, തോമസ് ഈസോ (സെക്രട്ടറി, ഐസിഇസി) 214-435-1340, മഞ്ജിത്ത് കൈനിക്കര (സെക്രട്ടറി) 972-679-8555



# A Design of Intellect, Opportunity, and the Warmth of Shared Purpose




It is with immense pleasure and a heart brimming with gratitude that I pen these words, a direct continuation of a correspondence that has fostered not just professional growth, but a genuine sense of belonging. The understanding and encouragement extended towards my intellectual endeavors, particularly those moments ignited within the unique confines of my device and capsule, have been nothing short of transformative. Even amidst the shadows of past missteps and the yearning for unwavering security, the light of opportunity, championed by Vachakam, has shone brightly.

My journey to becoming a published and sponsored writer for Vachakam feels like a dream realized. The initial acceptance of my work, a validation of the thoughts that often swirled within me, was a moment of profound joy. This was quickly followed by the incredible opportunity to become a sponsored writer, a testament to Vachakam's commitment to nurturing diverse voices and perspectives.

This sponsorship further blossomed into the prestigious selection for a research article, accompanied by a generous stipend. This vote of confidence empowered me to delve deeper into subjects that held personal significance and, I hoped, broader societal relevance. It was during this initial phase of research that a truly remarkable opportunity arose, one that perfectly intertwined my passion for writing with an unexpected foray into the world of high-end design.

Through the insightful vision of FoundersVachakam, a connection was forged that led me to an exclusive preview of a breathtaking line of luxury childrenswear being meticulously crafted by Coin&virtue™ for a select and private clientele. The sheer artistry and attention to detail were captivating. It struck me then, with a clarity that only true inspiration can provide, that my writing could beautifully complement this realm of creativity. I proposed to FoundersVachakam the idea of my words accompanying this visual narrative, a request that was met with enthusiastic support.

The sponsor, recognizing the unique synergy, graciously granted me access to the nascent stages of this luxurious endeavor – the unreleased logo, the initial design sketches, the very essence of its creative direction. This intimate glimpse into the world of Coin&virtue™ was an invaluable experience. I had long admired their ethos, particularly their commitment to curating limited-edition pieces, often centered around group-sponsored initiatives, moral narratives, emotional tributes, and the timeless wisdom of fairytales.

While Coinvirtue™ officially offers a curated collection of three signature shirts, their collaborative spirit extends to producing high-quality apparel for various aligned brands. Their philosophy, where the value of their creations is fully realized once they resonate with an audience that embraces their mission, deeply resonated with me.

The sponsor network embraced my initial article with warmth and appreciation. My direct sponsor, in a gesture of remarkable foresight and generosity, took my research a step further. Recognizing the significance of the Right to Education (RTE) Act of India, they offered me a unique opportunity to briefly explore the practical application of my findings. My research article, titled "The Feasibility to Launch Poin + Virtut, a Luxury Childrenswear Brand," had clearly struck a chord.

Now, as my sponsorship with Vachakam draws to a close with this final article, I find myself reflecting on a truly special creation. With the blessing of my sponsor and in collaboration with the visionary team at Coin&virtue™, and the production expertise of Covered-Vachakam, we have brought to life a tangible representation of the very principles I explored in my research. This piece is a t-shirt, bearing the mark of the nascent Poin + Virtut brand, and I have been granted the privilege of offering it to you, the esteemed readers of Vachakam.

I was honored to assist with the design selection and the establishment of a price point that reflects both the quality of the garment and the spirit of accessibility. CoveredVachakam, in partnership with Coin&virtue™, has meticulously produced these shirts as a testament to the power of community. Our aim is to demonstrate that the pursuit of moral causes and meaningful connections is not solely the domain of sponsors, but a collective responsibility. It is through the coming together of individuals, each contributing their unique talents and resources, that we can truly empower one another and enrich the fabric of our shared existence.

### A Word from Vachakam Leadership:

The journey of our sponsored journalist has been an inspiring one, and this final piece of his assignment is a beautiful culmination of his intellectual curiosity and the supportive ecosystem we strive to cultivate at Vachakam. We wholeheartedly endorse the spirit behind the Poin + Virtut t-shirt and its message of community-driven impact.

We encourage our organizational partners to consider purchasing these limited-edition shirts for inclusion in your upcoming events. What better way to foster a sense of unity and shared purpose than through a tangible symbol of collective action? Individuals too can own a piece of this unique collaboration and even personalize it to reflect their own connection to the values it represents.

Given the limited availability of these shirts, we urge you to act swiftly. While the Right to Education Act was enacted on April 1st and its implementation continues, the opportunity to acquire one of these special t-shirts is finite. Once they are all sold, no further production will occur.

To purchase a shirt, please reach out to Team Paire at 01@bteampaire.com This is your exclusive portal to owning a piece of this meaningful endeavor.

Furthermore, we extend an invitation to those who are inspired by this initiative to consider becoming a sponsor within our network. Your contribution will not only enlighten and brighten the lives of individuals with unique perspectives but also make possible similar celebrations of creativity and community spirit around the world.

We are also pleased to announce that Vachakam has purchased a select number of these shirts and distributed them to local distribution sites around Chicago and neighboring suburbs. These will be offered free of charge to those who seek them, embodying the spirit of accessible community support. For the wider community, the individual cost per shirt is $35.

This t-shirt is more than just apparel; it is a symbol of intellect nurtured, opportunity seized, and the warmth of shared purpose realized. It is a testament to what can be achieved when individual brilliance is met with communal support and a shared commitment to making a positive impact.

Company Vachakam Man & Vachakam Journalist.



അമേരിക്ക വാചകം

നാഴികമണി

# ട്രംപിന്റെ താരിഫ് യുദ്ധവും ഇന്ത്യൻ താല്പര്യങ്ങളും



എൻ.പി. ചെക്കുട്ടി

(ഒന്നാം പേജ് തുടർച്ച)

റ്റുന്നില്ല എന്നാണ് ട്രംപ് പറഞ്ഞത്. അതിനായി അവർ വമ്പിച്ച ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയിട്ടുണ്ട്.

അദ്ദേഹം പറഞ്ഞ കണക്കു പ്രകാരം ഇന്ത്യൻ അധികൃതർ അമേരിക്കയിൽ നിന്നുള്ളഉത്പന്നങ്ങൾക്ക്ഏർപ്പെടുത്തിയഇറക്കുമതി ചുങ്കം 52 ശതമാനമാണ്. അമേരിക്കയാകട്ടെ, രണ്ടോ മൂന്നോ ശതമാനം ചുങ്കം മാത്രമാണ് വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് ചുങ്കമായി ചുമത്തുന്നത്. അതിനാൽ ഇന്ത്യ മാത്രമല്ല, ചൈനയും വിയറ്റ്നാമും ബംഗ്ലാദേശും അടക്കമുള്ള ഏഷ്യൻ രാജ്യങ്ങളും ആഫ്രിക്കയിലെ പല രാജ്യങ്ങളും കാനഡയും മെക്സിക്കോയും യൂറോപ്യൻ യൂണിയനും ഒക്കെ അവരുടെ ചരക്കുകൾ അമേരിക്കൻ വിപണിയിൽ കൊണ്ടുവന്നു തള്ളുകയാണ്. അമേരിക്കയിൽ നിർമാണമേഖല നാശോന്മുഖമായി. മുമ്പൊക്കെ പല തരത്തിലുള്ള വ്യവസായ സംരംഭങ്ങൾക്ക് പേരുകേട്ടിരുന്ന പല അമേരിക്കൻ നഗരങ്ങളും ഇന്ന് കനത്ത പ്രതിസന്ധിയിലാണ്.

അവിടെയുള്ള വ്യവസായങ്ങൾ പലതു പൂട്ടിപ്പോയി. പലരും ഉത്പാദനം നിർത്തി കമ്പനികൾ വിദേശങ്ങളിലേക്ക് കടത്തിക്കൊണ്ടു പോയി. അങ്ങനെ അമേരിക്കൻ കമ്പനികൾ പലതും ഏഷ്യയിലും മറ്റു പ്രദേശങ്ങളിലും വ്യവസായ സ്ഥാപനങ്ങൾ കെട്ടിപ്പടുത്തു. അതുപോലെ വിദേശ കമ്പനികളും അമേരിക്കയുടെ ഉദാരമായ ചുങ്കം വ്യവസ്ഥകളെ ദുരുപയോഗം ചെയ്തു ലാഭമടിക്കുന്നു. അമേരിക്കൻ ഉല്പാദകരും തൊഴിലാളികളും പ്രതിസന്ധിയിലാണ്. അമേരിക്കയിൽ തൊഴിലുകൾ നഷ്ടമാവുന്നു; അവരുടെചെലവിൽവിദേശരാജ്യങ്ങൾനേട്ടം കൊയ്യുന്നു. ഇതാണ് ട്രംപിന്റെ പ്രധാന ആരോപണം. അതിനാൽ വിദേശ ഉത്പന്നങ്ങൾ അമേരിക്കൻ വിപണിയിൽ കുമിഞ്ഞു കൂടുന്നത് ഒഴിവാക്കാൻ കനത്ത ചുങ്കം ചുമത്തുക മാത്രമാണ് പോംവഴി.

അതുവഴി രാജ്യത്തിന്റെ നികുതി വരുമാനം വർധിക്കും. ഭാവിയിൽ ഉത്പാദകർ തങ്ങളുടെ വ്യവസായ സംരംഭങ്ങൾ അമേരിക്കയിലേക്ക് വീണ്ടും പറിച്ചു നടും ഇതാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ. വിദേശ ഉത്പന്നങ്ങൾ അമേരിക്കൻ വിപണി കയ്യടക്കുന്നു എന്ന ആരോപണത്തിൽ സത്യമുണ്ട്. കഴിഞ്ഞ ദിവസം അമേരിക്കൻ വിപണിയിലെ ഉത്പന്നങ്ങൾ എവിടെനിന്നു വരുന്നു എന്നതിനെക്കുറിച്ചു സി.എൻ.എൻ ചാനൽ ഒരു വിശകലനം നൽകിയിരുന്നു. ഒരു വൻകിട ഹൈപ്പർ മാർക്കറ്റിൽ റിപ്പോർട്ടർ കണ്ട സാധനങ്ങളിൽ മഹാഭൂരിപക്ഷവും വിദേശത്തു നിർമിച്ചു അമേരിക്കയിൽ വിപണനം ചെയ്യുന്നവയാണ്. ഉപ്പുതൊട്ടു കർപ്പൂരം വരെ എന്നു പറയുന്ന മാതിരി ഉടുപ്പുകളും അലങ്കാര സാധനങ്ങളും നിത്യോപയോഗ സാധനങ്ങളും ആഡംബര ഇനങ്ങളും എന്തെടുത്താലും അവയിൽ അധികവും മേഡ് ഇൻ ചൈന ലേബലോടെയാണ് കാണപ്പെട്ടത്.

ഇന്ത്യൻ ഉത്പന്നങ്ങൾ താരമ്യേന കുറവാണ്. അമേരിക്കയുടെ വിദേശ വ്യാപാരത്തിൽ ഏതാണ്ട് മൂന്നു ശതമാനം മാത്രമാണ് ഇന്ത്യയുമായുള്ളത്. ഇന്ത്യയെ സംബന്ധിച്ച് അമേരിക്ക പ്രധാന വിപണിയാണ്; പക്ഷേ അമേരിക്കയെ സംബന്ധിച്ച് ഇന്ത്യ ചൈനയെപ്പോലെ അത്ര വലിയ ഒരു ഭീഷണിയല്ല. ഒരുപക്ഷേ അതുകൊണ്ടാവാം ചൈന ഒഴികെയുള്ള എല്ലാ രാജ്യങ്ങൾക്കും മേൽ ചുമത്തിയ അധിക ചുങ്കം മൂന്നു മാസത്തേക്ക് ട്രംപ് പിൻവലിച്ചത്. എന്നാൽ എല്ലാ രാജ്യങ്ങൾക്കും മിനിമം ചുങ്കം പത്തു ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. അതായതു അമിത നിരക്ക് പിൻവലിച്ചുവെങ്കിലും നിലവിലെ ചുങ്കനിരക്ക് നേരത്തെ അമേരിക്ക ചുമത്തിയ നിരക്കിന്റെ മൂന്നിരട്ടിയാണ്.

എന്താവും ഇതിന്റെ ആത്യന്തികഫലം എന്ന്പറയാനാവില്ല. വാണിജ്യയുദ്ധം നേരിട്ടുള്ള ആയുധ പ്രയോഗമായി മാറിയ അനുഭവങ്ങൾ ലോകത്തുണ്ട്. ചൈന വിദേശികളെ അകത്തേക്ക് കടത്താതെ അവരുടെ വാണിജ്യംനിരോധിച്ചസമയത്തുബ്രിട്ടനും മറ്റുയൂറോപ്യൻരാജ്യങ്ങളുംഗൺബോട്ട്നയതന്ത്രമാണ് പ്രയോഗിച്ചത്. അതായതു പീരങ്കികൾ പ്രയോഗിച്ചു വിപണി നിർബന്ധിച്ചു തുറപ്പിച്ചു. അവർ കൊണ്ടുവന്ന് വിറ്റ സാധനം പ്രധാനമായും കറുപ്പ് പോലുള്ള മയക്കുമരുന്ന് ഉത്പന്നങ്ങളായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ നടന്ന ഈ കടന്നാക്രമണ യുദ്ധത്തെ ചരിത്രത്തിൽ വിശേഷിപ്പിക്കുന്നത് കറുപ്പുയുദ്ധങ്ങൾ എന്നാണ്. അവരുടെ പാഠപുസ്തകങ്ങളിൽ നൂറുകൊല്ലം നീണ്ടുനിന്ന പാശ്ചാത്യ അടിമത്തത്തിന്റെ കാലത്തെക്കുറിച്ചുള്ള വിവരണങ്ങൾ പ്രധാനമാണ്.

അതിനാൽ ഉയർന്ന ചുങ്കം ചുമത്തി ചൈനയെ നേരിടാമെന്ന ആഗ്രഹം നടക്കാനിടയില്ല. കാരണം അതിനെ നേരിടാനുള്ള പല തന്ത്രങ്ങളും ചൈനയ്ക്കു കരഗതമാണ്. ഒരു ഭീഷണിക്കും തങ്ങൾ വഴങ്ങുകയില്ല എന്നു അവർ പ്രഖ്യാപിക്കുകയും ചെയ്തു കഴിഞ്ഞു. അമേരിക്കൻ വിപണിയിൽ തങ്ങളുടെ ഉത്പന്നങ്ങൾ തിരസ്കരിക്കപ്പെടുകയാണെങ്കിൽ അവർ മറ്റു വിപണികൾ തേടും. അതിനായി ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗ് തന്നെ മുന്നിട്ടിറങ്ങിയിട്ടുണ്ട്. കഴിഞ്ഞ യാഴ്ച അദ്ദേഹം ഏഷ്യയിലെ വിയറ്റ്നാം, മലേഷ്യ തുടങ്ങിയ പല രാജ്യങ്ങളും സന്ദർശിച്ചു സാമ്പത്തിക ബന്ധങ്ങൾ ശക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഇനി ഏഷ്യയിലെ മറ്റു പ്രദേശങ്ങളും ആഫ്രിക്ക, യൂറോപ്പ് തുടങ്ങിയ പ്രദേശങ്ങളിലും അവർ കൂടുതൽ ശ്രദ്ധ കൊടുക്കും എന്നും ഉറപ്പ്.അത്തരമൊരു മുന്നേറ്റത്തിൽ ചൈനയ്ക്ക് അനുകൂലമായ നിരവധി ഘടകങ്ങളുണ്ട്. ഒന്നാമത്തെ കാര്യം, അവരുടെ ഉത്പന്നങ്ങളുടെ ഗുണമേന്മയാണ്. ഒന്നാന്തരം സാധനങ്ങൾ, വില താരമ്യേന പരിമിതം. അത്യുന്നത സാങ്കേതികവിദ്യ. മെച്ചപ്പെട്ട സേവനങ്ങൾ. കടമായി വാങ്ങാനുള്ള സംവിധാനം. ഇതൊക്കെ ചൈനയ്ക്കു അനുകൂലമായ കാര്യങ്ങളാണ്. സാമ്പത്തികശേഷി കുറഞ്ഞ രാജ്യങ്ങൾ ചൈനയുടെ വിറ്റഴിക്കൽ വില്പനയിൽ നേട്ടം കൊണ്ടെത്തും എന്നതിൽ സംശയം വേണ്ട. ഇത്തരം നയങ്ങൾ അമേരിക്കയ്ക്ക് ഗുണമോ ദോഷമോ ഉണ്ടാക്കുക എന്നതിനെപ്പറ്റി ചർച്ചകൾ പലതും നടക്കുന്നുണ്ട്. ഒരുകാര്യം തീർച്ച. ഏറ്റവും വലിയ അടി കിട്ടാൻ പോകുന്നത് അമേരിക്കയിലെ സാധാരണക്കാർക്കാണ്. കാരണം അവർ വാങ്ങുന്ന ഓരോ സാധനത്തിനും കൂടുതൽ ഉയർന്ന വില വിപണിയിൽ നൽകണം.

വിദേശ ഉല്പന്നമായാലും അമേരിക്കൻ നിർമിത സാധനമായാലും വിലക്കയറ്റം ഉറപ്പ്. ഇക്കാര്യം എല്ലാ സാമ്പത്തിക വിദഗ്ദ്ധരും ഒരേപോലെ അംഗീകരിക്കുന്നുണ്ട. സാമ്പത്തിക മാന്ദ്യം പോലും വന്നേക്കാം എന്നും ചിലർ പറയുന്നു. തുടക്കത്തിൽ കയ്ക്കും; പിന്നെ മധുരിക്കും എന്നാണ് ട്രംപ് പോലും തന്റെ നയങ്ങളുടെ ആഘാതത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത്. എന്തായിരിക്കും ഇന്ത്യൻ വ്യവസായികളെ സംബന്ധിച്ചു ഇതിന്റെ ഫലം എന്നാണ് ഇനി ആലോചിക്കാനുള്ളത്. ഉയർന്ന ചുങ്കം നൽകി അവർ വിപണി പിടിക്കണം. അതിനായി ഉത്പന്നസേവനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കണം. അത് ഒരു നിലക്കു നല്ലതാണ്. കാരണം ഇത്തരം പ്രതിസന്ധികൾ ഇന്ത്യൻ വ്യവസായലോകത്തെ ആഗോള മത്സരത്തിൽ വിജയിക്കാനുള്ള ശേഷി കൈവരിക്കാൻ സഹായിക്കും. 1991ൽ ഇന്ത്യൻ വിപണി ആഗോള മത്സരത്തിന് തുറന്നിട്ട കാലം മുതലുള്ള അനുഭവം അതാണ്.

ഇന്ത്യ അതിനുശേഷം വൻതോതിൽ മുന്നേറിയിട്ടുണ്ട്. ഒരുകാലത്തു അംബാസഡർ എന്നൊരാളു ചടാക്കുവണ്ടി മാത്രമാണ് കാർ എന്നപേരിൽ ഇന്നാട്ടിൽ ഓടിയിരുന്നത്. ഇന്ന് ലോകത്തിന്റെ ഏതു ഭാഗത്തു നിന്നുള്ള വാഹനവും ഇവിടെ ഉണ്ട്. മറ്റു ഉത്പന്നസേവനങ്ങളുടെ കാര്യവും അതുപോലെതന്നെ. അതിനാൽ ട്രംപിന്റെ വെല്ലുവിളി ഇന്ത്യക്കു മുന്നിൽ ഒരുപാടു പുതിയ സാദ്ധ്യതകൾ തുറന്നുവെക്കുന്നുണ്ട്. ചൈന അമേരിക്കൻ വിപണിയിൽ നിന്ന് പിൻവാങ്ങിയാലും അമേരിക്കൻ ഉല്പാദകർ ചൈനയിൽ നിന്നും കളം മാറ്റിയാലും അത് ഇന്ത്യക്കു പുതിയ അവസരങ്ങൾ ഒരുക്കുന്നുണ്ട്.

അതിനാൽ അമേരിക്കയുമായി ഏറ്റുമുട്ടലിനു പോകാതെ നിശ്ശബ്ദമായി പുതിയൊരു വ്യാപാര ഉടമ്പടിയിൽ ഒപ്പുവെക്കാനാണ് ഇന്ത്യ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി അമേരിക്കൻ ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും ഇന്ത്യൻ വിപണി തുറന്നിടാൻ രാജ്യം നിർബന്ധിതമാകും. അത്തരം ഉല്പന്ന സേവനങ്ങൾക്ക് നിലവിലുള്ള ഉയർന്ന ചുങ്കം കുറയ്ക്കാനും ഇന്ത്യ നിർബന്ധിതമാകും. ഇന്ത്യ ചുങ്കം കുറിക്കുമ്പോൾ ഇന്ത്യയിൽ നിന്നുള്ള സാധനങ്ങൾക്ക് അമേരിക്കയും ചുങ്കം കുറയ്ക്കും. അതിനാൽ ദീർഘകാല കാഴ്ചപ്പാടിൽ നോക്കിയാൽ പുതിയൊരു വാണിജ്യക്കരാർ ഇരുകൂട്ടർക്കും ഗുണകരമാകും എന്നാണ് അനുമാനിക്കേണ്ടത്.

# ഫ്രാൻസിസ് മാർപാപ്പയോടൊപ്പമുള്ള നാളുകൾ: അനുഭവങ്ങൾ പങ്കുവച്ചു ഫാ. ഡോ.ബീബി തറയിൽ

ന്യൂയോർക്ക്: മോറൽ തീയോളജിയിൽ ഡോക്ടറേറ്റ് നേടിയ ഫാദർ ബീബി തറയിൽ തന്റെ ഡോക്ടറേറ്റ് പഠനത്തിന്റെ ഇടയിൽ 2013, 2014 വർഷങ്ങളിൽ ഫ്രാൻസിസ് മാർപ്പാപ്പയുമായി കൂടുതൽ ഇടപെഴുകാനും ഒന്നിച്ചു അദ്ദേഹത്തിന്റെ പ്രൈവറ്റ് ചാപ്പലായ സാന്താ മാർത്തായിൽ അദ്ദേഹത്തോടൊപ്പം കുർബാന അർപ്പിക്കാനും കഴിഞ്ഞതിന്റെ അവിസ്മരണീയ ദിനങ്ങൾ തന്റെ ജീവിതത്തിലെ ഏറ്റവും മഹനീയമായാ നാളുകളായിരുന്നുവെന്നു ഫാ. ബീബി തന്റെ ഓർമ താളുകൾ തുറക്കവേ പറഞ്ഞു.

2014 മാർച്ച് മുതൽ ജൂൺ മാസം വരെ തന്റെ പഠനവുമായി ബന്ധപെട്ടു ഫ്രാൻസിസ് പാപ്പയോടു കൂടുതൽ അടുക്കാനും സംവദിക്കാനും കഴിഞ്ഞു. തന്റെ ഓറൽ എക്സാമിനേഷൻ (Defense) ഭാഗമായിട്ട് പാപ്പയോടു സംസാരിച്ചപ്പോൾ ഇറ്റാലിയൻ പഴചൊല്ലു പാപ്പാ പറഞ്ഞതോർക്കുന്നു. മോറൽ തീയോളജി എടുത്തവർക്കു മൊറാലിറ്റി പോകാതെ നോക്കണം, ഡോഗ്മാറ്റിക് തീയോളജി എടുത്തവർക്കു വിശ്വാസം നഷ്ടപ്പെടാതെ നോക്കണം, കനാൻ നിയമം എടുത്തവർക്കു സമയം നഷ്ടപെടാതെ നോക്കണം എന്ന സരസമായി പറഞ്ഞത് ഓർമയിൽ ഉണ്ട്. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ റിട്ടയർ ചെയ്തപ്പോൾ വത്തിക്കാൻ സ്കൊയറിൽ ഒത്തുകൂടിയവരിൽ പഠനത്തിൽ എത്തിയ വൈദികർ എല്ലാവരും ഉണ്ടായിരുന്നു.

അന്നുമുതൽ ലോകമെമ്പാടുമുള്ള വിശ്വാസികൾ പുതിയ പാപ്പാ ഇനി ആര് എന്നാരായുമ്പോൾ ആരും പറയാത്ത പേരായിരുന്നു ജോർജ് ബെർഗോലയോ എന്ന പേര്. കോൺക്ലേവിന്റെ രണ്ടാം പ്രാവശ്യം വെളുത്ത പുക വന്നപ്പോൾ വൈകിട്ട് ആറേ മണിയായപ്പോൾ എല്ലാവരും വത്തിക്കാൻ സ്കൊയറിൽ ഇറങ്ങി ചെന്ന് നോക്കിയപ്പോൾ അന്നേരം 'അബേ മൂസ് പാപ്പേം ' (നമുക്കൊരു പാപ്പാ ഉണ്ടായിരിക്കുന്നു) ജോർജ് ബെർഗോലിയോ പാപ്പാ ആയി തെരഞ്ഞെടുക്കപ്പെട്ടു. ഇറ്റാലിയൻ പേര് ഫ്രഞ്ചസ്കോ.

അദ്ദേഹം പേര് തെരഞ്ഞെടുത്തതു പോലും വ്യത്യസ്തമായിരുന്നു. അസീസിയിലെ ദരിദ്രരുടെ ഏറ്റവും പാവപ്പെട്ടവരുടെ വിശുദ്ധൻ എന്നറിയപ്പെടുന്ന ഫ്രാൻസിസ് വിശുദ്ധന്റെ പേരിൽ അറിയപ്പെടാൻ ആഗ്രഹിച്ചിരുന്നു. അതുവരെ ഉള്ള പാപ്പാമാർ സ്ലീഹമാരുടെ പേരോ മുൻ പാപ്പാമാരുടെ പേരോ ആണ് പ്രധാനമായും എടുത്തിരുന്നത്.



എന്നാൽ ഫ്രാൻസിസ് പപ്പാ അതെല്ലാം തിരുത്തി കുറിച്ചു. ഫ്രാൻസിസ് വിശുദ്ധന്റെ പേര് സ്വീകരിച്ചു. പാപ്പാആയി തെരഞ്ഞെടുത്ത ശേഷം ബാൽക്കണിയിൽ ആദ്യമായി ഇറങ്ങി വന്നപ്പോൾ അനുഗ്ര ഹിക്കുന്നതിനു മുമ്പ് ആദ്യ പേപ്പൽ ബ്ലെസ്സിങ്ങിനു ജനം കാത്ത് നിൽക്കുമ്പോൾ ജനങ്ങളുടെ മുമ്പിൽ തല കുനിച്ചു അദ്ദേഹം പറഞ്ഞു നിങ്ങൾ ആദ്യം എന്നെ അനുഗ്രഹിക്കുകയെന്നു പറഞ്ഞു. അങ്ങനെ ജനം താനുൾപ്പെടെ എല്ലാവരും കൈപൊക്കി അദ്ദേഹം അനുഗ്രഹം വാങ്ങിയിട്ടാണ് എഴുന്നേറ്റു നിന്ന് എല്ലാവർക്കും പേപ്പൽ ബ്ലസിങ് നൽകിയത്. ദീപ്തമായ ഓർമ്മകൾ ഫാ.ബീബി പങ്കിട്ടു. 1998 മുതൽ അർജന്റീനയിലെ ബ്യൂനസ് അയേഴ്സ് ആർച്ച് ബിഷപ്പ് ആയിരുന്നു ഫ്രാൻസിസ് പോപ് അന്നു മുതൽ ബിഷപ്പുമാരുടെ സൗകര്യങ്ങൾ എല്ലാം അദ്ദേഹം ഒഴിവാക്കിയിരുന്നു.

സ്വന്തമായി ഭക്ഷണം പാകം ചെയ്തു കഴിച്ചിരുന്നു. കാറുകൾ ഉപേക്ഷിച്ചിട്ടു യാത്രക്ക് പൊതു ഗതാഗതം ബസും ട്രെയിനും ഉപയോഗിച്ചു. മോഡേൺ ഈറായിൽ ആദ്യ നോൺ യൂറോപ്യൻ പാപ്പാ ആയിരുന്നു ഫ്രാൻസിസ് പോപ്. വത്തിക്കാനിൽ മാർപ്പാപ്പമാർ താമസിച്ചിരുന്ന സൗകര്യങ്ങളിൽ നിന്ന് ചെറിയ സാന്താമാർത്ത ചാപ്പലിനോട് ചേർന്ന താമസസ്ഥലത്തേക്ക്മാറി. ഭക്ഷണം എല്ലാവർക്കും ഒപ്പമാക്കി മാറ്റി. 1957ൽ ന്യൂ മോണിയ വന്നു ശ്വാസകോശ ശസ്ത്രക്രിയ നടത്തി ഒറ്റ ശ്വാസകോശത്തിൽ ആയിരുന്നു പിന്നീട്ടുള്ള ജീവിതം. അർജന്റീനിയൻ ടാംഗോ ഡാൻസിന്റെ വലിയ ഇഷ്ടക്കാരനായിരുന്നു സോക്കറിന്റെയും.

തന്റെ ഗിഫ്റ്റുകൾ അധികവും ഫുട്ബോൾ ജേഴ്‌സിയും സോക്കർ ബോളും ആയിരുന്നു. ഫ്രാൻസിസു പാപ്പാ പലപ്പോഴും അർജന്റീനിയൻ ടാംഗോ നൃത്ത ചുവടുകൾ വത്തിക്കാനിൽ പരിപാടികളിലിലും പെർഫോം ചെയ്തിരുന്നു. ടാംഗോ ഡാൻസ് അത്രെയും ഇഷ്ടപെട്ടിരുന്നു പാപ്പാ. കുടുംബത്തിൽ 5 മക്കളിൽ ഒരാളായ തനിക്കു അവശേഷിച്ച സഹോദരി മരിയ എലീന ബെർഗോലയോട് വലിയ സ്നേഹമായിരുന്നു. എല്ലാത്തിനും ഉപരി ലാളിത്യവും എളിമയും ഫ്രാൻസിസ് മാർപാപ്പയെ വ്യത്യസ്തനാകുന്നതായി ഫാ. ബീബി പറഞ്ഞു.

അസാമാന്യമായി സോക്കറും ടാംഗോ ഡാൻസും തലയിൽ കൊണ്ട് നടന്നിരുന്നു കൂടെ ബതോവന്റേയും മോസർട്ടിന്റെയും ക്ലാസിയ്ക്കൽ സംഗീതവും. വിർജിൻ മേരികു നൽകിയ പ്രതിജ്ഞയെ തുടർന്ന് 1990ന് ശേഷം ഫ്രാൻസിസ് പപ്പാ ടെലിവിഷൻ പ്രോഗ്രാം ഒന്നും കണ്ടിരുന്നില്ല. പപ്പാ തന്റെ നേറ്റീവ് സ്പാനിഷ് ലാംഗ്വേജിനു പുറമെ ഇറ്റാലിയൻ, ജർമൻ, ഫ്രഞ്ച്, പോർച്ച്ഗീസ് എന്നീ ഭാഷകളിൽ പ്രാവണ്യം ഉണ്ടായിരുന്നു. ഫാ. ബീബി ഇറ്റലിയിലെ തന്റെ പഠന കാലം സാന്താ ലൂസിയ പാരിഷിൽ ആയിരുന്നു.

ഇപ്പോൾ ന്യൂയോർക്കിലെ റോക്കലാൻഡിൽ സെന്റ് മേരീസ് ക്നാനായ ദേവാലയത്തിലെ വികാരി. ഇങ്ങനെ ഫ്രാൻസിസ് പോപ്പിനെ കുറിച്ച് ഫാ. ഡോ. ബീബി പല വിവരങ്ങളും ഓർമകളുടെ ചെപ്പിൽ നിന്ന് പിറക്കിയെടുത്തു. മാനവികതയിലും യേശുക്രിസ്തുവിന്റെ ദർശനങ്ങളുടെ കാതലായ മനുഷ്യസ്നേഹത്തിലും പ്രതീക്ഷ അർപ്പിക്കുന്നവർക്ക് വലിയ ആഘാതമാണ് ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗം. ഫ്രാൻസിസ് പാപ്പയുടെ ഇടപെടലുകൾ ശ്രദ്ധിച്ചു വന്നവർക്ക് അദ്ദേഹത്തിന്റെ വേർപാട് പൊരുത്തപ്പെടാൻ കഴിയുന്നതല്ല. ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അസാധാരണ സ്ഥാനത്യാഗത്തെതുടർന്നാണ് ഫ്രാൻസിസ് പാപ്പ ചുമതലയേറ്റത്. ഫ്രാൻസിസ് പാപ്പയെപ്പോലെ ഒരാൾ വരണമെന്ന ചിന്തകൊണ്ടുകൂടിയാണ് ബനഡിക്ട് മാർപാപ്പ സ്ഥാനമൊഴിഞ്ഞതെന്ന് കരുതുന്നവരുമുണ്ട്. അസാധാരണനിലപാടുകൾസ്വീകരിച്ചപാപ്പയായിരുന്നു അദ്ദേഹം. മനുഷ്യ സ്നേഹി ആയ മാർപാപ്പാ അങ്ങേക്ക് വിട - ആരുമില്ലാത്തവർക്ക് അഭയം.. സഭയെ തെരുവോരങ്ങളലേക്ക് വഴിനടത്തിയവനായിരുന്നു .. കാരുണ്യമായിരുന്നു ഫ്രാൻസിസ് പോപ്പ് .. ആദരാജ്ഞലികൾ

ജോസ് കാടാപുറം

# സ്വന്തം കാര്യം വന്നപ്പോൾ മനംമാറ്റം

(ഒന്നാം പേജ് തുടർച്ച)

ടാതെ ചൈനയ്ക്കുമേൽ ട്രംപ് സർക്കാർ ഏർപ്പെടുത്തിയ കുറ്റൻ ഇറക്കുമതിത്തീരുവയും ചൈനയുടെ പകരച്ചുങ്കവും മസ്കിന്റെ കാർ കമ്പനിയെ കാര്യമായി ബാധിച്ചു. ടെസ്ലയ്ക്കാവശ്യമായ ചില ഘടകങ്ങൾ ചൈനയിൽ നിന്നാണ് ഇറക്കുമതി ചെയ്തിരുന്നത്. ഇറക്കുമതിത്തീരുവ ട്രംപ് 145 ശതമാനമാക്കിയപ്പോൾ ടെസ്ല ഇവയുടെ ഇറക്കുമതി മരവിപ്പിച്ചു. ചൈന ഏർപ്പെടുത്തിയ പകരച്ചുങ്കം ടെസ്ലയുടെ പുതിയ രണ്ട് മോഡലുകളുടെ അവിടേക്കുള്ള കയറ്റുമതി താത്കാലികമായി നിർത്തിവെക്കാനും മസ്കിനെ നിർബന്ധിതനാക്കി. ജനുവരി മുതലുള്ള ടെസ്ലയുടെ വരുമാനത്തിൽ ഒമ്പത് ശതമാനം കുറവുണ്ടായി. ഈ പശ്ചാത്തലത്തിലാണ് ഡോജിലെ പ്രവർത്തന സമയം കുറയ്ക്കാൻ അദ്ദേഹം തീരുമാനിച്ചത്. കൂടുതൽ സമയം കമ്പനിയുടെ കാര്യത്തിൽ ശ്രദ്ധിക്കാനാണ് മസ്കിന്റെ തീരുമാനം.

### പുതിയ നടപടികളുമായി ട്രംപ് കാബിനറ്റ്

അതേസമയം ടെസ്ല സ്ഥാപകൻ ഇലോൺ മസ്ക് ഡിപ്പാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് എഫിഷ്യൻസിയുടെ നേതൃത്വ സ്ഥാനത്ത് നിന്നും പിന്മാറാനൊരുങ്ങിയതോടെ പുതിയ നടപടികളുമായി ട്രംപ് കാബിനറ്റും തയ്യാറാകുകയാണ്. ഡോജിൽ നിന്ന് മസ്ക് പിന്മാറിയാൽ, ഗവൺമെന്റ് എഫിഷ്യൻസി വകുപ്പിലെ ജീവനക്കാരുടെ സ്വാധീനം പരിമിതപ്പെടുത്താനും ബജറ്റുകളിലും സ്റ്റാഫിംഗിലും നിയന്ത്രണം പുനസ്ഥാപിക്കാനുമാണ് ട്രംപ് ഭരണകൂടത്തിന്റെ നീക്കം. സർക്കാർ ചെലവുകൾ നിയന്ത്രിക്കുന്നതിനായാണ് ട്രംപ് സർക്കാർ ഡിപ്പാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് എഫിഷ്യൻസി പ്രഖ്യാപിച്ചത്. പിന്നീട് ട്രംപ് തന്നെ ഇലോൺ മസ്ക് ഡോജിന്റെ തലവനാക്കുകയും ചെയ്തു. തുടർന്ന് ചെലവ് ചുരുക്കലിന്റെ ഭാഗമായി ജീവനക്കാരെ ഒഴിവാക്കൽ അടക്കം നിരവധി പരിഷ്കാരങ്ങൾ മസ്ക് നടപ്പാക്കി. മസ്കിന് നൽകിയ അധികാരത്തെ ചൊല്ലിഭരണകൂടത്തിനുള്ളിൽതന്നെസംഘർഷങ്ങൾ രൂക്ഷമായിരുന്നു. മാർച്ചിൽ നടന്ന കാബിനറ്റ് യോഗത്തിൽ, യുഎസ് എയ്ഡിയെ ദുർബലപ്പെടുത്തിയെന്ന് ആരോപിച്ച് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ മസ്കുമായി ഏറ്റുമുട്ടിയിരുന്നു. വ്യോമയാനസുരക്ഷാആശങ്കകൾക്കിടയിലും എയർ ട്രാഫിക് കൺട്രോളർമാരെ പിരിച്ചുവിടാനുള്ള നിർദേശത്തിൽ ഗതാഗത സെക്രട്ടറി ഷോൺ ഡഫി മസ്കുമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ടിരുന്നു.

## SEEKING BRIDEGROOM

**We are seeking a** suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background.

For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#041625





## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#041625



## ബേബി സിറ്ററെ ആവശ്യമുണ്ട്

**അഡിസണിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് 17 മാസം പ്രായമുള്ള കുട്ടിയെ നോക്കാൻ മെയ് മാസം പകുതി മുതൽ (തിങ്കൾ മുതൽ വെള്ളിവരെ) വീട്ടിൽ താമസിച്ചോ അല്ലാതെയോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 847–890–5941, 847–942–1057**

#031925

## വരനെ ആവശ്യമുണ്ട്

ഫ്‌ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി(യുഎസ് സിറ്റിസൺ) അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നുംവിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#040625

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information

**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#042325


## നൊവേന

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.


1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**നിക്സൺ തോമസ്**

#042325

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**മറിയാമ്മ ജോസഫ്**

#042325


Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com


# യു.എസ് നീതിന്യായ വകുപ്പ് ഒരു ഡസനോളം സിവിൽ റൈറ്റ്സ് അഭിഭാഷകരെ പുനർനിയമിച്ചതായി വൃത്തങ്ങൾ

വാഷിംഗ്ടൺ: യുഎസ് നീതിന്യായ വകുപ്പ് അതിന്റെ സിവിൽ റൈറ്റ്സ് യൂണിറ്റിൽ നിന്ന് ഒരു ഡസനോളം മുതിർന്ന അഭിഭാഷകരെ പുനർനിയമിച്ചതായി ഉന്നത വൃത്തങ്ങൾ. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭരണകൂടം ഡിവിഷനെ അതിന്റെ ചരിത്രപരമായ മുൻഗണനകളിൽ നിന്ന് അകറ്റി നിർത്തുന്നതിനാലാണ് നീതിന്യായ വകുപ്പ് പുതിയ നീക്കം നടത്തിയത്. ഇതുമായി ബന്ധപ്പെട്ട നാല് ഉദ്യോഗസ്ഥരാണ് ഇക്കാര്യം വ്യക്തമാക്കിയത്.

പൊലീസ് ദുരുപയോഗം അന്വേഷിക്കുകയും വോട്ടിംഗ്, വൈകല്യ അവകാശ ലംഘനങ്ങളുമായി ബന്ധപ്പെട്ട ഓഫീസുകൾ കൈകാര്യം ചെയ്ത, രാഷ്ട്രീയേതര ജീവനക്കാരായവരും ഉൾപ്പെടെ കുറഞ്ഞത് മൂന്ന് മുതിർന്ന കരിയർ അഭിഭാഷകരെയെങ്കിലും മറ്റ് അസൈൻമെന്റുകൾ ഏറ്റെടുക്കണമെന്ന് ഉത്തരവിട്ടിട്ടുണ്ടെന്നാണ് വിവരം. പരസ്യപ്പെടുത്താത്ത നീക്കങ്ങളെക്കുറിച്ച് അജ്ഞാതരായ മൂന്ന് പേർ പറഞ്ഞതായാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.




തൊഴിൽ അല്ലെങ്കിൽ വിദ്യാഭ്യാസ വിവേചനം, തിരുത്തൽ സൗകര്യങ്ങൾക്കുള്ളിലെ ദുരുപയോഗം, വോട്ടവകാശ കേസുകൾ എന്നിവ സംബന്ധിച്ച അന്വേഷണങ്ങളിൽ പ്രവർത്തിച്ച ആളുകൾ ഉൾപ്പെടെ കുറഞ്ഞത് ഒമ്പത് അഭിഭാഷകരെയെങ്കിലും ബാധിക്കുന്ന പുനർനിയമനങ്ങളുടെയും രാജികളുടെയും ഒരു തരംഗത്തിന്റെ ഭാഗമാണ് മാറ്റങ്ങൾ എന്ന് ആളുകൾ വ്യക്തമാക്കുന്നു.

പൗരാവകാശ നിയമം പാസാക്കിയതിനെത്തുടർന്ന് 1957ൽ സ്ഥാപിതമായ ഈ ഡിവിഷൻ തുടക്കത്തിൽ കറുത്ത വർഗക്കാരായ അമേരിക്കക്കാരുടെ വോട്ടവകാശം സംരക്ഷിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. തുടർന്നുള്ള ദശകങ്ങളിൽ, വംശം, ദേശീയ ഉത്ഭവം, ലിംഗം, വൈകല്യം, മതം, ലൈംഗിക ആഭിമുഖ്യം, ലിംഗ വ്യക്തിത്വം, സൈനിക പദവി എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തിൽ നിന്ന് അമേരിക്കക്കാരെ സംരക്ഷിക്കുന്നത് ഉൾപ്പെടെ കോൺഗ്രസ് അതിന്റെ ഉത്തരവാദിത്തങ്ങൾ വികസിപ്പിച്ചു.

സിവിൽ റൈറ്റ്സ് ഡിവിഷനെ നയിക്കാൻ ട്രംപ് തിരഞ്ഞെടുത്ത അസിസ്റ്റന്റ് അറ്റോർണി ജനറൽ ഹർമീത് ധില്ലന്റെ മാറ്റത്തിന്റെ ഭാഗമാണ് ഈ മാറ്റങ്ങൾ. പൊലീസ് ദുരുപയോഗം സംബന്ധിച്ച ആരോപണങ്ങൾ ഡിവിഷൻ താൽക്കാലികമായി നിർത്തിവച്ചു. ലോസ് ഏഞ്ചൽസ് തോക്ക് അവകാശ നിയമങ്ങൾ ലംഘിച്ചിട്ടുണ്ടോ എന്നതിനെക്കുറിച്ചാണ് ആദ്യ അന്വേഷണം ആരംഭിച്ചത്. ട്രംപിന്റെ നേതൃത്വം പിന്തുടർന്ന്, ട്രാൻസ്ജെൻഡർ അവകാശങ്ങളെക്കുറിച്ചുള്ള വകുപ്പിന്റെ നിലപാട് മാറ്റി. പിന്നീട് പാലസ്തീൻ അനുകൂല പ്രതിഷേധക്കാർ ഉൾപ്പെട്ട യു.എസ് കോളജുകളിൽ ആരോപിക്കപ്പെടുന്ന യഹൂദവിരുദ്ധത അന്വേഷിച്ചു.

അസിസ്റ്റന്റ് അറ്റോർണി ജനറലായി താൻ ചുമതലകൾ ഏറ്റെടുത്തപ്പോൾ, സിവിൽ റൈറ്റ്സിലെ ചില വിഭാഗങ്ങൾക്ക് ഗണ്യമായ കേസുകളുടെ ലോഡുകൾ ഉണ്ടെന്ന് താൻ മനസ്സിലാക്കി. ആ വിഭാഗങ്ങളെ സഹായിക്കുന്നതിന് അടിസ്ഥാനമായി മാറിയെന്ന് ധില്ലൺ റോയിട്ടേഴ്സിന് നൽകിയ പ്രസ്താവനയിൽ പറഞ്ഞു. കഴിഞ്ഞ ആഴ്ച ആദ്യം പുറത്തിറക്കിയ പുതിയ തരംഗമായ രാജി ഓഫറുകളുടെ ആനുകൂല്യം പ്രയോജനപ്പെടുത്താൻ ഡിവിഷൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നുണ്ടെന്ന്, ഈ വിഷയത്തെക്കുറിച്ച് പരിചയമുള്ള രണ്ട് വ്യക്തികളും റോയിട്ടേഴ്സ് കണ്ട മെമ്മോകളും വ്യക്തമാക്കുന്നു.

മാറ്റിവച്ച രാജി ഓപ്ഷനുകൾ സർക്കാരിലുടനീളം വാഗ്ദാനം ചെയ്യുന്നുണ്ടെന്നും ആളുകൾക്ക് അവരുടെ അഭിനിവേശങ്ങൾ മറ്റെവിടെയെങ്കിലും പിന്തുടരാൻ അതുല്യവും ഉദാരവും സ്വമേധയാ ഉള്ളതുമായ അവസരം നൽകുന്നുണ്ടെന്നും ധില്ലൺ പറഞ്ഞു. എന്നാൽ മാറ്റങ്ങൾ ബാധിച്ച ജീവനക്കാരുടെ നിർദ്ദിഷ്ട എണ്ണത്തെക്കുറിച്ച് പ്രതികരിക്കാൻ അവർ വിസമ്മതിച്ചു.

മുതിർന്ന അഭിഭാഷകർക്കുള്ള പുനർനിയമനങ്ങളിൽ പൊതു രേഖകളുടെ അഭ്യർത്ഥനകൾ കൈകാര്യം ചെയ്യുതോ ആന്തരിക വിവേചന പരാതികൾ തീർപ്പാക്കുതോ ഉൾപ്പെടുന്നു.

# അടുത്ത മാർപാപ്പയെ തിരഞ്ഞെടുക്കുന്നതെങ്ങനെ? നടപടിക്രമങ്ങൾ അറിയാം

തന്നിൽ അർപ്പിച്ച കർത്തവ്യങ്ങൾ ആശുപത്രിക്കിടക്കയിൽ കിടന്നും നിറവേറ്റിയിരുന്ന ആ മഹാ ഇടയൻ യാത്ര ആയിരിക്കുന്നു. ഒൻപത് ദിവസം നീളുന്ന ഔദ്യോഗിക ദുഖാചരണത്തോടൊപ്പം സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ ഈ ദിവസങ്ങളിൽ പൊതുജനങ്ങൾക്ക് മാർപാപ്പയ്ക്ക് അന്തിമോചാരം അർപ്പിക്കാനുള്ള അവസരവും ഉണ്ടാകും. ആറ് ദിവസത്തിനകമാകും സംസ്കാര കർമ്മകൾ നടക്കുക. സെന്റ് പീറ്റേഴ്സ് ബസലിക്കയിലെ പരമ്പരാഗത അന്ത്യ കർമ്മകൾക്ക് ശേഷം സാന്താമരിയ മഗ്ഗോയിരിലെ പള്ളിയിൽ ഭൗതിക ശരീരം സംസ്കരിക്കുക.

ആഗോള കത്തോലിക്ക സമൂഹത്തെ മുഴുവൻ കണ്ണീരിലാഴ്ത്തി ഇന്ത്യൻ സമയം പതിനൊന്ന് മണിയോടെയാണ് പോപ്പ് വിടവാങ്ങിയത്. ന്യൂമോണിയയും വൃക്ക രോഗവും മൂലം രണ്ട് മാസമായി അദ്ദേഹം ചികിത്സയിലായിരുന്നു. പോപ്പിന്റെ വിയോഗത്തിൽ ലോകമെമ്പാടും വിവിധ ചടങ്ങുകൾ നടക്കും.

സംസ്കാര ചടങ്ങുകൾക്ക് ശേഷം കോൺക്ലേവിന് തുടക്കമാകും. 80 വയസിന് മുകളിലുള്ള കർദ്ദിനാൾമാർക്ക് പുതിയ പോപ്പിന് വേണ്ടി വോട്ട് ചെയ്യാം. സിസ്റ്റൈൻ പള്ളിയിലാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ചാപ്പലിലെ ചിമ്മിനിയിൽ നിന്ന് പുക വരുന്നതാണ് പുതിയ പോപ്പിനെ തിരഞ്ഞെടുത്തു എന്നതിന്റെ സൂചന. പിന്നീട് അദ്ദേഹം വിശ്വാസികളെ അഭിസംബോധന ചെയ്യും. സെന്റ് പീറ്റേഴ്സ് ചത്വരത്തിലെ മട്ടുപ്പാവിൽ നിന്ന് അദ്ദേഹത്തിന്റെ പേരും പ്രഖ്യാപിക്കും. ഇതോടെ കത്തോലിക്ക സഭയുടെ പുതുചരിത്രത്തിന് തുടക്കമാകും.

വത്തിക്കാൻ ചേമ്പർലെയിൻ ആയി പ്രവർത്തിക്കുന്ന കർദിനാൾ കെവിൻ ഫരെൽ ആണ് പോപ്പിന്റെ മരണം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. മൂന്ന് തവണ അദ്ദേഹത്തിന്റെ പേര് ഉച്ചരിച്ച് കൊണ്ടായിരുന്നു പ്രഖ്യാപനം. തുടർന്ന് അദ്ദേഹത്തിന്റെ ഓഫീസ് അടച്ചു. അദ്ദേഹം താമസിച്ചിരുന്ന സ്വകാര്യ അപ്പാർട്ട്മെന്റും അടച്ചു. അധികാരമുദ്ര ആയിരുന്ന പോപ്പിന്റെ മോതിരം ഊരി ചുറ്റിക കൊണ്ട് അടിച്ച് നശിപ്പിച്ചു. പിന്നീട് ഭൗതിക ദേഹത്തിൽ ചുവന്ന അങ്കവസ്ത്രം ധരിപ്പിച്ചു. തലയിൽ കിരീടവും വച്ചു. പിന്നീട് സെന്റ് പീറ്റേഴ്സ് ബസലിക്കയിലെത്തിച്ച മൃതദേഹം



മൂന്ന് ദിവസം ഇവിടെ പൊതുദർശനത്തിനായി സൂക്ഷിക്കും.

### പുതിയ പോപ്പിന്റെ തിരഞ്ഞെടുപ്പ് പ്രക്രിയ

മാർപാപ്പയുടെ മരണശേഷം 15-20 ദിവസത്തിനുള്ളിൽ പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവ് ആരംഭിക്കുന്നു. 252 കർദിനാൾമാർ ഉള്ളതിൽ എൺപത് വയസിന് മുകളിലുള്ള 138 പേർ വോട്ട് ചെയ്യാൻ യോഗ്യരാണ്. ഇവർ സിസ്റ്റൈൻ ചാപ്പലിൽ ഒത്തുകൂടി വോട്ട് ചെയ്യും. ഒരു കുർബാനയോട് കൂടിയാണ് കോൺക്ലേവിന് തുടക്കമാകുന്നത്. തുടർന്ന് കർദിനാൾമാർ പ്രാർത്ഥനകൾ ഉരുവിട്ട് കൊണ്ട് രഹസ്യമായി വോട്ട് ചെയ്യും. 80 വയസ്സിന് താഴെയുള്ള കർദ്ദിനാൾമാർ ഈ രഹസ്യ നടപടികൾക്കായി വത്തിക്കാനിൽ ഒത്തുകൂടുന്നു. സിസ്റ്റീൻ ചാപ്പലിൽ ചേരുകയും പുറംലോകവുമായി ബന്ധം വിച്ഛേദിക്കുകയും ചെയ്യുന്നു. ഈ കാലയളവിൽ അവർക്ക് മാധ്യമങ്ങളുമായോ ഫോണുകളുമായോ ബന്ധമുണ്ടാകില്ല.

ഒരു സ്ഥാനാർത്ഥിക്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിക്കുന്നതുവരെ അവർ നിരവധി റൗണ്ടുകളിൽ വോട്ട് ചെയ്യുന്നു. ഓരോ വോട്ടിനും ശേഷം ബാലറ്റുകൾ കത്തിക്കുന്നു. കറുത്ത പുക തീരുമാനമെടുത്തിട്ടില്ലെന്നും വെളുത്ത പുക പുതിയ മാർപാപ്പയെ തിരഞ്ഞെടുത്തു എന്നും സൂചിപ്പിക്കുന്നു.

പുതിയ മാർപാപ്പയെ തിരഞ്ഞെടുത്തതിന് ശേഷം തന്റെ പങ്ക് അംഗീകരിക്കുന്നുണ്ടോ എന്ന് അദ്ദേഹത്തോട് ഔദ്യോഗികമായി ചോദിക്കുന്നു. അദ്ദേഹം സമ്മതിക്കുകയാണെങ്കിൽ മുൻകാല വിശുദ്ധന്മാരിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഒരു പേപ്പൽ നാമം തിരഞ്ഞെടുക്കണം. തുടർന്ന് സീനിയർ കർദ്ദിനാൾ ഡീക്കൺ ലാറ്റിനിൽ "ഹാബെമസ് പാപ്പം" (നമുക്ക് ഒരു മാർപാപ്പയുണ്ട് എന്ന് അർത്ഥം) സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ നിന്ന് പ്രഖ്യാപിക്കുന്നു. നിമിഷങ്ങൾക്കുള്ളിൽ പുതിയ മാർപാപ്പ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ തന്റെ അനുയായികളെ അഭിവാദ്യം ചെയ്യുകയും മാർപാപ്പ എന്ന നിലയിൽ അനുഗ്രഹം നൽകുകയും ചെയ്യുന്നു.

### പോപ്പ് ഫ്രാൻസിസിന്റെ അന്ത്യ സന്ദേശം

ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗം ഒരു കാലഘട്ടത്തിന്റെ കൂടി അന്ത്യമാണ്. എന്നാൽ അനുകമ്പയുടെയും സമാധാനത്തിന്റെയും കരുണയുടെയും ആ പാരമ്പര്യം ലോകമെമ്പാടുമുള്ള എല്ലാ കത്തോലിക്ക വിശ്വാസികളെയും പ്രചോദിപ്പിച്ച് കൊണ്ടേയിരിക്കും. വിശ്വാസികളോടുള്ള അദ്ദേഹത്തിന്റെ ബന്ധം വെളിപ്പെടുത്തുന്നതാണ് സാന്താമരിയ മഗ്ഗോയ്റിലെ അദ്ദേഹത്തിന്റെ അന്ത്യ വിശ്രമ സ്ഥലം.

ആരാകും അദ്ദേഹത്തിന്റെ മാർഗം പിന്തുടരാനെത്തുന്നതെന്നറിയാൻ കോൺക്ലേവ് തുടങ്ങുന്നതോടെ ലോകം കാത്തിരിപ്പ് ആരംഭിക്കും. ലോകമെമ്പാടുമുള്ള 130 കോടി കത്തോലിക്കാ വിശ്വാസികളെ നയിക്കുക എന്ന ഉത്തരവാദിത്തവും വെല്ലുവിളിയും ആരാകും ഏറ്റെടുക്കുക എന്നതും നിർണായകമാണ്.

ലോകമെമ്പാടുമുള്ള 130 കോടിയോളം കത്തോലിക്ക വിശ്വാസികളുടെ പരമാധ്യക്ഷനാണ് മാർപാപ്പ. മാർപാപ്പയുടെ നിര്യാണം സ്ഥിരീകരിക്കുന്നത് മുതൽ പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കുന്നത് വരെയുള്ള നടപടിക്രമങ്ങൾ വ്യത്യസ്തമാണ്.

മാർപാപ്പയുടെ മരണശേഷം വത്തിക്കാൻ ഇന്റർറെഗ്നം കാലഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. മാർപാപ്പയുടെ മരണത്തിനും പുതിയ മാർപാപ്പയുടെ തിരഞ്ഞെടുപ്പിനും ഇടയിലുള്ള സമയമാണിത്. കാമർലെൻഗോ (വത്തിക്കാൻ സ്വത്തിന്റെയും വരുമാനത്തിന്റെയും ഭരണാധികാരി) ആണ് ആദ്യം മരണവിവരം സ്ഥിരീകരിക്കുന്നത്. മാർപാപ്പയുടെ ജ്ഞാനസ്നാന നാമം മൂന്ന് തവണ വിളിച്ചാണ് കാമർലെൻഗോ ഇത് ചെയ്യുന്നത്. പ്രതികരണമൊന്നുമില്ലെങ്കിൽ മാർപാപ്പ മരിച്ചതായി അദ്ദേഹം പ്രഖ്യാപിക്കും. തുടർന്ന് വത്തിക്കാൻ ഔദ്യോഗിക ചാനലുകളിലൂടെ മാർപാപ്പയുടെ മരണം ലോകത്തെ അറിയിക്കുന്നു.

കവർച്ച തടയുന്നതിനായാണ് കാമർലെൻഗോ മാർപാപ്പയുടെ അപ്പാർട്ട്മെന്റ് പൂട്ടുന്നത്. തുടർന്ന് ഫിഷർമാൻസ് റിംഗും മാർപാപ്പയുടെ മുദ്രയും നശിപ്പിക്കാനുള്ള നടപടികൾ കാമർലെൻഗോ സ്വീകരിക്കുന്നു. ഇത് അദ്ദേഹത്തിന്റെ ഭരണത്തിന്റെ അവസാനത്തെ സൂചിപ്പിക്കാനാണ്.

മാർപാപ്പയുടെ മരണശേഷം 46 ദിവസത്തിനുള്ളിൽ സംസ്കാരം നടത്തണമെന്നാണ് യൂണിവേഴ്സി ഡൊമിനിസി ഗ്രെഗിസ് ഭരണഘടനയിൽ പറയുന്നത്. മാർപാപ്പയുടെ ആഗ്രഹപ്രകാരം മറ്റെവിടെയെങ്കിലും സംസ്കരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ലെങ്കിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലാണ് സംസ്കാരം നടക്കുക.




# ഇലിനോയിസിൽ ഇനി ഭരണ കൈമാറ്റം; സെനറ്റിലെ മുതിർന്ന അംഗം ഡിക് ഡർബിൻ വിരമിക്കുന്നു

വാഷിംഗ്ടൺ: അമേരിക്കൻ സെനറ്റിൽ 30 വർഷം സേവനം നിർവഹിച്ച ഡെമോക്രാറ്റിക് നേതാവും സെനറ്റിലെ രണ്ടാം മുതിർന്ന അംഗവുമായ ഡിക് ഡർബിൻ 2026ലെ തെരഞ്ഞെടുപ്പിൽ മത്സരിക്കില്ലെന്ന് ബുധനാഴ്ച അറിയിച്ചു. ഇലിനോയിസ് പോലെ ഡേംക്രാറ്റിക് പ്രാബല്യമുള്ള സംസ്ഥാനത്ത്, ഡർബിന്റെ വിരമിക്കൽ പാർട്ടിക്കുള്ളിൽ ശക്തമായ മത്സരത്തിനാണ് വാതിൽ തുറക്കുന്നത്.

80 വയസ്സുള്ള ഡർബിൻ തന്റെ തീരുമാനം സോഷ്യൽ മീഡിയയിലൂടെ ആണ് പങ്കുവെച്ചത്. 'ഒരു യുഎസ് സെനറ്ററായുള്ള ജോലി എനിക്ക് എത്രമാത്രം പ്രിയപ്പെട്ടതാണെന്ന് എനിക്ക് അറിയാം. എന്നാൽ എന്റെ ഹൃദയം പറഞ്ഞത് - ഇപ്പോൾ അധികാരം കൈമാറേണ്ട സമയമാണിത്' എന്നാണ് അദ്ദേഹം വ്യക്തമാക്കിയത്.

ഡർബിന്റെ വിരമിക്കൽ രാഷ്ട്രീയ തലത്തിൽ വലിയ മാറ്റങ്ങൾക്കും ചർച്ചകൾക്കും ആണ് വഴി വയ്ക്കുന്നത്. ഡർബിൻ ഇമിഗ്രേഷൻ റീഫോം




അഭ്യർത്ഥിച്ച നേതാവായിരുന്നു, പ്രത്യേകിച്ച് 'ഡ്രീമേഴ്സിനായി' - ചെറുപ്പത്തിൽ യുഎസിൽ എത്തിച്ചേരുന്ന കുടിയേറ്റക്കാരെക്കുറിച്ചുള്ള നിയമ സംരക്ഷണത്തിനായി അദ്ദേഹം ശക്തമായി നിലകൊണ്ടിരുന്നു. എന്നാൽ ട്രംപിന്റെ കഠിന ഇമിഗ്രേഷൻ നിലപാടുകൾക്കിടയിൽ, അവർക്ക് പൗരത്വം ലഭിക്കാൻ ഉള്ള ഡർബിനിന്റെ അഭിലാഷം നിർവീര്യമാകാനാണ് സാധ്യത.

# 'ജമ്മു കശ്മീരിലെ ഭീകരാക്രമണം ഞെട്ടിച്ചു'; നീണ്ട നിശബ്ദതയ്ക്ക് ശേഷം ഭീകരാക്രമണത്തെ അപലപിച്ച് മാർക്ക് കാർനി



ഒട്ടാവ: നീണ്ട നിശബ്ദതയ്ക്ക് ശേഷം പഹൽഗാമിലെ ഭീകരാക്രമണത്തെ അപലപിച്ച് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർനി. മുപ്പതു മണിക്കൂറിലേറെ നീണ്ട മൗനത്തിന് ശേഷമാണ് കാനഡ ഔദ്യോഗികമായി പഹൽഗാം ഭീകരാക്രമണത്തിനെതിരെ പ്രതികരിച്ചത്.

പഹൽഗാമിലെ ഭീകരാക്രമണം തന്നെ ഞെട്ടിച്ചു. നിരപരാധികളായ സാധാരണക്കാരെയും വിനോദസഞ്ചാരികളും കൊലപ്പെടുത്തുകയും പരിക്കേൽപ്പിക്കുകയും ചെയ്തത് അർത്ഥശൂന്യവും ഞെട്ടലുളവാക്കുന്നതുമാണ്. കാനഡ ഈ ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുന്നു. ഭീകരാക്രമണത്തിന് ഇരകളായവരെയും അവരുടെ കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുന്നുവെന്നും മാർക്ക് കാർനി സമൂഹമാധ്യമത്തിൽ കുറിച്ചു.

അഫ്ഗാനിസ്ഥാനിലെ താലിബാൻ സർക്കാർ ഉൾപ്പെടെ ഭീകരാക്രമണത്തെ അപലപിച്ച് രംഗത്തെത്തിയപ്പോൾ ജി7 കൂട്ടായ്മയിലെ അംഗം കൂടിയായ കാനഡയുടെ മൗനം പ്രതിഷേധത്തിനിടയാക്കിയിരുന്നു. കനേഡിയൻ പ്രതിപക്ഷ നേതാവ് പിയേർ പൊളിയേവ് ഭീകരാക്രമണത്തെ അപലപിച്ച് നാലര മണിക്കൂറിന് ശേഷമാണ് കാനഡ ഔദ്യോഗിക പ്രതികരണം നടത്തിയത്.




# എയർ കാനഡ യാത്രക്കാർക്ക് 10 മില്യൺ ഡോളർ നഷ്ടപരിഹാരം നൽകണമെന്ന് കോടതി വിധി

എയർ കാനഡ ടിക്കറ്റ് നിരക്കിൽ യാത്രക്കാരോട് തട്ടിപ്പ് കാണിച്ചു എന്ന് കണ്ടെത്തി ക്യുബെക് അപ്പീലേറ്റ് കോടതി.യാത്രാ ടിക്കറ്റിന് വിമാന കമ്പനി പരസ്യത്തിൽ കാണിച്ച വിലയേക്കാൾ കൂടുതലായി ചാർജ് ചെയ്തെന്ന് കണ്ടെത്തിയതിനാൽ എയർ കാനഡ 10 ദശലക്ഷംഡോളറിന്റെ അധികം നഷ്ടപരിഹാരം നൽകണമെന്ന് കോടതി ഉത്തരവിട്ടു.

ജസ്റ്റിസ് ജൂഡിത്ത് ഹാർവി ആണ് ഉത്തരവിട്ടത്. എയർ കാനഡ ഇത്തരത്തിൽ നിയമം അവഗണിച്ചത് അജ്ഞതയും പ്രതിബദ്ധത ഇല്ലായ്മയും കാണിക്കുന്നു എന്നും അദ്ദേഹം ഉത്തരവിൽ പറഞ്ഞു. 15 വർഷം പഴക്കമുള്ള ഒരു കേസ് ആണ് ഇത്. ഒരു ഉപഭോക്താവും ഒരു ഉപഭോക്തൃ സംഘടനയും ചേർന്നാണ് കേസ് ഫയൽ ചെയ്തത്. ഉപഭോക്താവിന് ടിക്കറ്റിന്റെ ആദ്യ ഘട്ടത്തിൽ കാണിച്ചവിലയേക്കാൾ $124 അധികം നികുതികളും ഫീസുകളും ചാർജ് ചെയ്തിരുന്നു. ഇതാണ് കേസിന് കാരണമായത്.

അതേസമയം ആദ്യത്തെ കോടതിയിൽ എയർ കാനഡ നിയമം ലംഘിച്ചതായി കണ്ടെത്തിയെങ്കിലും നഷ്ടം ഒന്നും സംഭവിച്ചില്ലെന്ന് പറഞ്ഞ് നഷ്ടപരിഹാരം നഷേധിച്ചിരുന്നു. എന്നാൽ ഈ വിധി ആണ് അപ്പീലേറ്റ് കോടതി തിരുത്തിയത്.

വിമാന കമ്പനികൾ ഈടാക്കുന്ന നികുതികളും ഫീസുകളും അധികമാണോ?, യാത്രക്കാരോട് ചെയ്യുന്ന അന്യായമാണോ എന്നൊക്കെയുള്ള വിഷയത്തിൽ ചർച്ചകൾ നടക്കുന്ന സാഹചര്യത്തിലാണ് അപ്പീലേറ്റ് കോടതിയുടെ ഈ വിധി. വിഷയത്തിൽ എയർ കാനഡ ഇതു വരെ പ്രതികരിച്ചിട്ടില്ല.

# ആ വലിയ ഇടയൻ ലോകത്തിന് കാണിച്ച് തന്ന നന്മകൾ

ദരിദ്രരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായവർക്ക് വേണ്ടി നിലകൊള്ളുകയും കത്തോലിക്ക സഭയുടെ അടിസ്ഥാന മൂല്യങ്ങളിൽ ഉറച്ച് നിന്ന് കൊണ്ട് സഭയിൽ മാറ്റത്തിന് വഴി ഒരുക്കുകയും ചെയ്ത വലിയ ഇടയനായനാണ് കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പ.

സ്വവർഗാനുരാഗികളെ ദൈവത്തിന്റെ മക്കളെന്നാണ് ആ വലിയ മനുഷ്യസ്നേഹി വിശേഷിപ്പിച്ചത്. സ്ത്രീകൾക്കുംകുഞ്ഞുങ്ങൾക്കുംവേണ്ടിഎന്നും നിലകൊണ്ടു. ബാലപീഡനത്തിനും ലൈംഗിക പീഡനങ്ങൾക്കുമെതിരെ ശക്തമായ നിലപാടുകൾ കൈക്കൊണ്ടു. കാൽകഴുകൽ ശുശ്രൂഷയിൽ സ്ത്രീകളെ കൂടി ഉൾപ്പെടുത്തി. യുദ്ധ ഇരകൾക്ക് വേണ്ടി എന്നും ആ വലിയ ഇടയൻ ശബ്ദമുയർത്തി.



ലാറ്റിനമേരിക്കയിൽ നിന്നുള്ള ആദ്യ പോപ്പായിരുന്നു അദ്ദേഹം. മുതലാളിത്തത്തിന്റെ ശക്തനായ വിമർശകനും. വത്തിക്കാൻ കൊട്ടാരം ഉപേക്ഷിച്ച് അതിഥി മന്ദിരത്തിലെ സാധാരണ മുറിയിലായിരുന്നു അദ്ദേഹം കഴിഞ്ഞിരുന്നത്. കാൽപ്പന്തിനെ പ്രണയിച്ച മാർപാപ്പയുടെ ജീവിതം ലാളിത്യവും നർമ്മവും നിറഞ്ഞതായിരുന്നു. ബ്യൂനസ് ഐറിസിലെ സാൻലോറൻസോ ക്ലബ്ബിൽ അംഗമായിരുന്നു ജോർജ് മാരിയോ ബർഗോളിയോ എന്ന ആ ചെറുപ്പക്കാരൻ.

1935 ഡിസംബർ 17ന് അർജന്റീനിയയിലെ ബ്യൂനസ് ഐറിസിലാണ് ജോർജ് മാരിയോ ബർഗോളിയോ ജനിച്ചത്. റെയിൽവേയിലെ അക്കൗണ്ടന്റായ മാരിയോ ഗ്യൂസെപ്പെ ബർഗോളിയോ വസാല്ലോ റെജീന മരിയ സിവോറി ഗോഗ്ന ദമ്പതികളുടെ അഞ്ച് മക്കളിലൊരാളായിരുന്നു. ഇറ്റലിയിലെ പീഡ്മോണ്ടിൽ ജനിച്ച് 1920ൽ അർജന്റീനിയയിലേക്ക് കുടിയേറിയതാണ് പിതാവ്.

അർജന്റീനിയയിൽ ജനിച്ചെങ്കിലും പീഡ്മോണ്ടിൽ നിന്നുള്ള ഇറ്റാലിയൻ കുടിയേറ്റക്കാരുടെ മകളായിരുന്നു റെജീന. കുട്ടിക്കാലത്തേ ഇറ്റാലിയൻ, സ്പാനിഷ് ഭാഷകൾ ബർഗോളിയോ വശമാക്കി. വ്യത്യസ്ത സാമൂഹ്യ വിഭാഗങ്ങളുടെ ദുരവസ്ഥ മനസിലാക്കി. സാമൂഹ്യബോധത്തോടെയാണ് അദ്ദേഹം വളർന്ന് വന്നത്. വിദ്യാർഥി ആയിരിക്കെ ക്ലബ്ബിൽ ബൗൺസറായി ജോലി ചെയ്തു. ഡിപ്ലോമ നേടിയ ശേഷം ലബോറട്ടറി ടെക്നീഷ്യനായി ജോലി ചെയ്തു. അന്നത്തെ അർജന്റീനിയയുടെ രാഷ്ട്രീയ അന്തരീക്ഷവും അദ്ദേഹത്തെ സ്വാധീനിച്ചു. തൊഴിലാളി വർഗത്തിന്റെയും ഗ്രാമീണ മേഖലകളുടെയും പുരോഗതി, വരുമാനത്തിലെ വ്യത്യാസങ്ങൾ എന്നിവയെപ്പറ്റി ആഴത്തിൽ ചിന്തിച്ചു.

ഹൈസ്കൂൾ പഠനത്തിന് ശേഷം ബ്യൂനസ് ഐറിസ് സർവകലാശാലയിൽ ചേർന്നു. രസതന്ത്രത്തിൽ ബിരുദാനന്തര ബിരുദം. പൗരോഹിത്യത്തിലേക്ക് ഉൾവിളി ഉണ്ടായതോടെ കാമുകിയുമായി വേർപിരിഞ്ഞു. ചിലെയിൽ മാനവിക വിഷയങ്ങളിൽ പഠനം നടത്തി. 1963ൽ അർജന്റീനിയയിലേക്ക് മടങ്ങി. സാൻമിഗ്വലിലെ കൊളീജിയോ ഡി സാൻജോസിൽ നിന്ന് തത്വശാസ്ത്രത്തിൽ ബിരുദം നേടി. 1964 മുതൽ 1966 വരെ സാഹിത്യവും മനഃശാസ്ത്രവും പഠിപ്പിച്ചു. 1967 മുതൽ 1970 വരെ ദൈവ ശാസ്ത്രം പഠിച്ചു.

ഇരുപത്തൊന്നാം വയസിൽ ബ്യൂനസ് ഐറിസിലെ വില്ല ഡെവോട്ടോയിൽ സെമിനാരി പഠനത്തിന് ചേർന്നെങ്കിലും വളരെക്കാലം കഴിഞ്ഞ് 1969ൽ മുപ്പത്തി മൂന്നാം വയസിലാണ് വൈദിക പട്ടം സ്വീകരിച്ചത്. പിന്നാലെ ജെറുസലേമിലേക്ക് തീർത്ഥാടനം. 1969 ഡിസംബർ 13ന് വൈദികനായി. 1973 മുതൽ 1979 വരെ അർജന്റീനിയൻ സഭയുടെ പ്രൊവിൻഷ്യാൾ.

1980ൽ താൻ പഠിച്ച സാൻ മിഗ്വൽ സെമിനാരിയുടെ റെക്ടർ ആയി. 1998ൽ ബ്യൂനസ് ഐറിസ് ആർച്ച് ബിഷപ്പ്. 2001ൽ കർദിനാളായി. വത്തിക്കാൻ ഭരണകൂടമായ റോമൻ കുരിയായുടെ വിവിധ ഭരണ പദവികളിൽ സേവനമനുഷ്ഠിച്ചു. 2005ൽ എപ്പിസ്കോപ്പൽ കോൺഫറൻസിന്റെ അധ്യക്ഷൻ. മൂന്ന് വർഷത്തിന് ശേഷം ഇതേ പദവിയിൽ വീണ്ടുമെത്തി. ബ്യൂനസ് ഐറിസ് ആർച്ച് ബിഷപ്പായിരിക്കെ കർദിനാൽ ജോർജ് മാരിയോ ബർഗോളിയോ 2013ൽ കത്തോലിക്ക സഭയുടെ 266-ാം മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു.

ആഡംബരങ്ങളും സമ്പത്തുമെല്ലാം ഉപേക്ഷിച്ച് വിശപ്പിലും ദാരിദ്ര്യത്തിലും ജീവിത പ്രകാശം കണ്ടെത്തിയ അസീസിയയിലെ ഫ്രാൻസിന്റെ പേരാണ് അദ്ദേഹം സ്വീകരിച്ചത്. ഭീകരതയും അഭയാർഥി പ്രശ്നവും മുതൽ ആഗോളതാപനം വരെയുള്ള കാര്യങ്ങളിൽ അദ്ദേഹത്തിന്റെ നിലപാടുകൾക്ക് ലോകം കാതോർത്തു.



# കേരളത്തിന്റെ അതിജീവനം ലോകത്തെ അത്ഭുതപ്പെടുത്തി: മുഖ്യമന്ത്രി



തിരുവനന്തപുരം: മാസങ്ങളോളം മുടങ്ങിക്കിടന്ന ക്ഷേമപെൻഷൻ കൃത്യമായി വാങ്ങിത്തുടങ്ങിയ ജനങ്ങളോട് ചെമ്പിൽ ബിരിയാണിയെന്ന് പറഞ്ഞാൽ അവർ വിശ്വസിക്കില്ലെന്ന് പിണറായി വിജയൻ. ദുരന്തഘട്ടങ്ങളിൽ കേരളത്തിന്റെ അതിജീവനം ലോകത്തെ അത്ഭുതപ്പെടുത്തിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സി.പി.എം സംസ്ഥാന കമ്മിറ്റിയുടെ പുതിയ ആസ്ഥാന മന്ദിരമായ എ.കെ.ജി സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നവകേരളം യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. വല്ലാത്ത ദശാസന്ധിയിലാണ് പാർട്ടിയിപ്പോൾ. സി.പി.എമ്മിനെ വളഞ്ഞിട്ട് ആക്രമിക്കാൻ പല വഴിയിൽ ശ്രമം നടക്കുന്നു. അതിനെയെല്ലാം അതിജീവിച്ച് കരുത്തോടെ മുന്നോട്ടുപോകും. ഇടതുസർക്കാരുകൾ നാടിന്റെ പുരോഗതിക്കുവേണ്ടി ചെയ്ത കാര്യങ്ങൾ തകർക്കുന്ന സമീപനമാണ് പിന്നീട് വന്ന മറ്റു സർക്കാരുകൾ ചെയ്തത്.

ഓരോ അഞ്ചുവർഷവും അധികാരത്തിലെത്തിയ ഇടതുസർക്കാരിന്റെ ആദ്യവർഷങ്ങൾ ഇത്തരത്തിൽ തകർന്ന കേരളത്തെ തിരിച്ചുപിടിക്കുക എന്നുള്ളതായിരുന്നു. 2016 വരെ ഇതാണ് നടന്നത്. പിന്നീട് വികസന തുടർച്ചകളെ നിലനിർത്തുകയായിരുന്നു. ദുരന്ത ഘട്ടങ്ങളിലെ സഹായം ഔദാര്യമല്ല. പാർട്ടി ഓഫീസ് ഉദ്ഘാടന ദിവസം പഞ്ചാംഗം നോക്കി കണ്ടുപിടിച്ചതാണെന്ന് പറഞ്ഞ ഗവേഷണ ബുദ്ധിക്ക് മുന്നിൽ നമസ്കാരങ്ങൾ അർപ്പിക്കുകയാണ്. ലോക പുസ്തക ദിനവും വില്യം ഷേക്സ്പിയർ മരിച്ച ദിവസവും പെരളം രക്തസാക്ഷി ദിനവുമാണ് ഏപ്രിൽ 23. എന്നാൽ ഇതൊന്നുമല്ല, ഉദ്ഘാടനത്തിന് സൗകര്യമുള്ള ദിവസം ഏതെന്ന് മാത്രമേ നോക്കിയുള്ളു. അതിനെയാണ് പഞ്ചാംഗം നോക്കി കണ്ടെത്തിയെന്ന് പ്രചരിപ്പിച്ചത്. അതൊന്നും ഏശുന്ന പ്രസ്ഥാനമല്ല കമ്മ്യൂണിസ്റ്റ് പാർട്ടി എന്നതെങ്കിലും മനസിലാക്കേണ്ടേ എന്നും പാർട്ടി ആസ്ഥാനം യാഥാർത്ഥ്യമാക്കുന്നതിന് ഇടയാക്കിയത് കോടിയേരി ബാലകൃഷ്ണനാണെന്നും അദ്ദേഹം പറഞ്ഞു.

ഇതുവരെ ഓഫീസ് പ്രവർത്തിച്ചിരുന്ന എ.കെ.ജി പഠന ഗവേഷണ കേന്ദ്രത്തിന് എതിർവശത്തു നിർമ്മിച്ച ആസ്ഥാനത്തിന് മുന്നിൽ മുതിർന്ന നേതാവ് എസ്.രാമചന്ദ്രൻ പിള്ള ആദ്യ പതാക ഉയർത്തി.

കേരളത്തിൽ നിന്നുള്ള പൊളിറ്റ് ബ്യൂറോ അംഗങ്ങൾ, ഇടതുമുന്നണിയിലെ ഘടകകക്ഷി നേതാക്കൾ, മറ്റ് പാർട്ടി നേതാക്കൾ, മന്ത്രിമാർ എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് മുഖ്യമന്ത്രി നാട മുറിച്ചത്.

കേരളത്തിലെ എൽ.ഡി.എഫ് തുടർഭരണത്തിന് തുടർച്ചയുണ്ടാകുമെന്ന് പാർട്ടി ജനറൽ സെക്രട്ടറി എം.എ. ബേബി പറഞ്ഞു. ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തിന് സഹായകമായ വിധത്തിലുള്ള ഇടപെടലുകൾ കേരളത്തിലെ പാർട്ടിക്ക് ഏറ്റെടുത്ത് വിജയകരമായി നടപ്പാക്കാനാകും.

അതിനുള്ള സാഹചര്യം ഒരുക്കാൻ എ കെ ജി സെന്ററിനും എ കെ ജി പഠന ഗവേഷണ കേന്ദ്രത്തിനും കഴിയുമെന്നും അദ്ദേഹം പറഞ്ഞു.



# പഹൽഗാം ആക്രമണം: രാമചന്ദ്രന്റെ മൃതദേഹം കൊച്ചിയിലെത്തിച്ചു

കൊച്ചി: ഭാര്യയും മകളും കൊച്ചുമക്കളുമായി കാശ്മീരിലേക്ക് വിനോദയാത്ര പോയി ഭീകരരുടെ തോക്കിനിരയായ എൻ. രാമചന്ദ്രന്റെ ചേതനയറ്റ ശരീരം ഇന്നലെ (ഏപ്രിൽ 23) രാത്രി നെടുമ്പാശേരി വിമാനത്താവളത്തിലെത്തിച്ചു. ഡൽഹിയിൽ നിന്ന് രാത്രി എട്ടിന് എത്തിച്ച ഭൗതികദേഹത്തിൽ കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, കൃഷിമന്ത്രി പി. പ്രസാദ്, ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് രാജീവ്ചന്ദ്രശേഖർ തുടങ്ങിയവർ അന്ത്യാഞ്ജലി അർപ്പിച്ചു. ബന്ധുക്കളും സുഹൃത്തുക്കളും രാഷ്ട്രീയ നേതാക്കളും ഉൾപ്പെടെ നൂറുകണക്കിന് പേർ വിമാനത്താവളത്തിൽ എത്തിയിരുന്നു.

മൃതദേഹം രാത്രി തന്നെ പാലാരിവട്ടം റിനയ് മെഡിസിറ്റി ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. വിദേശത്തുള്ള മരുമകനും സഹോദരനും എത്തിയശേഷം 25നാണ് സംസ്കാരം. 25ന് രാവിലെ 7 മുതൽ 9വരെ ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ പൊതുദർശനത്തിന് ശേഷം ഇടപ്പള്ളി മങ്ങാട്ട് റോഡിലെ നീരാഞ്ജനത്തിൽ എത്തിക്കും. അന്ത്യകർമ്മങ്ങൾക്ക് ശേഷം 11.30ന് ഇടപ്പള്ളി പൊതുശ്മശാനത്തിൽ സംസ്കരിക്കും.

തിങ്കളാഴ്ച പുലർച്ചെയാണ് രാമചന്ദ്രനും ഭാര്യ ഷീലയും മകൾ ആരതിയും ഇരട്ടക്കുട്ടികളായ ദ്രുപദും കേദാറും കാശ്മീരിലേക്ക് വിനോദയാത്ര പോയത്. ചൊവ്വാഴ്ച പഹൽഗാമിൽ മകളുമൊത്ത് ട്രെക്കിംഗിന് പോയപ്പോഴാണ് ഭീകരർ രാമചന്ദ്രനെ വെടിവച്ചത്. മകളെയും മക്കളെയും വെറുതേവിട്ടു.

മൂന്നുപതിറ്റാണ്ടു മുമ്പ് ഇടപ്പള്ളിയിലെ രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിൽ നിറഞ്ഞു നിന്നയാളാണ് ശ്രാമ്പിക്കൽ വീട്ടിൽ എൻ. രാമചന്ദ്രൻ. നീണ്ട പ്രവാസ ജീവിതം അവസാനിപ്പിച്ച് രണ്ടു വർഷം മുമ്പാണ് മടങ്ങിയെത്തിയത്.









# ഷൈൻ ടോം ചാക്കോയ്ക്കും ശ്രീനാഥ് ഭാസിക്കും എക്സൈസ് നോട്ടീസ്





ആലപ്പുഴ: രണ്ടുകോടിയുടെ ഹൈബ്രീഡ് കഞ്ചാവ് പിടികൂടിയ കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി സിനിമാതാരങ്ങളായ ഷൈൻ ടോം ചോക്കോയും ശ്രീനാഥ് ഭാസിയും 28ന് ആലപ്പുഴ അസി.എക്സൈസ് കമ്മിഷണർ ഓഫീസിൽ ഹാജരാകാൻ നോട്ടീസ് അയച്ചു. എക്സൈസ് അസി.കമ്മിഷണർ ഡി.അശോക് കുമാറാണ് നോട്ടീസ് നൽകിയത്.

ഒന്നാം പ്രതി തസ്ളിമ സുൽത്താനുമായുള്ള സൗഹൃദവും വാട്ട്സാപ് ചാറ്റുകളും സംബന്ധിച്ച വിവരങ്ങളിൽ വ്യക്തതവരുത്തുകയാണ് ലക്ഷ്യം. എക്സ്ട്ര നടിയായിരുന്ന തസ്ളിമയ്ക്ക് സിനിമാരംഗത്തെ നിരവധിപേരുമായി സൗഹൃദവും ബന്ധവുമുള്ളതായാണ് അന്വേഷണസംഘത്തിന്റെ നിഗമനം. ഷൈൻ ടോമും ശ്രീനാഥ് ഭാസിയും തസ്ളിമയുമായി വാട്ട്സാപ്പ് ചാറ്റ് നടത്തിയിരുന്നു. ചാറ്റുകളിൽ പലതും നീക്കം ചെയ്തതതിനാലാണ് ഇരുവരെയും വിളിപ്പിച്ച് വിശദമായി ചോദ്യം ചെയ്യാൻ തീരുമാനിച്ചത്.

ഷൈനും ശ്രീനാഥ് ഭാസിയുമായുള്ള സൗഹൃദത്തെ സംബന്ധിച്ച് തസ്ളിമ എക്സൈസിന് മൊഴി നൽകിയിരുന്നു. ഇവരുമായി പണം ഇടപാടുകൾ നടന്നതിന്റെ സൂചനകളും എക്സൈസിന്റെ പക്കലുണ്ട്. ശ്രീനാഥിനും ഷൈനിനും പുറമേ, തസ്ളിമയുമായി സൗഹൃദമുള്ളതായി കണ്ടെത്തിയിട്ടുള്ള സിനിമാരംഗത്തെ മറ്റ് ചിലരെയും ചോദ്യം ചെയ്യാൻ വിളിപ്പിച്ചേക്കും. ഇന്നലെ തസ്ളിമയെയും ഭർത്താവ് സുൽത്താനെയും എറണാകുളത്തെത്തിച്ച് തെളിവെടുത്തു.

തമിഴ്നാട്ടിൽ നിന്ന് കഞ്ചാവുമായി എറണാകുളത്തെത്തിയശേഷം ഇവർ താമസിച്ച ഹോട്ടൽ, തസ്ളിമയുടെ സുഹൃത്തായ യുവതിയുടെ അപ്പാർട്ട്മെന്റ് തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു തെളിവെടുപ്പ്. യുവതി അറിയാതെയാണ് കഞ്ചാവ് അവരുടെ അപ്പാർട്ട്മെന്റിൽ ഒളിപ്പിച്ചതെന്നാണ് തസ്ളിമ എക്സൈസിനോട് പറഞ്ഞിട്ടുള്ളത്.

# അൻവർ യു.ഡി.എഫിന്റെ വഴിയിലേക്ക്, മുന്നണി പ്രവേശന തീരുമാനം പിന്നീട്



തിരുവനന്തപുരം: നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ മുൻ എം.എൽ.എ പി.വി. അൻവർ യു.ഡി.എഫിനെ പിന്തുണയ്ക്കും. ഇന്നലെ (ഏപ്രിൽ 23) കന്റോൺമെന്റ് ഹൗസിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ, കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല എന്നിവരുമായി നടത്തിയ ചർച്ചയിലാണ് ധാരണയായത്.

അതേസമയം, അൻവറിന്റെ മുന്നണി പ്രവേശം യു.ഡി.എഫ് ഘടകകക്ഷികളുമായി ഒറ്റയ്ക്കും മുന്നണിതലത്തിലും ചർച്ച ചെയ്തശേഷമാവും ഉണ്ടാവുക. നിലമ്പൂരിൽ ആരെ സ്ഥാനാർത്ഥിയാക്കിയാലും കോൺഗ്രസിനും യു.ഡി.എഫിനുമൊപ്പം താനുണ്ടാവുമെന്ന് അൻവർ നേതാക്കൾക്ക് ഉറപ്പുനൽകി.

അൻവറുമായി വിശദമായി സംസാരിച്ചെന്നും അദ്ദേഹം കോൺഗ്രസുമായും യു.ഡി.എഫുമായും സഹകരിക്കുമെന്നും ചർച്ചയ്ക്കുശേഷം പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ മാദ്ധ്യമങ്ങളോട് പറഞ്ഞു. ആ സഹകരണം ഞങ്ങളും സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ചില നിർദ്ദേശങ്ങൾ അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇവ കോൺഗ്രസിലും യു.ഡി.എഫിലും ചർച്ച ചെയ്ത് തീരുമാനിക്കും. മുന്നണിയിൽ ആലോചിക്കാതെ പ്രവേശനത്തെക്കുറിച്ച് പറയാനാകില്ല.

ഘടകകക്ഷികളുമായി ചർച്ചചെയ്തശേഷമേ ഇതുസംബന്ധിച്ച തീരുമാനമെടുക്കൂ. കോൺഗ്രസ് തീരുമാനം ഘടകകക്ഷികൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന രീതി യു.ഡി.എഫിനില്ല. ഒൻപത് വർഷം നിലമ്പൂരിൽ എം.എൽ.എ ആയിരുന്ന അൻവറിന്റെ പിന്തുണ യു.ഡി.എഫിന് ഗുണം ചെയ്യുമെന്നും സതീശൻ പറഞ്ഞു. അൻവറിന്റെ പിന്തുണ യു.ഡി.എഫിന് ഗുണം ചെയ്യുമെന്ന് കെ.സുധാകരനും മാദ്ധ്യമങ്ങളോട് പറഞ്ഞു.

### പിണറായിസത്തിനെതിരെ ഒരുമിക്കും: പി.വി.അൻവർ

പിണറായിസത്തിനെതിരെ ഒരുമിച്ച് പ്രവർത്തിക്കാനാണ് തീരുമാനമെന്ന് പി.വി.അൻവർ പറഞ്ഞു. ഉപതിരഞ്ഞെടുപ്പിൽ തന്നെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തിരഞ്ഞെടുപ്പ് കമ്മിഷനും ബി.ജി.പിയും സി.പി.എമ്മുമെല്ലാം ഇക്കാര്യത്തിൽ യോജിച്ചാണ് നിൽക്കുന്നത്. ഏതായാലും പിണറായിസത്തിനെതിരായ ബോംബാവും പൊട്ടാൻ പോവുക. താൻ യു.ഡി.എഫുമായി സഹകരിക്കുന്നത് തൃണമൂൽ കോൺഗ്രസ് ദേശീയ നേതൃത്വത്തെ അറിയിച്ചിട്ടുണ്ട്. മറ്റു കാര്യങ്ങൾ പിന്നീട് ചർച്ച ചെയ്യും.

യോഗത്തിൽ രണ്ട് കൂട്ടരും സംതൃപ്തരാണ്. തന്റെ പാർട്ടി സ്ഥാനാർത്ഥിയല്ല അവിടെ മത്സരിക്കുന്നത്. അതിനാൽ കോൺഗ്രസ് നേതാക്കളുമായുള്ള കൂടിക്കാഴ്ചയിൽ ആരുടേയും പേര് മുന്നോട്ട് വെച്ചിട്ടില്ല. പ്രസ്ഥാനത്തെ ഇട്ടെറിഞ്ഞ് യു.ഡി.എഫിലേക്ക് പോകാൻ സാധിക്കില്ലെന്നും പി.വി. അൻവർ പറഞ്ഞു.

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് ഏത് സ്ഥാനാർത്ഥിയെ നിശ്ചയിച്ചാലും പിന്തുണയ്ക്കും. ചരിത്രത്തിൽ കണ്ടിട്ടില്ലാത്ത ഭൂരിപക്ഷത്തിൽ യു.ഡി.എഫ് മണ്ഡലത്തിൽ വിജയിക്കുമെന്നും പി.വി. അൻവർ പറഞ്ഞു. കോൺഗ്രസ് നേതാക്കളുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അൻവർ.













# തിരുവാതുക്കൽ കൂട്ടക്കൊല: അമിത് ഉറാംഗ് അറസ്റ്റിൽ



കോട്ടയം: തിരുവാതുക്കലിൽ വ്യവസായിയേയും ഭാര്യയേയും അതിക്രൂരമായി കൊന്ന അസം സ്വദേശി അമിത് ഉറാങ്ങിനെ (23) തൃശൂർ മാളയിലെ അസം സ്വദേശികളുടെ താമസസ്ഥലത്ത് നിന്ന് ഇന്നലെ (ഏപ്രിൽ 23) പുലർച്ചേ പോലീസ് അറസ്റ്റ് ചെയ്തു. ഉച്ചയ്ക്ക് ശേഷം നടത്തിയ തെളിവെടുപ്പിനിടെ വീട്ടിലെ സി.സി.സി.ടി.വിയുടെ ഹാർഡ് ഡിസ്ക് സമീപത്തെ തോട്ടിൽ നിന്ന് പോലീസ് കണ്ടെടുത്തു. മൊബൈൽ ഫോൺ മോഷ്ടിച്ച കേസുമായി ബന്ധപ്പെട്ട വൈരാഗ്യമാണ് ഇരുവരേയും കൊലപ്പെടുത്താൻ കാരണമെന്നാണ് ഇയാളുടെ മൊഴി.

വിജയകുമാറിനെയും ഭാര്യ ഡോ.മീരയെയും കൊന്നശേഷം ഇയാൾ താമസിച്ചിരുന്ന റെയിൽവേ സ്റ്റേഷനിലെ ലോഡ്ജിൽ പോയി കുളിച്ച് ശേഷം ബസിലാണ് മാളയിലേയ്ക്ക് പോയത്. അവിടെ കോഴി ഫാമിൽ ജോലി ചെയ്യുന്ന നാട്ടുകാരനായ യുവാവിനൊപ്പം കഴിയുന്നതിനിടെയാണ് പോലീസിന്റെ വലയിലാകുന്നത്. ഇന്ന് (ഏപ്രിൽ24) രാവിലെ അസമിലേയ്ക്ക് കടക്കാനായിരുന്നു ഇയാളുടെ പദ്ധതി. എന്നാൽ സംഭവത്തിന് ശേഷം ഇയാൾ മോഷ്ടിച്ച വിജയകുമാറിന്റെഫോണിലെനമ്പറുകൾഗൂഗിൾഅക്കൗണ്ടിൽ നിന്ന് മാറ്റാൻ ശ്രമിച്ചത് കുരുക്കായി. സുഹൃത്തിനെ വിളിച്ചതും മറ്റ് സി.സി.ടി.വി ദൃശ്യങ്ങളും പ്രതിയെ പിടികൂടാൻ സഹായകരമായി. ഇയാളിൽ നിന്ന് 11 ഫോണുകളാണ് പോലീസ് കണ്ടെടുത്തത്.

ഇന്നലെ ഉച്ചയോടെ കോട്ടയത്ത് എത്തിച്ച ഇയാൾ ചോദ്യം ചെയ്യലിനിടെയാണ് ഹാർഡ് ഡിസ്ക് തോട്ടിൽ ഉപേക്ഷിച്ച കാര്യം വെളുപ്പെടുത്തിയത്. തെളിവെടുപ്പിനിടെ യാതൊരു കൂസലുമില്ലാതെ ക്രൂരകൃത്യം വിവരിച്ചു കൊടുത്തു. ഹാർഡ് ഡിസ്കിലെ ദൃശ്യങ്ങൾ പരിശോധിച്ച് തെളിവുകൾ ഉറപ്പിക്കാനാണ് പോലീസിന്റെ ശ്രമം.

### 'അവർ മരിച്ചാൽ ഞാൻ രക്ഷപ്പെടും'

വിജയകുമാറും മീരയും മരിച്ചാൽ തന്റെ പേരിലുള്ള മോഷണക്കേസ് നിലനിൽക്കില്ലെന്ന വിശ്വാസത്തിലാണ് കൃത്യം നടത്തിയതെന്ന് ഇയാൾ പോലീസനോടു പറഞ്ഞു. ജയിലിൽ നിന്ന് ഇറങ്ങിയ ശേഷം കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് വിജയകുമാറിനെ സമീപിച്ചെങ്കിലും ശകാരിച്ച് ഇറക്കിവിട്ടു. ഇരുവരും ജീവിച്ചിരുന്നാൽ കേസുമായി മുന്നോട്ടു പോകുമെന്നും അതിനാൽ അവരെ ഇല്ലാതാക്കി നാടുവിടാനുമായിരുന്നു പദ്ധതി. ഇതിനായി ഒരാഴ്ചയോളം കാര്യങ്ങൾ പ്ലാൻ ചെയ്തെന്നും ചോദ്യം ചെയ്യലിൽ സമ്മതിച്ചു. മൊബൈൽ ഫോൺ മോഷ്ടിച്ച കേസുമായി ബന്ധപ്പെട്ട് എടുത്ത അമിതിന്റെ വിരലടയാളവും കൊലയ്ക്കുപയോഗിച്ച കോടാലിയിലെ വിരലടയാളവും സമാനമാണെന്ന് പോലീസിന് ബോദ്ധ്യപ്പെട്ടതോടെയാണ് കൊലപാതകം നടത്തിയത് ഇയാൾ ഒറ്റയ്ക്കാണെന്ന നിഗമനത്തിൽ പോലീസെത്തിയത്.

# ഡോ. എ. ജയതിലക് ചീഫ് സെക്രട്ടറി



തിരുവനന്തപുരം: സംസ്ഥാനത്തെ അൻപതാമത് ചീഫ് സെക്രട്ടറിയായി ഡോ.എ.ജയതിലകിനെ നിയമിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. നിലവിലെ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ ഈ മാസം 30ന് വിരമിക്കും. നിലവിൽ ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയാണ്. 2026 ജൂൺവരെ കാലാവധിയുണ്ട്. സീനിയോറിറ്റിയിൽ മുമ്പിലുള്ള കേരള കേഡറിലെ മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനായ മനോജ് ജോഷി സംസ്ഥാനത്തേക്ക് മടങ്ങിവരാൻ വിസമ്മതിച്ചതോടെയാണ് സീനിയോറിറ്റിയിൽ രണ്ടാമനായ ജയതിലകിന് അവസരമൊരുങ്ങിയത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ് ബിരുദം കരസ്ഥമാക്കിയ ജയതിലക്. ഐ.ഐ.എമ്മിൽ നിന്ന് പി.ജി സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. മാനന്തവാടി സബ് കളക്ടറായാണ് ആദ്യ നിയമനം. കോഴിക്കോട്ടും കൊല്ലത്തും ജില്ല കളക്ടറായിരുന്നു.

സ്പൈസസ് ബോർഡ് ചെയർമാൻ, കൃഷിവകുപ്പ് സെക്രട്ടറി, ഡയറക്ടർ, കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ, ഛത്തീസ്ഗഢ് ടൂറിസം ബോർഡ് എം.ഡി തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.












# വിപ്ലവ വഴിയിലെ തൊഴിൽ നിഷേധം, ഒപ്പം ചീത്തവിളിയും






ബാബു കദളിക്കാട്

അത്ഭുത രോഗശാന്തിക്കായി ബേത്സഥാ കുളത്തിൽ ജലമിളകുന്നത് 38 വർഷം നിരന്തര പ്രതീക്ഷയോടെ കാത്തുകിടന്ന നിസ്വനു മേൽ അവിചാരിത മോചനത്തിന്റെ തിരുക്കരം നീട്ടി യേശു. വനിതാ സിവിൽ പോലീസ് ഓഫീസർ നിയമനത്തിനായി കേരള പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ ബേത്സഥാ പടവിൽ കിടന്ന ഉദ്യോഗാർത്ഥികൾ അത്തരത്തിലൊരു കരുണാർദ്ര കടാക്ഷം ഈസ്റ്റർ കാലത്ത് ഇടതു സർക്കാരിൽ നിന്നു വെറുതേ മോഹിച്ചു. പക്ഷേ, പതിച്ചത് ആഴമേറിയ നിരാശാ ഗർത്തത്തിലേക്ക്; തൊഴിലാളികൾക്കു ഭൂമിയിൽ സ്വർഗ്ഗമൊരുക്കാൻ കഷ്ടപ്പെടുന്ന സി.പി.എം നേതാക്കളിൽ നിന്ന് ഇവർക്കു നേരെ ഉതിർന്നതാകട്ടെ കടുത്ത ആക്ഷേപവും.

വനിതാ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തിയ 18 ദിവസത്തെ രാപ്പകൽ സമരം വിഫലമായതോടെ, കണ്ണുതുറക്കാൻ കൂട്ടാക്കാതിരുന്ന സർക്കാരിനു മുന്നിൽ നിന്നു കണ്ണീരോടെയുള്ള അവരുടെ മടക്കം കേരള ജനതയെ അങ്ങേയറ്റം വേദനിപ്പിക്കുന്നതായി. റാങ്ക് ലിസ്റ്റ് റദ്ദായിജോലികിട്ടില്ലെന്ന്ഉറപ്പായതോടെ, തൊഴിൽ തേടുന്നവരുടെ സ്വപ്നത്തിന്റെയും പ്രതീക്ഷയുടെയും പ്രതീകമെന്നു വിശേഷിപ്പിക്കാവുന്ന ഹാൾ ടിക്കറ്റും റാങ്ക് ലിസ്റ്റും അവർ കത്തിച്ചു ചാരമാക്കി.

റാങ്ക് ലിസ്റ്റ് റദ്ദാക്കി നിരവധി പേരുടെ ജോലിയെന്ന ചിരകാല സ്വപ്നത്തെ ചാമ്പലാക്കിയ ഇടതു സർക്കാരിന്റെ ഏറ്റവും ഒടുവിലത്തെ ഈദൃശ നടപടി. അതുംപോരാഞ്ഞ്, തങ്ങൾക്ക് അർഹതയുള്ള ജോലിക്കു വേണ്ടി സർക്കാരിനു മുന്നിൽ കെഞ്ചിയവരെ അപമാനിക്കാനും മന്ത്രിമാർ ഉൾപ്പെടെ രംഗത്തു വന്നു. വിപ്ലവ വഴിയിലെ തൊഴിൽ നിഷേധവും അധിക്ഷേപവും ജനങ്ങൾ വിസ്മയത്തോടെ കണ്ടു.

കഷ്ടപ്പാടിനൊടുവിൽ കൈയെത്തും ദൂരത്ത് എത്തിയ ജോലിക്കു വേണ്ടി സമരം ചെയ്തത് പാർട്ടിക്കു സുഖിച്ചില്ല. റാങ്ക് ലിസ്റ്റ് പാഴായി മാറുന്നതു സംബന്ധിച്ച പ്രശ്നങ്ങൾ പറയാൻ നേതാക്കളെ സമീപിച്ചപ്പോഴുണ്ടായ ദുരനുഭവങ്ങൾ ഉദ്യോഗാർത്ഥികൾക്കു കണ്ണീരോടെ മാത്രമേ വെളിപ്പെടുത്താൻ കഴിയുമായിരുന്നുള്ളൂ. ഭരണത്തിനു ചുക്കാൻപിടിക്കുന്ന സി.പി.എമ്മിന്റെ ലോക്കൽ കമ്മിറ്റി മുതൽ എ.കെ.ജി സെന്റർവരെ കയറിയിറങ്ങി ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം നേതാക്കളോട് സഹായം തേടിയിരുന്നു.

കഴിഞ്ഞമാസം 19ന് എ.കെ.ജി സെന്ററിൽ ചെന്ന ഉദ്യോഗാർത്ഥികളോട് ഒരു മുതിർന്ന നേതാവ്, 'നിങ്ങൾ മരത്തിൽ തൂങ്ങിയാലും റോഡിൽ പെട്രോളൊഴിച്ചു മരിച്ചാലും പാർട്ടിക്കു പ്രശ്നമില്ലെ'ന്ന് പറഞ്ഞതായി വെളിപ്പെടുത്തലുണ്ടായി. യുവജന നേതാവായ ഒരു എം.പിയെ അവർ കണ്ടപ്പോൾ ആർ.പി.എഫ്, സി.ആർ.പി.എഫ് തുടങ്ങിയവയിൽ നിയമനം ലഭിക്കാത്തതിനെ കുറിച്ചു സംസാരിക്കാത്തതെന്തേ എന്നുള്ള മറുചോദ്യമാണുയർന്നത്.

റാങ്ക് ലിസ്റ്റിൽ ഇടംനേടിയ മിടുക്കരെ ദുർവാശിക്കാർ എന്നാണു പാർട്ടി നേതാവ് പി.കെ. ശ്രീമതി വിശേഷിപ്പിച്ചത്. ഒരു മന്ത്രിയാകട്ടെ കുറേക്കൂടി 'പ്രയോഗികത' പ്രകടമാക്കി. ഉദ്യോഗാർത്ഥികളോട് മീൻ വിറ്റ് ജീവിക്കാൻ ഉപദേശിച്ചു ആ വിപ്ലവ പാർട്ടി മന്ത്രി. സർക്കാരിന്റെ ഔദാര്യത്തിനു വേണ്ടിയുള്ള സമരം ആയിരുന്നില്ല ഉദ്യോഗാർത്ഥികളുടേത്. എന്നാൽ, സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സമീപനമത്രയും ഈയൊരു ഭാവത്തിലുള്ളതായിരുന്നു. ഒരു ജോലിയെന്നത് സാധാരണക്കാരെ സംബന്ധിച്ച് അവരുടെ ഏറ്റവും വലിയ സ്വപ്നമാണെന്നു തിരിച്ചറിയാതെയുള്ളതായിപ്പോയി സർക്കാർ സമീപനം.

ഉദ്യോഗാർത്ഥികൾക്കു ദുർവാശിയാണെന്നു പറഞ്ഞ പി.കെ.ശ്രീമതിയോട് നിങ്ങൾക്കും കുഞ്ഞുങ്ങളില്ലേ എന്നൊരു ചോദ്യം മാത്രമാണ് ഉദ്യോഗാർത്ഥികൾക്ക് ഉന്നയിക്കാനുണ്ടായിരുന്നത്. ജോലി ചെയ്തു ജീവിക്കാനും കുടുംബം പുലർത്താനും ആഗ്രഹിക്കുന്ന സാധാരണക്കാർക്കു മാത്രമേ ഒരു പക്ഷേ ഈയൊരു ചോദ്യത്തിന്റെ അർത്ഥം മനസിലാകൂ. അതു മനസിലാകുന്ന ഒരാൾ പോലും പിണറായി വിജയൻ സർക്കാരിന്റെ ഭാഗത്ത് ഉണ്ടാകാതെ പോയത് കേരളത്തിന്റെ നിർഭാഗ്യമാണെന്ന് കരുതുന്നു പൊതുസമൂഹം.

പതിനെട്ടു ദിവസത്തോളം മഴയും വെയിലും സഹിച്ചു സമരം ചെയ്തവരെ കാണാൻ പോലും മുഖ്യമന്ത്രിയടക്കമുള്ളവർ കൂട്ടാക്കിയില്ല. അർഹതയില്ലാത്തവർക്കു ജോലി കിട്ടില്ലെന്ന മുഖ്യമന്ത്രിയുടെ വാക്കുകൾ അവരെ അപമാനിക്കുന്നതിനു തുല്യമാവുകയും ചെയ്തു. 967പേർ ഉൾപ്പെടുന്ന റാങ്ക് ലിസ്റ്റിൽനിന്ന് 259 പേർക്കാണു നിയമന ശിപാർശ ലഭിച്ചത്. ഏപ്രിൽ രണ്ടു മുതൽ 45 ഉദ്യോഗാർത്ഥികൾക്കു കൂടി അഡ്വൈസ് മെമ്മോ ലഭിച്ചു. സമരം ചെയ്ത മൂന്ന് പേർക്ക് ഉൾപ്പെടെയാണ് അഡ്വൈസ് നൽകിയത്.

എത്ര കഷ്ടപ്പെട്ടു പഠിച്ചാലും നാട്ടിൽ രക്ഷയില്ലെന്നു കാലഹരണപ്പെടുന്ന ഒരോ റാങ്ക് ലിസ്റ്റും യുവതീ, യുവാക്കളെ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തി കൊണ്ടേയിരിക്കുന്നു. ജോലിക്കുവേണ്ടി കഷ്ടപ്പെടുന്നവരെ അവഗണിക്കുന്ന ഇതേ സർക്കാർ തന്നെ ബന്ധുക്കൾക്കും വേണ്ടപ്പെട്ടവർക്കും വേണ്ടി പിൻവാതിൽ തുറന്നിട്ടിരിക്കുന്നുവെന്നതു വേറെ കാര്യം. സർക്കാരിന്റെ ഈയൊരു ഇരട്ടത്താപ്പിനെതിരേ കാര്യക്ഷമമായി പ്രതികരിക്കാൻ പ്രതിപക്ഷം പോലും രംഗത്തില്ലെന്നതും ഖേദകരം തന്നെ. ഉദ്യോഗാർത്ഥികളെ കേൾക്കനോ അവരുടെ സങ്കടം അറിയാനോ സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരാളും ഉണ്ടായില്ലെന്നതു തികച്ചു മനുഷ്യത്വരഹിതവും ഉത്തരവാദിത്വമില്ലായ്മയുമാണ്.

കഠിനാദ്ധ്വാനത്തിന്റെ ദീർഘ വഴികൾ താണ്ടിയാലേ ഒരു കുട്ടിക്കു റാങ്ക് ലിസ്റ്റിൽ സ്ഥാനം നേടാൻ കഴിയൂ എന്ന വസ്തുത പാർട്ടി നേതാക്കൾ കാണുമെന്നു കരുതാവുന്ന സാഹചര്യമല്ല കേരളത്തിലേത്. എസ്.എഫ്.ഐ, ഡി.വൈ.എഫ്.ഐ ബന്ധമുള്ളവർ അങ്ങനെയല്ലാതെ കാര്യം കാണുന്നതായുള്ള കഥകൾ ജനങ്ങൾ വിശ്വസിക്കുന്നു.

ഇതിനിടെയാണ് ഉയർന്ന കട്ട് ഓഫ് മാർക്ക് വാങ്ങി ജോലി സാധ്യതയിൽ മുന്നിൽ വന്നാൽ പോലും സംസ്ഥാനത്തെ യുവതീ, യുവാക്കൾക്കു രക്ഷയില്ലെന്ന് ഒരിക്കൽകൂടി സർക്കാർ ജനങ്ങളെ ബോധ്യപ്പെടുത്തിയിരിക്കുന്നത്. തൊഴിലിനു വേണ്ടിയുള്ള അവരുടെ കഠിന ശ്രമങ്ങളെ പിന്തുണയ്ക്കാൻ സർക്കാരിന് ഒരു രീതിയിലും കഴിയുന്നില്ല.

ഈയൊരു അവഗണനയാണു ബഹുഭൂരിപക്ഷം വിദ്യാർഥികളെയും കേരളം വിടാൻ പ്രേരിപ്പിക്കുന്ന മുഖ്യഘടകമെന്ന് വിദ്യാഭ്യാസ വിദഗ്ധരും കരിയർ വിദഗ്ധരും ചൂണ്ടിക്കാട്ടുന്നു.

### വേണ്ടവർക്ക് യഥേഷ്ടം

മുണ്ടുമുറുക്കാനും നിയമനങ്ങൾമരവിപ്പിക്കാനും വികസനമേഖലയിലടക്കം ചെലവുകൾ വെട്ടിച്ചുരുക്കാനും ധനവകുപ്പ് നിർദ്ദേശങ്ങൾ ആവർത്തിക്കുമ്പോഴും പി.എസ്.സി ചെയർമാനും അംഗങ്ങൾക്കും വാരിക്കോരി ശമ്പളം നൽകാൻ സർക്കാർ മടിക്കുന്നില്ലെന്നത് ഇതിനിടെ ചർച്ചാവിഷയമായതു സ്വാഭാവികം. പി.എസ്.എസ്.സി ചെയർമാന്റെയും അംഗങ്ങളുടേയും വേതനം വർധിപ്പിക്കാൻ രണ്ടു മാസം മുമ്പ് മന്ത്രിസഭായോഗം തീരുമാനം കൈക്കൊണ്ടിരുന്നു. ഇതോടെ ചെയർമാന് ജില്ലാ ജഡ്ജിമാരുടെ സൂപ്പർടൈംസ്കെയിലിലെ ശമ്പളമാണ് ലഭിക്കുക. ജില്ലാ ജഡ്ജിമാരുടെ സെലക്ഷൻ ഗ്രേഡ് ശമ്പളം പി.എസ്.സി അംഗങ്ങൾക്ക് ലഭിക്കും. പി.എസ്.സി വിജ്ഞാപനങ്ങളും റാങ്കുപട്ടികയിൽ നിന്നുള്ള നിയമനങ്ങളും കുറയുകയും പി.എസ്.സിയിൽ വൻ ശമ്പളം നൽകുകയും ചെയ്യുന്ന വിരോധാഭാസമാണ് അരങ്ങേറുന്നത്.

രാഷ്ട്രീയക്കാർക്ക് വലിയൊരു കറവപ്പശുവായ കേരളത്തിലെ പി.എസ്.സിയിൽ അംഗങ്ങളായി 20 പേരാണുള്ളത്. ചെയർമാനും സെക്രട്ടറിയും അടക്കം 21 പേരടങ്ങുന്നതാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ. മറ്റു സംസ്ഥാനങ്ങളിലെ പി.എസ്.സി അംഗങ്ങളുടെ സേവന വേതന വ്യവസ്ഥകൾ പരിഗണിച്ചാണ് വർധനയെന്നാണ് സർക്കാർ ഭാഷ്യം. ചെയർമാന്റെ അടിസ്ഥാന ശമ്പളം 76000 രൂപയാണ്. എന്നാൽ മറ്റ് അലവൻസുകൾ ഉൾപ്പെടെ 2.26 ലക്ഷം രൂപയാണ് ഒരു മാസം ചെയർമാന് ലഭിക്കുക. അംഗങ്ങൾക്ക് അടിസ്ഥാന ശമ്പളം 70000 രൂപയാണ്. എന്നാൽ അലവൻസ് ഉൾപ്പെടെ 2.30 ലക്ഷം രൂപ ലഭിക്കും.

പി.എസ്.സി ചെയർമാൻ, അംഗങ്ങൾ എന്നിവരെ നിയമിക്കുന്നത് രാഷ്ട്രീയ പരിഗണനകൾ വച്ചാണ്. മുന്നണി അടിസ്ഥാനത്തിൽ പി.എസ്.സി അംഗങ്ങൾ വീതം വച്ച് എടുക്കുന്നതാണ് പതിവ്. ഘടകകക്ഷികൾക്കടക്കം പി.എസ്.സി അംഗത്വം നൽകിയിട്ടുണ്ട്. പി.എസ്.സി അംഗങ്ങളുടെ കാലാവധി ആറ് വർഷമാണ്. വൻ തുക ശമ്പളമായി ലഭിക്കുമെന്നതിനാലാണ് പി.എസ്.സി അംഗത്വത്തിനായി നിരവധിപേർ ഭരണകക്ഷി പാർട്ടികളിൽ സമ്മർദ്ദം ചെലുത്തുന്നത്. പി.എസ്.സി അംഗത്വം വിൽപ്പന നടത്തിയെന്ന ആരോപണവും ഉയർന്നിരുന്നു. ചെയർമാനും അംഗങ്ങൾക്കും ജീവിതകാലം മുഴുവൻ പെൻഷനും ലഭിക്കും.

ചെയർമാന് നാല് ലക്ഷവും അംഗങ്ങൾക്ക് 3.75 ലക്ഷവും വേതനമായി നൽകണമെന്നായിരുന്നു പി.എസ്.സി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ പി.എസ്.സി ചെർമാന്റെയും അംഗങ്ങളുടേയും സേവന വേതന വ്യവസ്ഥകൾ പരിഗണിച്ചാണ് ഈ വർധനയെന്നാണ് സർക്കാർ വ്യക്തമാക്കിയത്. എന്നാൽ രാജ്യത്ത് ഏറ്റവും കൂടുതൽ അംഗങ്ങളുള്ള പബ്ലിക് സർവീസ് കമ്മീഷനാണ് കേരളത്തിലേതെന്ന് സൗകര്യപൂർവം മറച്ചുവെച്ചു. തമിഴ്നാട് പി.എസ്.സിക്ക് 14 അംഗങ്ങളും കർണ്ണാടക പി.എസ്.സിക്ക് 13 അംഗങ്ങളും യു.പി പി.എസ്.സിക്ക് ഒൻപത് അംഗങ്ങളുമാണുള്ളതെന്നും കേരള സർക്കാർ പൊതുജനങ്ങൾക്ക് മുന്നിൽ വ്യക്തമാക്കിയില്ല.


കാറും വീട്ടുവാടകയും മറ്റും അടക്കം വൻ തുകയാണ് പി.എസ്.സി അംഗങ്ങൾക്കും ചെയർമാനുമായി സർക്കാർ ചെലവഴിക്കുന്നത്. ചെയർമാന് ഫലത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ തുല്യമായ ആനുകൂല്യങ്ങൾ ലഭിക്കും. പി.എസ്.സി അംഗങ്ങളുടെ പെൻഷനിലും ഈ വർധനയുണ്ടാവും. തിങ്കളാഴ്ച കമ്മിഷന്റെ സിറ്റിംഗ്, ചൊവ്വാഴ്ച കമ്മിറ്റി ചേരൽ. അഭിമുഖങ്ങൾ, ഫയൽ നോക്കൽ തുടങ്ങിയവയാണ് ഇവരുടെ ജോലി. പലരും ലക്ഷങ്ങൾ കോഴ നൽകിയാണ് പി.എസ്.സി അംഗങ്ങളായതെന്നാണ് അണിയറ സംസാരം. ഇതിനെ ന്യായീകരിക്കുന്നതാണ് സർക്കാർ തീരുമാനമെന്ന ആരോപണവും ശക്തം. പക്ഷേ, ചെലവ് വെട്ടിച്ചുരുക്കാനുള്ള ത്വരയിൽ വനിതാ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് ചവറ്റുകൊട്ടയിലായി. സമരത്തീയിലൂടെ ജ്വലിച്ചുയർന്ന പാർട്ടിക്കാകട്ടെ ഇവരുടെ പ്രതിഷേധത്തോടും പുച്ഛം.



# രാഷ്ട്രീയ ചേരിപ്പോരിന് ചേറ്റൂരും ഒരു ആയുധമോ?

അക്ഷയ്കുമാർ നായകനായ കേസരി 2ന്ന ചിത്രം ഇന്ന് രാഷ്ട്രീയ രംഗത്ത് ചർച്ചകളിലൂടെ ഹിറ്റാണ്. ആ കഥയിലെ വീരനായകൻ മലയാളിയായ ചേറ്റൂർ ശങ്കരൻ നായരാണ്. ചരിത്രമറിയാവുന്ന കേരളീയന് എന്നും അഭിമാനിക്കാവുന്ന സർഗ പ്രതിഭ. എല്ലാ അർത്ഥത്തിലും വീര നായക പരിവേഷം ചാർത്തപ്പെട്ട പാലക്കാട്ടുകാരൻ. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അദ്ധ്യക്ഷ പദവിയിൽ എത്തിയ ആദ്യ മലയാളി. ആധുനിക ഇന്ത്യ പിറക്കും മുന്നേ വിട പറഞ്ഞ രാഷ്ട്രീയ അതികായൻ, സർ സി.ശങ്കരൻനായർ എന്ന ചേറ്റൂർ.

ബ്രിട്ടീഷ് ഭരണകൂടത്തിലെ വൈസ്രോയിയുടെ കൗൺസിൽ അംഗവും പ്രശസ്ത ബാരിസ്റ്ററുമായിരുന്ന സി. ശങ്കരൻ നായരുടെ കഥയാണ് ഈ സിനിമ. ദ്ദേഹത്തെക്കുറിച്ച് പ്രപൗത്രൻ രഘു പാലാട്ടും ഭാര്യ പുഷ്പ പാലാട്ടും ചേർന്നെഴുതിയ 'ദ കേസ് ദാറ്റ് ഷുക്ക് ദ എംപയർ' എന്ന പുസ്തകത്തെ ആസ്പദമാക്കിയാണ് ചിത്രം. ജാലിയൻവാലാബാഗ് കൂട്ടക്കൊലയെക്കുറിച്ച് അന്വേഷിക്കാൻ ബ്രിട്ടീഷുകാർ ആദ്യം നിയോഗിച്ചത് അദ്ദേഹത്തെയാണ്. അവർ പ്രതീക്ഷിച്ചത് അവർക്ക് അനുകൂലമായ ഒരു റിപ്പോർട്ടായിരുന്നു. അമൃത്സറിൽ നിരായുധരായ സാധാരണക്കാരെ ജനറൽ റെജിനാൾഡ് ഡയർ കൂട്ടക്കൊല ചെയ്യാൻ ഉത്തരവിട്ടതാണെന്ന ഭയാനകമായ സത്യം നായർ കണ്ടെത്തുമ്പോൾ, ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ താൽപര്യത്തെ വെല്ലുവിളിച്ച്, വംശഹത്യയ്ക്കെതിരെ കിരീടത്തിനും ഡയറിനുമെതിരെ കേസെടുക്കാൻ അദ്ദേഹത്തിന്റെ മനസ്സാക്ഷി അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു.






### ആരുടെ ചേറ്റൂർ

കേസരി ചാപ്റ്റർ 2 ഇറങ്ങിയ ശേഷം കോൺഗ്രസും ബി.ജെ.പിയും ഇതിലെ ഇതിവൃത്തത്തിൽ നിന്ന് അകന്ന് അതിനെ ഒരു രാഷ്ട്രീയ ആയുധമാക്കാൻ മത്സരിക്കുകയാണ്. കേരളത്തിൽ ഇക്കളിയിൽ നേട്ടത്തിന് കൊതിക്കുന്നത് ബി.ജെ.പി തന്നെ. കോൺഗ്രസുകാർ മറന്നു പോയ അവരുടെ നേതാവിനെ തങ്ങൾ കണ്ടെത്തി ആദരിക്കുന്നു എന്ന പ്രതീതി ജനിപ്പിക്കാൻ സുരേഷ് ഗോപിയുടെ നേതൃത്വത്തിലാണ് 'ചേറ്റൂർ ഓപ്പറേഷൻ'.

കോൺഗ്രസ് ചേറ്റൂർ ശങ്കരൻ നായർക്ക് വേണ്ടത്ര പരിഗണന കൊടുത്തിട്ടില്ല. അവഗണിച്ചു. വേണമെങ്കിൽ അതിനൊരു ചരിത്ര പശ്ചാത്തലം കണ്ടെത്തി കോൺഗ്രസ് നേതൃത്വത്തിന് തടിതപ്പാം. പക്ഷെ ബി.ജെ.പി വിഷയം കൈവിടാൻ ഒരുക്കമല്ല. 1897ൽ അമരാവതിയിൽ കൂടിയ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ശങ്കരൻ നായർ ആ പദവിയിലെത്തുന്ന ഏക മലയാളിയാണ്. വിദേശ മേധാവിത്വത്തെ ഏറ്റവും അധികം വിമർശിക്കുകയും ഇൻഡ്യക്ക് പുത്രികാരാജ്യ പദവിയോടുകൂടി സ്വയം ഭരണം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്ത അദ്ദേഹത്തിന്റെ പ്രസംഗം ഏറെ ശ്രദ്ധിക്കപ്പെട്ടു. 1919ലെ ജാലിയൻ വാലാബാഗ് കൂട്ടക്കൊലയെ തുടർന്ന് ദേശസ്നേഹിയായ ചേറ്റൂർ വൈസ്രോയിയുടെ എക്സിക്യൂട്ടിവ് കൗൺസിലിൽ നിന്നു രാജിവച്ചു. ജാലിയൻവാലാബാഗ് സംഭവത്തിന്റെ ഉത്തരവാദിയായ ജനറൽ മൈക്കിൾ ഡയറിനെതിരെയും, ക്രൂരമായ മാർഷൽ നിയമത്തിനെതിരെയും സർ ചേറ്റൂർ ശങ്കരൻ നായർ ഇംഗ്ലണ്ടിൽ ചെന്ന് കേസ് വാദിക്കുകവരെ ചെയ്തു. എന്നാൽ ഗാന്ധി യുഗത്തിന്റെ ആരംഭത്തോടെ അദ്ദേഹം കോൺഗ്രസിൽ നിന്നും അകന്നു. ഗാന്ധിജിയുടെ നിലപാടുകളെ, പ്രത്യേകിച്ച് നിസ്സഹകരണ പ്രസ്ഥാനങ്ങളെ അദ്ദേഹം നിശിതമായി വിമർശിച്ചു.

ഇക്കാരണം കൊണ്ടാണ് തങ്ങൾ ചേറ്റൂരിന് വേണ്ടത്ര പരിഗണന നൽകാതിരുന്നത് എന്ന് വാദിക്കാൻ ഇന്ന് കോൺഗ്രസ് നേതൃനിരയിൽ ആരാണുള്ളത്? അങ്ങനെയൊക്കെ വാദിക്കാൻ അവർക്ക് എവിടെയാണ് സമയം. അത് പറിച്ച് ചേറ്റൂരിന്റെ ജന്മനാടായ മങ്കരയിലെ ജനങ്ങളെയെങ്കിലും ബോധ്യപ്പെടുത്താൻ കെ. സുധാകരനും കൂട്ടർക്കും കഴിയുമോ?

പ്രത്യയശാസ്ത്രപരമായ വ്യത്യാസങ്ങളും പിൽക്കാലത്ത് കോൺഗ്രസിലെ ശാക്തിക സംതുലനത്തിലുണ്ടായ വ്യത്യാസങ്ങളും ശങ്കരൻ നായർ വിസ്മരിക്കപ്പെടാൻ കാരണമായി. 'ഗാന്ധിയും അരാജകത്വവും' എന്ന പുസ്തകത്തിൽ ഗാന്ധിയൻ സമരരീതികളെ വിമർശിച്ചതായിരുന്നു വലിയൊരു കാരണം. നിസ്സഹകരണ പ്രസ്ഥാനത്തെ അദ്ദേഹം എതിർത്തു. അത് സമൂഹത്തിൽ ആക്രമവും അരാജകത്വവും പടർത്താൻ കാരണമാകും എന്ന് അദ്ദേഹം വാദിച്ചു. ഖിലാഫത്ത് പ്രസ്ഥാനത്തിന് അദ്ദേഹം എതിരായിരുന്നു, അത് മതത്തെ രാഷ്ട്രീയവത്ക്കരിച്ചുവെന്നും ഹിന്ദുമുസ്ലിം സംഘർഷത്തെ വളർത്താൻ ഒരു പരിധിവരെ കാരണമായെന്നും അദ്ദേഹം കരുതി. ഈ കാഴ്ചപ്പാടുകൾ അദ്ദേഹത്തെ കോൺഗ്രസ് നേതൃത്വത്തിൽ നിന്ന് അകറ്റി.

1920കളിൽ ഗാന്ധി വലിയൊരു ജനനായകനായിമാറിക്കഴിഞ്ഞിരുന്നു, രാജ്യമാകെ ഗാന്ധി തരംഗമായി. അപ്പോൾ കൊളോണിയൽ ഭരണഘടനയെ പിന്താങ്ങുന്ന ആൾ എന്ന നിലയ്ക്ക് ശങ്കരൻ നായർക്ക് പാർട്ടി പ്രവർത്തകർക്കിടയിൽ ജനപ്രീതി കുറഞ്ഞു. നിയമപരവും ജനാധിപത്യപരവുമായ മാർഗങ്ങളായിരുന്നു അദ്ദേഹത്തിന് താല്പര്യം. ബ്രിട്ടീഷുകാരുമായി സഹകരിച്ചു പ്രവർത്തിച്ച പശ്ചാത്തലവും തിരിച്ചടിയായി. നിയമപരവും ഭരണഘടനാപരവുമായ മാർഗങ്ങളിലൂടെ വേണം രാജ്യത്തിന് സാമന്തരാജ്യ പദവി നേടേണ്ടത് എന്നായിരുന്നു അദ്ദേഹം കരുതിയത്.

### ആറ്റിക്കുറുക്കിയാൽ ചേറ്റൂരിന്റെ ജീവിതരേഖ ഇപ്രകാരമാണ്

1857 ജൂലായ് 11ന് ശങ്കരൻ നായർ ജനിച്ചു. ബ്രിട്ടീഷ് സർക്കാരിൽ തഹസിൽദാരായിരുന്ന ഗുരുവായൂർ മമ്മായിൽ രാമുണ്ണിപ്പണിക്കരും ചേറ്റൂർ പാർവ്വതിയമ്മയുമായിരുന്നു മാതാപിതാക്കൾ. കോഴിക്കോട്ടും മദ്രാസിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. 1879ൽ നിയമബിരുദം നേടി അഭിഭാഷകനായ അദ്ദേഹം പിന്നീട് മുൻസിഫ് ആയും ജോലി നോക്കി. മദ്രാസ് സർക്കാരിന്റെ മലബാർ അന്വേഷണ കമ്മിറ്റിയംഗം, മദ്രാസ് നിയമസഭാംഗം, മദ്രാസ് ഹൈക്കോടതി ജഡ്ജി, ഇൻഡ്യൻ യൂണിവേഴ്സിറ്റി കമ്മീഷൻ അംഗം, സൈമൺ കമ്മീഷനുമായി സഹകരിക്കാനുള്ള ഇൻഡ്യൻ സെൻട്രൽ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. 1904ൽ കമാൻഡർ ഓഫ് ഇൻഡ്യൻ എമ്പയർ എന്ന ബഹുമതി അദ്ദേഹത്തിനു നൽകിയ ബ്രിട്ടീഷ് സർക്കാർ 1912ൽ സർ പദവിയും നൽകി.

ഇത്രയും പകിട്ടുള്ള ആ വ്യക്തിത്വമാണ് പിന്നീട് തങ്ങളുടെ ദേശീയ അദ്ധ്യക്ഷനായതെന്ന് ഓർമ്മിക്കാൻ ഒരോ കോൺഗ്രസുകാരനേയും പ്രേരിപ്പിക്കുന്നതാണ് ബി.ജെ.പി ഉയർത്തുന്ന ചേറ്റൂർ സ്നേഹം.

### ചേറ്റൂർ സ്നേഹം

മങ്കര പഞ്ചായത്ത് ഭരിക്കുന്നതു പോലും കോൺഗ്രസാണ്. എന്നിട്ടും ചേറ്റൂരിന് ഉചിതമായ ഒരു സ്മാരകം തീർക്കാൻ അവർക്കു കഴിഞ്ഞില്ല എന്ന ആക്ഷേപമാണ് ബി.ജെ.പിയുടെ തുറുപ്പു ചീട്ട്. ഒറ്റപ്പാലത്തെ ചേറ്റൂരിന്റെ വീട് കേന്ദ്ര മന്ത്രി സുരേഷ് ഗോപി സന്ദർശിച്ചത് ഈ വിഷയത്തിൽ ബി.ജെ.പയുടെ മനസ് വ്യക്തമാക്കുന്ന നടപടിയായിരുന്നു.

അതിനിടെ, സിനിമ ഒരു നിമിത്തം മാത്രമായിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോഡി തന്നെ ചേറ്റൂരിനെ പ്രശംസിച്ചു രംഗത്ത് വന്നതോടെ ദേശീയ തലത്തിൽ വിഷയം അവതരിക്കപ്പെട്ടു. വിദ്യാർത്ഥികൾ ചേറ്റൂരിന്റെ ചരിത്രം അറിഞ്ഞിരിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബി.ജെ.പി നേതാക്കൾ ഈ വിഷയത്തിൽ സംസ്ഥാന തലത്തിൽ പ്രചാരണം നടത്തുകയും ചെയ്തു.

എന്നാൽ ദേശീയതലത്തിൽ രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള നേതാക്കളാരും ഇതിനോട് പ്രതികരിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ജയറാം രമേശ് അതിനെ അവഗണിക്കേണ്ട വിഷയമായി ചിത്രീകരിക്കുകയും ചെയ്തു.

എന്നാൽ ശങ്കരൻ നായരുടെ സംഭാവനകൾ ആധുനിക ഇന്ത്യാചരിത്രത്തിന്റെ ചവറ്റുകുട്ടയിലേക്ക് തള്ളപ്പെട്ടതിൽ ഖേദവും അദ്ദേഹത്തിന്റെ ജീവിതകഥ സിനിമയാവുന്നതിൽ സന്തോഷവും ശശിതരൂർ പ്രകടിപ്പിച്ചിരുന്നു.

ഒരു ഇംഗ്ലീഷ് ചാനലിനു നൽകിയ അഭിമുഖത്തിൽ, സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ചരിത്രസംഭവങ്ങളുടെ കുത്തൊഴുക്കിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കേരളത്തിനു പുറത്ത് വേണ്ട രീതിയിൽ ശ്രദ്ധിക്കപ്പെടാതെ പോയെന്നും തരൂർ പറഞ്ഞു.

എന്നാൽ, സർദാർ പട്ടേൽ അടക്കമുള്ള ദേശീയ നേതാക്കളെ ബി.ജെ.പി ഏറ്റെടുത്ത കാഴ്ച കണ്ടു നിൽക്കനേ കോൺഗ്രസിന് കഴിഞ്ഞുള്ളു എന്നത് സമീപകാല ചരിത്രം.

പട്ടേൽ പ്രതിമ വഴി പതിറ്റാണ്ടുകളോളം ഇന്ത്യ ഭരിച്ച കോൺഗ്രസിന് ബി.ജെ.പി സമ്മാനിച്ചത് ഇതേ പ്രതിയോഗ രാഷ്ട്രീയമാണ്.

ചേറ്റൂരിന്റെ കാര്യത്തിൽ കോൺഗ്രസ് അവഗണന കാണിച്ചുവെന്ന് ചേറ്റൂരിന്റെ കുടുംബത്തെക്കൊണ്ട് പറയിക്കാൻ ബി.ജെ.പിക്ക് കഴിഞ്ഞതോടെ പാലക്കാട്ടെ കോൺഗ്രസ് നേതാക്കൾ പ്രതിരോധത്തിലായി.

ചേറ്റൂരിന്റെ ചരമദിനത്തിൽ അനുസ്മരണ പരിപാടി നടത്താനും അവർ തയാറായി.

സാമൂഹികമാധ്യമങ്ങളുടെ ഇക്കാലത്ത് ഒരോ നിമിഷവും അതിപ്രധാനമാണ്. ജനപ്രിയമാധ്യമങ്ങളെല്ലാം ഉപയോഗിച്ച് തങ്ങളുടെ പ്രത്യയശാസ്ത്രത്തിന് അനുകൂലമായ ആഖ്യാനങ്ങൾ നിരന്തരം സൃഷ്ടിക്കുകയാണ് ബി.ജെ.പിയും വലതുപക്ഷവും. കോൺഗ്രസ് നേരേ തിരിച്ചും.

ബോസിനും പട്ടേലിനും അംബേദ്കറിനും ശേഷം മറ്റൊരു അതികായനെ കൂടി വലതുപക്ഷം ഏറ്റെടുക്കാൻ തയ്യാറെടുക്കുകയാണ്. യുഗപ്രഭാവനായ ചേറ്റൂർ ശങ്കരൻനായരുടെ കാര്യത്തിൽ ഈ ഏറ്റെടുക്കൽ എത്രത്തോളം വിജയകരമാവും എന്നതാണ് പുതിയ രാഷ്ട്രീയ ചോദ്യം.

◗ *പ്രിജിത് രാജ്*



# കരുണാകരൻ പുതിയ രാഷ്ട്രീയ പാർട്ടിയുമായി കൊമ്പുകോർക്കാൻ കച്ചമുറുക്കുന്നു









ജോഷി ജോർജ്

ഒടുവിൽ അത് സംഭവിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന പ്രസ്ഥാനം കേരളത്തിൽ വീണ്ടും പിളരുകയാണ്. 2005 മെയ് ഒന്നിന് തൃശൂരിലെ ഇൻഡോർ സ്റ്റേഡിയത്തിൽ കരുണാകരൻ അദ്ദേഹത്തിന്റെ അനുയായികളുടെ വലിയൊരു യോഗം വിളിച്ചുകൂട്ടി. അവിടെവച്ച് പുതിയൊരു രാഷ്ട്രീയ പാർട്ടികൂടി കേരള മണ്ണിൽ രൂപം പ്രാപിച്ചു.

നാഷണൽ കോൺഗ്രസ് (ഇന്ദിര) അങ്ങനെയായിരുന്നു കരുണാകരന്റെ പുതിയ പാർട്ടിയുടെ പേര്. ഇന്ദിരാഗാന്ധിയുടെ ചിത്രത്തോടൊപ്പം ചർക്ക ആ ലേഖനം ചെയ്ത ത്രിവർണ പതാക. കെ. മുരളീധരനെ ആ യോഗത്തിൽ പുതിയ പാർട്ടിയുടെ പ്രസിഡന്റായി തിരഞ്ഞെടുത്തു. പുതുതായി രൂപംകൊണ്ട പാർട്ടിയുടെ പേര് മൂന്നു പ്രാവശ്യം ഉറക്കെ പറഞ്ഞുകൊണ്ട് കരുണാകരൻ പാർട്ടി രൂപീകരണം പൂർത്തിയായതായി പ്രഖ്യാപിച്ചു. തുടർന്ന് ആകാശം പൊട്ടുമാറുച്ചത്തിൽ അനുയായികൾ അതേറ്റുപറഞ്ഞു. തുടർന്ന് പുതിയ പതാക കെ. മുരളീധരന് കൈമാറി.

അണികൾ അത്യാവേശത്തിൽ കരുണാകരനും മരളീധരനും ജയ്‌വിളിച്ചുകൊണ്ടേയിരുന്നു. കരുണാകരന്റെ പുതിയ പാർട്ടിയുടെ പേരിന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ)യുടെ പേരിനോട് സാദൃശ്യമുണ്ടായിരുന്നതിനാൽ കോൺഗ്രസ് തിരഞ്ഞെടുപ്പ് കമ്മീഷനെ ഉടൻ തന്നെ സമീപിച്ചു. പുതിയ പേര് പറ്റില്ലെന്ന് കമ്മീഷൻ തീർപ്പു കല്പിച്ചു. അതോടെ ഡെമോക്രാറ്റിക് ഇന്ദിരാകോൺഗ്രസ് (കരുണാകരൻ) എന്നാക്കി മാറ്റി.

ഇതിനോടകം കേരളാ കോൺഗ്രസ്സിലെ ടി.എം. ജേക്കബ്, ബാലകൃഷ്ണപിള്ള വിഭാഗങ്ങൾ യു.ഡി.എഫ്. വിട്ടിരുന്നു. ഇരുവർക്കും ഉമ്മൻചാണ്ടി മന്ത്രിസഭയിൽ പ്രാതിനിധ്യം നൽകാതിരുന്നതായിരുന്നു കാരണം. ടി.എം. ജേക്കബിനെ തന്ത്രപൂർവ്വം കരുണാകരൻ വശത്താക്കി. ജേക്കബിന്റെ കേരളാ കോൺഗ്രസിനെ കരുണാകരന്റെ ഡി.ഐ.സിയിൽപ്പിച്ചു. എന്നാൽ ആർ. ബാലകൃഷ്ണപിള്ളയെ കൂടെ കൂട്ടാൻ കരുണാകരൻകൂട്ടാക്കിയില്ല.അതോടെ ബാലകൃഷ്ണപിള്ള വൈകാതെ തന്നെ യു.ഡി.എഫിൽ തിരികെയെത്തി.

2005 ജൂണിൽ നടന്ന കൂത്തുപറമ്പ്, അഴീക്കോട് നിയമസഭാ ഉപതിരഞ്ഞെടുപ്പുകളിലും നവംബറിലെ തിരുവനന്തപുരം ലോക്സഭാ ഉപ തിരഞ്ഞെടുപ്പിലും യു.ഡി.എഫിന് കനത്ത പരാജയം സംഭവിച്ചു. കരുണാകരൻ വിഭാഗം മാറിയതിന്റെ ക്ഷീണം കോൺഗ്രസിനുണ്ടെന്നു തെളിയിക്കാൻകിട്ടിയഅവസരംകരുണാകരനും കൂട്ടരും പരമാവധി മുതലെടുത്തു.

സി.പി.ഐയുടെ പന്ന്യൻ രവീന്ദ്രനെതിരേ കരുണാകരന്റെ ഉറ്റ അനുയായി ആയിരുന്ന വി.എസ്. ശിവകുമാർ മത്സരിച്ച തിരുവനന്തപുരത്ത് ഡി.ഐ.സി. പന്ന്യനുവേണ്ടി സജീവമായി പ്രവർത്തിച്ചു. ഈ പുതിയ സാഹചര്യത്തിൽ രമേശ് ചെന്നിത്തല കെ.പി.സി.സി. പ്രസിഡന്റായി. കെ. കരു ണാകരൻ രാജ്യസഭാംഗത്വം രാജിവെച്ചു. പകരം എ.കെ. ആന്റണിയെ പാർട്ടി ആ പദവിയിലേക്ക് നിയോഗിച്ചു.

കരുണാകരനും ഉമ്മൻചാണ്ടിയുമായുള്ള പോര് അതിരൂക്ഷമായി. ഇതിനിടെ 2005 ജൂലായ് 12, 18, 19 തീയതികളിൽ നടന്ന അവിശ്വാസപ്രമേയ ചർച്ചയായിരുന്നു അവസാനത്തെ അങ്കം. ചർച്ചയുടെ തത്സമയസംപ്രേക്ഷണം നടത്തുന്നുണ്ട്. നിയമസഭയിൽ നടക്കുന്നത് ജനങ്ങൾ അതേപടി കേട്ടു മനസ്സിലാക്കട്ടെ എന്ന ഉദ്ദേശത്തോടെയാണ് ഉമ്മൻചാണ്ടി അങ്ങിനെ ചെയ്തത്. ഏതാണ്ട് 25 മണിക്കൂലേറെ നീണ്ടു ചർച്ച.

എന്തായാലും ഉമ്മൻചാണ്ടി പലരാഷ്ട്രീയ നീക്കൾക്കിടയിലും ഭരണകാര്യങ്ങളിൽ അതീവ ശ്രദ്ധ കൊടുക്കാൻ മറന്നില്ല. എന്നിട്ടും പതിനൊന്നു മാസംകൊണ്ട് ഭരണത്തിലിരിക്കുന്നവർ 2415 കോടി രൂപയുടെ അഴിമതി നടത്തി എന്നായിരുന്നു പ്രതിപക്ഷത്തിന്റെ ആരോപണം. അതായത്, പ്രതിമാസം ശരാശരി 219.63 കോടി രൂപയുടെ അഴിമതി. പ്രതിപക്ഷ നേതാവ് ഒരുകഷ്ണം കടലാസിൽ ഉമ്മൻചാണ്ടിക്കും കൂട്ടർക്കും എഴുതിക്കൊടുത്തത് അഴിമതിക്കണക്കാണ്. 'ചായക്കടയിലെ പറ്റ് എഴുതുന്നതുപോലെയാണിത്' എന്ന് കെ.എം. മാണി അതിനെ ഏറെ പരിഹസിച്ചു. ഏതാണ്ട് എല്ലാ മന്ത്രിമാർക്കെതിരേയും ആരോപണം വന്നു. ഡി.ഐ.സിയിൽ എത്തിയ ടി.എം. ജേക്കബായിരുന്നു പ്രതിപക്ഷത്തെ ഒരു മുഖ്യതാരം. ജേക്കബ് ഈവക കാര്യങ്ങളിൽ എപ്പോഴും അങ്ങനെയാണ്. പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും എല്ലാവരുടെയും മുമ്പനായിരിക്കും.

സുനാമി ഫണ്ടിന്റെ വകമാറ്റി ചെലവഴിക്കൽ, കൊടിയ അഴിമതി, ക്രമസമാധാനത്തകർച്ച, മതന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന അരക്ഷിതാവസ്ഥ, ഉപതിരഞ്ഞെടുപ്പ് തോൽവികൾ എന്നിവയാണ് പ്രതിപക്ഷം ആയുധമാക്കിയതെങ്കിലും ചർച്ച കറങ്ങിത്തിരിഞ്ഞ് ലാവ്‌ലിൻ കേസിൽ എത്തിനിന്നു. എതിരാളികളെ കുടുക്കാൻ വിരിച്ച അവിശ്വാസക്കെണിയിൽ പ്രതിപക്ഷംതന്നെ ആടിവീണു എന്നുപറയുന്നതായിരിക്കും ഉചിതം..!

പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുതപദ്ധതികളുടെ നവീകരണം സംബന്ധിച്ച് കൺസൾട്ടൻസിക്ക് കാനഡയിലെ എസ്.എൻ.സി. ലാവ്‌ലിനുമായി വൈദ്യുതിബോർഡ് ധാരണയുണ്ടാക്കിയതോടെയാണ് ആ ഇടപാടിന്റെ തുടക്കം. പിണറായി വിജയൻ വൈദ്യുതിമന്ത്രിയായിരുന്ന കാലത്ത്.

കൺസൾട്ടൻസി കരാറിനെ ഉപകരണങ്ങൾ വാങ്ങാനുള്ള സപ്ലൈ കരാറാക്കി. 20.31 കോടി രൂപയുടെ കൺസൾട്ടൻസി ഫീസിനു പുറമേ 149.15 കോടി രൂപയു ടെ ഉപകരണം വാങ്ങാനായിരുന്നു കരാർ. മലബാർ കാൻസർ സെന്ററിന് 98.3 കോടി രൂപയുടെ സഹായവും ലാവ്‌ലിൻ വാഗ്ദാനം ചെയ്തു. നടപടിക്രമങ്ങൾ പാലിക്കാതെയുള്ള കരാറാണ്. അത് നടപ്പാക്കിയതിലെ അനാവശ്യതിടുക്കവവും ഒത്തുകളിയും കൊണ്ട് 374.5 കോടി രൂപ ചിലവഴിച്ചുള്ള പദ്ധതി നവീകരണത്തിൽ സർക്കാരിന് വൻ നഷ്ടമുണ്ടായതായി 2005 ജൂലൈയിൽ പുറത്തുവന്ന റിപ്പോർട്ടിൽ സിഐജി കുറ്റപ്പെടുത്തിയിരുന്നു. അതുപോലെ കാൻസർ സെന്ററിന് വാഗ്ദാനം ചെയ്ത പണം കിട്ടിയതുമില്ല.

വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് ലാവിലിൻ ക്രമക്കേടുകൾ ഒന്നൊന്നായി ചൂണ്ടിക്കാട്ടി പ്രതിപക്ഷത്തെ വിറപ്പിച്ചു. ലാവലിൻ കരാർ ജി കാർത്തികേയന്റെ കാലത്താണ് എന്ന് പ്രതിപക്ഷം വാദിച്ചപ്പോൾ കാർത്തികേയൻ ഉണ്ടാക്കിയത് കൺസൾട്ടൻസി സർവീസിനുള്ള കരാർ മാത്രമായിരുന്നു എന്നും സപ്ലൈ കരാർ പിണറായി വിജയന്റെ കാലത്താണെന്നും ക്രമക്കേട് സംഭവിച്ചത് അതിന്റെ നടത്തിപ്പിലാണെന്നും രേഖയുടെ പിൻബലത്തോടെ സമർപ്പിച്ചുകൊണ്ട് ആര്യാടൻ കയ്യടി വാങ്ങിക്കൂട്ടി.

(തുടരും)

> **കരുണാകരന്റെ പുതിയ പാർട്ടിയുടെ പേരിന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ)യുടെ പേരിനോട് സാദൃശ്യമുണ്ടായിരുന്നതിനാൽ കോൺഗ്രസ് തിരഞ്ഞെടുപ്പ് കമ്മീഷനെ ഉടൻ തന്നെ സമീപിച്ചു. പുതിയ പേര് പറ്റില്ലെന്ന് കമ്മീഷൻ തീർപ്പു കല്പിച്ചു. അതോടെ ഡെമോക്രാറ്റിക് ഇന്ദിരാ കോൺഗ്രസ് (കരുണാകരൻ) എന്നാക്കി മാറ്റി.**

## വീണക്കെതിരെ എസ്എഫ്ഐ.ഒ കുറ്റപത്രത്തിലുള്ളത് ഗുരുതര കണ്ടെത്തലുകൾ




കൊച്ചി: മാസപ്പടി കേസിൽ മുഖ്യമന്ത്രിയുടെ മകൾ വീണക്കെതിരെ എസ്എഫ്ഐ.ഒ കുറ്റപത്രത്തിലുള്ളത് ഗുരുതര കണ്ടെത്തലുകളെന്ന് വിവരം. എക്സാലോജിക് കമ്പനി തുടങ്ങിയതിന് ശേഷം വളർച്ച താഴോട്ടേക്കായിരുന്നുവെന്നും കുറ്റപത്രം വിശദീകരിക്കുന്നു. സിഎംആർഎൽ എക്സാലോജിക് മാസപ്പടി ഇടപാടിന്റെ മുഖ്യ ആസൂത്രകയാണ് വീണയെന്നാണ് എസ്എഫ്ഐഒ കുറ്റപത്രത്തിൽ പറയുന്നത്.

കൊച്ചിയിലെ അഡീഷണൽ സെഷൻസ് ഏഴാം നമ്പർ കോടതിയിലാണ് എസ്.എഫ്.ഐ.ഒ കുറ്റപത്രം നൽകിയത്. ഈ റിപ്പോർട്ടിൽ തുടർ നടപടികൾ കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഇല്ലാത്ത സേവനത്തിന്റെ പേരിൽ 2.78 കോടി രൂപ സി.എം.ആർ.എൽ നിന്ന് വീണ കൈപ്പറ്റിയെന്നാണ് എസ്.എഫ്.ഐ.ഒ കണ്ടെത്തൽ.

പ്രതിവർഷം 66 ലക്ഷം രൂപയുടെ ബാധ്യതയാണ് വീണയുടെ എക്സാലോജിക് കമ്പനിക്ക് ഉണ്ടായിരുന്നത്. സി.എം.ആർ.എല്ലുമായി ഇടപാട് തുടങ്ങിയതായിരുന്നു പിന്നീട് കമ്പനിയുടെ മുഖ്യവരുമാനം. 2017 മുതൽ 2019 വരെ കാലയളവിൽ സി.എം.ആർ.എല്ലുമായി ഇടപാടുകൾ നടത്തി. പ്രതിമാസം അഞ്ച് ലക്ഷം രൂപ സി.എം.ആർ.എല്ലിൽ നിന്ന് വീണയുടെ പേരിലെത്തി. കമ്പനിയുടെ പേരിലും മൂന്ന് ലക്ഷം രൂപ പ്രതിമാസമെത്തിയെന്നും കുറ്റപത്രത്തിൽ പറയുന്നു.



# ‘സൈബർ ലോകത്തെ അപ്പസ്തോലൻ’ എന്ന കാർലോ അ ക്യൂട്ടിസ് ആരാണ്?



ഫ്രാൻസിസ് മാർപാപ്പ കാലം ചെയ്തതിനെ തുടർന്ന് ‘സൈബർ ലോകത്തെ അപ്പസ്തോലൻ’ എന്നറിയപ്പെടുന്ന കാർലോ അക്യൂട്ടീസിന്റെ വിശുദ്ധ പദവി പ്രഖ്യാപനം മാറ്റി വെച്ചിരിക്കുകയാണ്. ഏപ്രിൽ 27ന് നടത്താൻ നിശ്ചയിച്ചിരുന്ന വിശുദ്ധ പദവി പ്രഖ്യാപന ശുശ്രൂഷ പുതിയ മാർപാപ്പയെ തിരഞ്ഞെടുത്തതിന് ശേഷമേ ഇനി ഉണ്ടാകൂ.

### ആരാണ് കാർലോ അക്യൂട്ടിസ്?

മില്ലേനിയൽസിന്റെ വിശുദ്ധൻ എന്നുംകാർലോഅക്യൂട്ടിസിനെവിശേഷിപ്പിക്കുന്നു. സിനിമകൾ കാണാറുണ്ടായിരുന്ന, ഫുട്ബോൾ കളിയും വീഡിയോ ഗെയിമുകളും ഇഷ്ടപ്പെട്ടിരുന്ന കാർലോയെ സൈബർ ലോകത്തെ അപ്പസ്തോലൻ, ദൈവത്തിന്റെ ഇൻഫ്ലുവൻസർ എന്നിങ്ങനെയാണ് വിശേഷിപ്പിക്കുന്നത്.

ഇറ്റലിയിലെ അസീസിയിലാണ് ഈ 15കാരന്റെ ശവകുടീരമുള്ളത്. കാർലോയുടെ ഭൗതികദേഹം കാണാൻ ജനസാഗരമാണ് ഒഴുകിയെത്തുന്നത്. ജീൻസുംടെന്നീസ്ഷൂസുംധരിച്ചുകിടക്കുന്ന ആ ബാലനെ ചില്ലുകൂട്ടിലൂടെ കണ്ട് മധ്യസ്ഥത തേടുന്ന ലക്ഷങ്ങളാണുള്ളത്. പുതിയ തലമുറയുടെ ശ്രദ്ധാ കേന്ദ്രമായിരുന്ന കാർലോ അക്യൂട്ടീസിന്റെ വിശുദ്ധ പദവി പ്രഖ്യാപന സന്തോഷത്തിനിടയിലാണ് ആഗോള കത്തോലിക്ക സഭയെയും ലോകത്തെ ഒന്നാകെയും ദുഖത്തിലാഴ്ത്തി ഫ്രാൻസിസ് മാർപാപ്പ വിടവാങ്ങിയത്. ഇതോടെ വിശുദ്ധ പദവി പ്രഖ്യാപനവും മാറ്റി വെയ്ക്കുകയായിരുന്നു.

15 വർഷം മാത്രം ഭൂമിയിൽ ജീവിച്ച് വളരെ ചെറിയ പ്രായത്തിനുള്ളിൽ തന്നെ അനുകരണീയമായ ജീവിതം നയിച്ച കാർലോ കത്തോലിക്ക സഭയുടെ ചരിത്രത്തിൽ വിശുദ്ധരുടെ നിരയിലേക്ക് എത്തുന്ന ആദ്യ കമ്പ്യൂട്ടർ പ്രതിഭ കൂടിയാണ്. മാത്രമല്ല ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രായം കുറഞ്ഞ വിശുദ്ധനും. സാങ്കേതിക വിദ്യയെ ആത്മീയതയുമായി ബന്ധിപ്പിച്ച കാർലോ വിശ്വാസ പ്രചാരണം ആധുനികമാക്കി പുതുതലമുറയെ ക്രിസ്തീയ വിശ്വാസത്തിലേക്ക് ഉറപ്പിച്ചു. ഒരു കൈയിൽ ജപമാലയും മറുകൈയിൽ കീബോർഡുമായി ആത്മീയ പ്രചാരണത്തിൽ പുതുതലമുറയ്ക്ക് കാർലോ മാതൃകയായി. പതിനൊന്നാം വയസിൽ കാർലോ ഒരു വെബ്സൈറ്റ് ഉണ്ടാക്കി സഭ അംഗീകരിച്ച അത്ഭുതങ്ങളെ അതിൽ രേഖപ്പെടുത്താൻ ആരംഭിച്ചു. ഈ വെർച്ച്വൽ മ്യൂസിയത്തിൽ 136 അത്ഭുതങ്ങളാണ് മരണത്തിന് മുമ്പായി കാർലോ രേഖപ്പെടുത്തിയത്.

1991 മെയ് മൂന്നിന് ലണ്ടനിലെ ഇംഗ്ലണ്ടിൽ ആഡ്രിയ അക്യൂട്ടിസിന്റെയും ആന്റോണിയോ സാൽസനോയുടെയും മകനായാണ് കാർലോയുടെ ജനനം. ഇറ്റലിയിലെ ഇൻഷുറൻസ് രംഗത്തെ പ്രമുഖരായിരുന്ന അക്യൂട്ടിസ് കുടുംബം സാമ്പത്തികമായ മെച്ചപ്പെട്ട നിലയിലായിരുന്നു. അമ്മ സാൽസാനോ ഒരു പബ്ലിഷിങ് കമ്പനി നടത്തിയിരുന്നു. കാർലോസ് ജനിച്ച് വൈകാതെ 1991 സെപ്തംബറിൽ തന്നെ കുടുംബം ഇറ്റലിയിലേക്ക് താമസം മാറി. 2006 ഒക്ടോബർ ഒന്നിനാണ് കാർലോയുടെ തൊണ്ടയിൽ ചെറിയ തടസം അനുഭവപ്പെടുന്നത്.വിദഗ്ധപരിശോധനയിൽ രക്താർബുദം ആണെന്ന് സ്ഥിരീകരിച്ചു. പത്ത് ദിവസത്തിനുള്ളിൽ വടക്കൻ ഇറ്റലിയിലെ ഒരു ആശുപത്രിയിൽ വെച്ച് കാർലോ മരണത്തിന് കീഴടങ്ങി.

2020ൽ കാർലോയുടെ ഓർമ്മദിനമായ ഒക്ടോബർ 12 ആണ് സഭ കാർലോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്. അപൂർവ്വമായ പാൻക്രിയാസ് രോഗം ബാധിച്ച ബാലന് കാർലോയുടെ മധ്യസ്ഥതയാൽ രോഗം മാറിയെന്ന് ഫ്രാൻസിസ് മാർപാപ്പ അംഗീകരിച്ചതോടെ കാർലോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയായിരുന്നു. ബൈക്ക് അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ യുവതിയുടെ അമ്മ കാർലോയുടെ ശവകുടീരത്തിലെത്തി മകൾക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. ഇവരുടെ സാക്ഷ്യവും മാർപാപ്പ അംഗീകരിച്ചതോടെയാണ് കാർലോ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടത്.

കൗമാരക്കാരുടെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് അടുത്ത ഞായറാഴ്ച സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ കാർലോ അക്യുട്ടിസിന്റെ വിശുദ്ധ പദവി പ്രഖ്യാപനം നടക്കുമെന്ന് വത്തിക്കാൻ പ്രഖ്യാപിച്ചു. ഈസ്റ്ററിന്റെ രണ്ടാം ഞായറാഴ്ചയായ ഏപ്രിൽ 27 ന് ഇത് നടത്താനായിരുന്നു ആദ്യം തീരുമാനിച്ചിരുന്നത്. ഇതിൽ ഇന്ത്യ ഉൾപ്പെടെ 15 രാജ്യങ്ങളിൽ നിന്നുള്ള 80,000ത്തിലധികം കൗമാരക്കാർ ഒത്തുകൂടുമെന്ന് ഇവാഞ്ചലൈസേഷൻ ഡിക്കാസ്റ്ററി അറിയിച്ചിരുന്നു. അമേരിക്ക, ബ്രസീൽ, ഇന്ത്യ, സ്പെയിൻ, പോർച്ചുഗൽ, ഫ്രാൻസ്, ഉക്രെയ്ൻ, യു.കെ, ജർമ്മനി, ചിലി, വെനിസ്വേല, മെക്സിക്കോ, ഓസ്ട്രേലിയ, അർജന്റീന നൈജീരിയ എന്നിവിടങ്ങളിൽ നിന്നുള്ള യുവാക്കൾ കൗമാരക്കാരുടെ സംഗമത്തിനായി രജിസ്റ്റർ ചെയ്തിരുന്നു.

2006 ൽ പതിനഞ്ചാം വയസ്സിൽ രക്താർബുദംബാധിച്ച്മരിച്ചകാർലോഅക്യൂട്ടിസ് അനൗപചാരികമായി ‘‘ദൈവത്തിന്റെ ഇൻഫ്ളുവൻസർ’’ എന്നാണ് അറിയപ്പെട്ടിരുന്നത്. തന്റെ ഇടവകയ്ക്കായി ഒരു വെബ്സൈറ്റ് സൃഷ്ടിച്ചതിലൂടെയും കോഡിംഗ് നടത്തിയതിലൂടെയും കത്തോലിക്കാ വിശ്വാസത്തെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കുന്നതിനായി തന്റെ കഴിവുകൾ ഉപയോഗിച്ചതിലൂടെയും ആണ് അക്യുട്ടിസ് പ്രശസ്തനായി മാറിയത്. വിശുദ്ധരെ പ്രഖ്യാപിക്കുന്നതിന് സഭ അംഗീകരിച്ച അദ്ഭുതങ്ങൾ ഡിജിറ്റലായി രേഖപ്പെടുത്തി ശ്രദ്ധേയനായി.

ഇക്കാലത്ത് ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള ഏറ്റവും വലിയ മാർഗമാണ് സമൂഹമാധ്യമങ്ങളും സൈബർ ലോകവും. ഇത്തരത്തിൽ ജപമാലയും കീബോർഡും ആത്മീയ പ്രചരണത്തിൽ സംയോജിപ്പിച്ച ഒരു കൗമാരക്കാരനായിരുന്നു അക്യുട്ടിസ്. പരസ്പര പൂരകങ്ങളായ വിശ്വാസവും സൈബർ ലോകവും സമർഥമായി സംയോജിപ്പിച്ച് വിശ്വാസ പ്രചാരണത്തിൽ പുതിയ പാത തുറന്നെന്നാണ് ഇദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ലോകമെമ്പാടും സാക്ഷ്യം വഹിച്ച എല്ലാ അത്ഭുതങ്ങളും രേഖപ്പെടുത്തുന്ന ഒരു പ്ലാറ്റ്ഫോമായിരുന്നു അക്യുട്ടിസ് നിർമിച്ച പ്രമുഖ വെബ്സൈറ്റുകളിൽ ഒന്ന്. വെബ്സൈറ്റ് ഇപ്പോൾ ഒൻപതിലധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ലണ്ടനിൽ ജനിച്ച് മിലാനിൽ വളർന്ന കാർലോ 11-ാം വയസ്സിൽ അസീസിയിലെ സ്വന്തം ഇടവകയ്ക്ക് വെബ്സൈറ്റ് ആരംഭിച്ചാണ് വിശ്വാസ പ്രചാരണത്തിനു തുടക്കമിട്ടത്. വിശുദ്ധരെ പ്രഖ്യാപിക്കുന്നതിന് സഭ അംഗീകരിച്ച അദ്ഭുതങ്ങൾ ഡിജിറ്റലായി രേഖപ്പെടുത്തി ശ്രദ്ധേയനായി.

2020 ലാണ് കാർലോ അക്യുട്ടിസിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്. പാൻക്രിയാസിനെ ബാധിക്കുരോഗമുള്ള ഒരു ബ്രസീലിയൻ കുട്ടിയെ സുഖപ്പെടുത്തിയ ആദ്യത്തെ അദ്ഭുതത്തിന് ശേഷമാണ് ഈ പ്രഖ്യാപനം ഉണ്ടായത്. കാർലോയുടെ മധ്യസ്ഥതയിൽ കോസ്റ്ററിക്കയിൽ നിന്നുള്ള വിദ്യാർഥിയായ വലേറിയയ്ക്ക് അപകടത്തെത്തുടർന്നുണ്ടായ ഗുരുതരാവസ്ഥയിൽ നിന്ന് സൗഖ്യം ലഭിച്ചത് രണ്ടാമത്തെ അദ്ഭുതമായി സമിതി അംഗീകരിച്ചതോടെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുന്നതിന് ഫ്രാൻസിസ് മാർപ്പാപ്പയുടെ അധ്യക്ഷതയിൽ ചേർന്ന സമിതി തീരുമാനിക്കുകയായിരുന്നു.

ഇറ്റലിയിലെ അസീസിയിൽ കാർലോ അക്യൂട്ട്സിന്റെ ശവകുടീരം പൊതു ആരാധനയ്ക്കായി തുറന്ന് നൽകിയിട്ടുണ്ട്. ജീൻസും ടെന്നീസ് ഷൂസും ധരിച്ച് കിടക്കുന്ന അദേഹത്തെ വ്യൂവിറങ് ഗ്ലാസിലൂടെ വീണ്ടും കാണാൻ കഴിയും. അക്യുട്ടിസിന്റെ ശവകുടീരം ദിവസവും നൂറുകണക്കിന് തീർത്ഥാടകർ സന്ദർശിക്കുന്നുണ്ട്. കഴിഞ്ഞ വർഷം ഒരു ദശലക്ഷം ആളുകൾ അക്യുട്ടിസിന്റെ ശവകുടീരത്തിലേക്ക് തീർത്ഥാടനം നടത്തിയിരുന്നു.






# പഹൽഗാം ആക്രമണം: കടുത്ത നടപടി തുടങ്ങി ഇന്ത്യ



ന്യൂഡൽഹി: പഹൽഗാമിൽ 26 വനോദസഞ്ചാരികളെ അരുംകൊല ചെയ്തതിൽ പാകിസ്ഥാന്റെ പങ്ക് വ്യക്തമായതോടെ, ഇന്ത്യ ശക്തമായ തിരിച്ചടി നടപടികൾ തുടങ്ങി. പാക് പൗരൻമാർക്ക് ഇന്ത്യയിൽ വിലക്കേർപ്പെടുത്തി. നയതന്ത്ര ബന്ധം കുറച്ചു. പഞ്ചാബിലെ വാഗ അട്ടാരി അതിർത്തി അടക്കും. സിന്ധു നദീജല കരാർ മരവിപ്പിക്കാനും തീരുമാനിച്ചു. സൈനിക നടപടി ഏതുനിമിഷവും ഉണ്ടാവാം.

സജ്ജമാകാൻ സൈന്യത്തിന് അടിയന്തര നിർദ്ദേശം നൽകി. ആക്രമണം മുന്നിൽക്കണ്ട് അതിർത്തി ഗ്രാമങ്ങളിൽ നിന്ന് പാകിസ്ഥാൻ ആളുകളെ ഒഴിപ്പിച്ചു. രാവിലെ പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗിന്റെ അദ്ധ്യക്ഷതയിൽ മൂന്ന് സായുധ സേനാ മേധാവികളും അജിത് ഡോവലും രണ്ടര മണിക്കൂർ ചർച്ച നടത്തി.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിതല സുരക്ഷാ സമിതിയാണ് കടുത്ത തീരുമാനങ്ങളെടുത്തത്. പാക് പൗരൻമാർക്ക് അനുവദിച്ച വിസ റദ്ദാക്കും. സാർക്ക് വിസ അനുവദിക്കില്ല. ഇന്ത്യയിലുള്ളവർ 48 മണിക്കൂറിനുള്ളിൽ രാജ്യം വിടണം. ഡൽഹിയിലെ പാക് ഹൈക്കമ്മിഷണർ ഓഫീസിലെ സൈനിക അറ്റാഷെമാരും അനുബന്ധ ജീവനക്കാരും ഒരാഴ്ചയ്ക്കുള്ളിൽ തിരിച്ചുപോകണം. ഇവർ ഭീകരരെ സഹായിക്കുന്നെന്നാണ് വിലയിരുത്തൽ.

പാക് അറ്റാഷെമാരെ ഇനി അനുവദിക്കില്ല. ഇസ്ളാമബാദിലെ ഇന്ത്യൻ ഹൈക്കമ്മിഷനിലെ അറ്റാഷെമാരെ പിൻവലിക്കും. അവിടത്തെ അംഗബലം 55ൽ നിന്ന് 30 ആയി കുറയ്ക്കും. വാഗ വഴി പാകിസ്ഥാനിൽ പോയവർ മേയ് ഒന്നിന് മുൻപ് തിരിച്ചെത്തണം. സിന്ധു, ചെനാബ്, ഝലം നദികളിൽ നിന്ന് വെള്ളം നൽകുന്ന കരാർ മരവിപ്പിച്ചത് പാകിസ്ഥാനിൽ ജലക്ഷാമം രൂക്ഷമാക്കും.

ലോകരാഷ്ട്രങ്ങൾ ഇന്ത്യയ്ക്ക് പിന്തുണ പ്രഖ്യാപിച്ചതോടെ ആക്രമണത്തിൽ പങ്കില്ലെന്ന പതിവ് പ്രസ്താവനയുമായി പാകിസ്ഥാൻ രംഗത്തുവരുകയും ചെയ്തു. സൗദിയിൽനിന്ന് ഇന്നലെ പുലർച്ചെയെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയെ ഡൽഹിയിൽ വിമാനത്താവളത്തിൽഎത്തി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ സ്ഥിതിഗതികൾ ധരിപ്പിച്ചു.

ആഭ്യന്തര മന്ത്രി അമിത് ഷാ പഹൽഗാമിലെത്തി സാഹചര്യം നേരിട്ട് വിലയിരുത്തി. കൊല്ലപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിക്കുകയും ചെയ്തു. വൈകിട്ട് ഡൽഹിയിൽ തിരിച്ചെത്തി പ്രധാനമന്ത്രിയെ സ്ഥിതിഗതികൾ ധരിപ്പിച്ചു. തുടർന്നാണ് മന്ത്രിതല സമിതി യോഗം ചേർന്നത്. മോദി, അമിത് ഷാ, രാജ്നാഥ് സിംഗ്, എസ്. ജയശങ്കർ, അജിത് ഡോവൽ, കാബിനറ്റ് സെക്രട്ടറി ടി.വി. സോമനാഥൻ, പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശക്തികാന്ത ദാസ് തുടങ്ങിയവർ പങ്കെടുത്തു.

കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങൾ ശ്രീനഗർ മെഡിക്കൽ കോളേജിൽ പോസ്റ്റ്മാർട്ടത്തിന് ശേഷം അവരവരുടെ നാടുകളിലെത്തിച്ചു. ഇടപ്പള്ളി സ്വദേശി എൻ. രാമചന്ദ്രന്റെ ഭൗതികദേഹം ഇന്നലെ രാതി 8 മണിയോടെ നെടുമ്പാശേരിയിൽ കൊണ്ടുവന്നു. കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, മന്ത്രി പി. പ്രസാദ് എന്നിവരുടെ നേതൃത്വത്തിൽ ഏറ്റുവാങ്ങി മോർച്ചറിയിലേക്ക് മാറ്റി. നാളെ 11.30ന് ഇടപ്പള്ളി പൊതുശ്മശാനത്തിൽ സംസ്കരിക്കും.

### ആസൂത്രണം പാകിസ്ഥാനിൽ, ഭീകരരെ തിരിച്ചറിഞ്ഞു

ലഷ്കറുമായി ബന്ധമുള്ള ദി റെസിസ്റ്റന്റ് ഫ്രണ്ട് ഉത്തരാവാദിത്വം ഏറ്റെടുത്തതിന് പിന്നാലെ പാകിസ്ഥാൻ സ്വദേശികളായ ആസിഫ് ഫൗജി, സുലൈമാൻ ഷാ, അബു തൽഹ എന്നിവരാണ് അക്രമം നടത്തിയതെന്ന വിവരം പുറത്തുവന്നു. ഇവരുടെ രേഖാചിത്രം ഇന്നലെ സൈന്യം പുറത്തുവിട്ടിരുന്നു. പഹൽഗാമിൽ ഇവർക്ക് പ്രാദേശിക സഹായം ലഭിച്ചെന്നാണ് വിവരം. ലഷ്കർ ഡെപ്യൂട്ടി കമാൻഡർ സൈഫുള്ള ഖാലിദ് പാകിസ്ഥാനിലിരുന്ന് ആക്രമണം ആസൂത്രണം ചെയ്തെന്നാണ് വിവരം. ഭീകരരെക്കുറിച്ച് വിവരം നൽകുന്നവർക്ക് പൊലീസ് 20ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചു.

### പാകിസ്ഥാനെതിരെ കാശ്മീരി ജനത

പാകിസ്ഥാനെതിരെമുദ്രാവാക്യംവിളിച്ചും പാക് പതാക കത്തിച്ചും ജമ്മുകാശ്മീർ ജനത ഒന്നടങ്കം തെരുവിൽ. ബരാമുള്ളയിൽ രണ്ട് ഭീകരരെ സുരക്ഷാസേന വധിച്ചു. ഗുൽഗാമിൽ രാത്രി വൈകിയും ഏറ്റുമുട്ടൽ, റസിസ്റ്റന്റ് ഫ്രണ്ട് കമാൻഡറെ വളഞ്ഞു. ഐജിയുടെ നേതൃത്വത്തിൽ എൻ.ഐ.എ സംഘം ബൈസരനിൽ അന്വേഷണം തുടങ്ങി


### തക്കതായ മറുപടി നൽകണമെന്ന് ഖാർഗെ

പഹൽഗാം വിഷയത്തിൽ കേന്ദ്ര സർക്കാർ സർവകക്ഷി യോഗം വിളിക്കണമെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗെ ആവശ്യപ്പെട്ടു. ഭീകരാക്രമണത്തെ അപലപിക്കാനും ദേശീയ സുരക്ഷ ചർച്ചചെയ്യാനും കോൺഗ്രസ് പ്രവർത്തക സമിതി ഇന്നു രാവിലെ അക്ബർ റോഡിലെ പഴയ ആസ്ഥാനത്ത് യോഗം ചേരും. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ശ്രീനഗറിലെത്തി കൊല്ലപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിച്ചു.

'പഹൽഗാമിൽ നടന്നത് ഇന്ത്യയ്ക്കെതിരായ ആക്രമണമാണ്. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ സർക്കാരിന് പൂർണ സഹകരണം വാഗ്ദാനം ചെയ്യുന്നു.' ആക്രമണത്തിന് തക്കതായ മറുപടി നൽകണമെന്നും കോൺഗ്രസ്അദ്ധ്യക്ഷൻമല്ലികാർജ്ജുനഖാർഗെ പറഞ്ഞു. വിഷയത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള, ജമ്മു കശ്മീർ പി.സി.സി പ്രസിഡന്റ് എന്നിവരുമായി സംസാരിച്ചതായി ഖാർഗെ പറഞ്ഞു. ഇത് കക്ഷിരാഷ്ട്രീയത്തിനു പറ്റിയ സമയമല്ലെന്നും ഭീരുത്വം നിറഞ്ഞ ഭീകരപ്രവർത്തനത്തെ കോൺഗ്രസ് ശക്തമായി അപലപിക്കുന്നതായും ഖാർഗെ വ്യക്തമാക്കി. ആഴ്ചകൾക്കുള്ളിൽ ആരംഭിക്കാൻ പോകുന്ന അമർനാഥ് യാത്രയ്ക്ക് ആവശ്യമായ സുരക്ഷ ഒരുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.







# തന്റെ സ്വപ്ന പദ്ധതിയായ 'മഹാഭാരതം' സിനിമയെക്കുറിച്ച് ആമിർ ഖാൻ




തന്റെ ഏറ്റവും വലിയ ആഗ്രഹം മഹാഭാരതത്തെക്കുറിച്ച് ഒരു സിനിമ നിർമ്മിക്കുക എന്നതാണെന്ന് ബോളിവുഡ് സൂപ്പർസ്റ്റാർ ആമിർ ഖാൻ . ഈ വർഷം തന്നെ നിർമ്മാണം ആരംഭിക്കുമെന്ന് ആമിർ ഖാൻ പറഞ്ഞു. ദി ഹോളിവുഡ് റിപ്പോർട്ടറിന് നൽകിയ അഭിമുഖത്തിലാണ് താരം ഇക്കാര്യം വെളിപ്പെടുത്തിയത്. വർഷങ്ങളുടെ തയ്യാറെടുപ്പുകൾക്ക് ശേഷം, ഈ വർഷം തന്നെ മഹാഭാരതം ആരംഭിക്കാൻ പദ്ധതിയിടുന്നു. ചിത്രം നിർമ്മിക്കുന്നത് താനാണെന്നും ചിത്രത്തിന് ഒന്നിലധികം സംവിധായകരുണ്ടാകുമെന്നും താരം പറഞ്ഞു. ലോർഡ് ഓഫ് ദി റിംഗ്സ് സിനിമ പോലെ, എല്ലാ ഭാഗങ്ങളും ഒരേസമയം ചിത്രീകരിക്കും.അതേസമയം ബിഗ് ബഡ്ജറ്റ് ചിത്രത്തിൽ ആമിർ ഖാൻ അഭിനയിച്ചേക്കുമെന്നും റിപ്പോർട്ടുകളുണ്ട്. സംവിധായകർ ആരൊക്കെയാവും എന്ന് താരം വെളിപ്പെടുത്തിയിട്ടില്ല. സിനിമയുടെ എഴുത്ത് പൂർത്തിയാക്കി രണ്ട് വർഷത്തിന് ശേഷം മാത്രമേ അത് തിയ്യേറ്ററുകളിൽ എത്തൂവെന്നും അദ്ദേഹം വ്യക്തമാക്കി. 1000 കോടിയിലധികം മുതൽമുടക്കിലാണ് ആമിറിന്റെ ഈ പ്രോജക്റ്റ് വരുന്നതെന്നും മറ്റ് ഇന്ത്യൻ സിനിമകളിൽ നിന്നും വ്യത്യസ്തമായി വമ്പൻ ക്യാൻവാസിലുള്ള ഒരു ചിത്രമായിരിക്കും ഇതെന്നും പറയപ്പെടുന്നു. മുൻപ് സംവിധായകൻ എസ് എസ് രാജമൗലിയും മഹാഭാരതം സിനിമയാക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. എന്നാൽ അതേകുറിച്ചുള്ള അപ്ഡേറ്റുകൾ സംവിധായകൻ പിന്നീട് പുറത്തുവിട്ടിരുന്നില്ല. സിതാരേ സമീൻ പർ ആണ് ആമിർ ഖാന്റെതായി റിലീസിനൊരുങ്ങുന്ന പുതിയ ചിത്രം.



## 'അടുത്ത ജന്മത്തിൽ പ്രഭാസിനെപ്പോലൊരു മകനെയാണ് ആഗ്രഹിക്കുന്നത്'; സെറീന വഹാബ്

നടൻ പ്രഭാസിനെക്കുറിച്ചുള്ള തന്റെ അഭിപ്രായം വ്യക്തമാക്കി നടി സെറീന വഹാബ്. പ്രഭാസിന്റെ പെരുമാറ്റം ഓഫ് സ്ക്രീനിൽ കണ്ടതിന് ശേഷം, അവൻ തന്റെ യഥാർത്ഥ മകനായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചിരുന്നുവെന്ന് നടി പറഞ്ഞു. സെറീന തന്റെ ആദ്യ ഹൊറർ ചിത്രമായ ദി രാജാ സായിബിൽ പ്രഭാസിനൊപ്പം അഭിനയിച്ചിരുന്നു. പ്രഭാസിനെ പോലെ ആരും ഉണ്ടാകില്ലെന്ന് സെറീന വഹാബ് പറയുന്നു.'പ്രഭാസിനെപ്പോലെ ആരും ഉണ്ടാകില്ല. വളരെ നല്ല വ്യക്തിയാണ്, എന്റെ അടുത്ത ജന്മത്തിൽ എനിക്ക് രണ്ട് ആൺമക്കൾ വേണമെന്ന് ഞാൻ ദൈവത്തോട് പ്രാർഥിക്കുന്നു. സൂരജും പ്രഭാസും. വളരെ സ്നേഹമുള്ള വ്യക്തിയാണ്' സെറീന വഹാബ് പറഞ്ഞു.പ്രഭാസിന് യാതൊരു തരത്തിലുള്ള അഹങ്കാരവുമില്ല. സെറ്റിലുള്ള എല്ലാവർക്കും അദ്ദേഹം കൈ കൊടുക്കാറുണ്ട്. അത് ചെയ്യേണ്ടതില്ല, എന്നിട്ടും പ്രഭാസ് അങ്ങനെ ചെയ്യാറുണ്ട്. സ്വന്തം ഷോട്ടല്ലാത്തപ്പോഴും അദ്ദേഹം മുഴുവൻ സമയവും സെറ്റിൽ തന്നെയായിരിക്കും. വാഹനത്തിലേക്കൊന്നും പോകാറില്ലെന്നും നടി പറഞ്ഞു.അതേസമയം, പ്രഭാസിനൊപ്പം ജോലി ചെയ്യേണ്ടിവരുമെന്ന് കരുതി താൻ വളരെ പരിഭ്രാന്തിപെട്ടിരിന്നുവെന്നും എന്നാൽ പ്രഭാസ് വളരെ കംഫർട്ടബിളാക്കിയെന്നും നടി വ്യക്തമാക്കി. തന്റെ നായികമാരോടും അദ്ദേഹം നല്ല രീതിയിലാണ് പെരുമാറുന്നത്.ആളുകളോട് സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് എപ്പോഴും ഒരു പുഞ്ചിരി ഉണ്ടാകും. അദ്ദേഹം സെറ്റിൽ മോശമായി പെരുമാറുന്നതോ ആരോടെങ്കിലും ശബ്ദം ഉയർത്തുന്നതോ കണ്ടിട്ടില്ലെന്നും സെറീന വഹാബ് കൂട്ടിച്ചേർത്തു.



# അറേബ്യ ദ്വീപിൽ അത്യാഡംബര വസതി വാങ്ങി സെയ്ഫ് അലി

ഖത്തർ തലസ്ഥാനമായ ദോഹയിൽ ഒരു അവധിക്കാല വീട് വാങ്ങി ബോളിവുഡ് താരം സെയ്ഫ് അലി ഖാൻ . ദോഹയിലെ ദി പേളിലുള്ള സെന്റ് റെജിസ് മാർസ അറേബ്യ ദ്വീപിലാണ് താരം വീട് വാങ്ങിയത്.മുംബൈയിൽ അൽഫാർദാൻ ഗ്രൂപ്പ് നടത്തിയ പത്രസമ്മേളനത്തിൽ സെയ്ഫ് തന്നെയാണ് ഇക്കാര്യം അറിയിച്ചത്. ദ്വീപിലെ അത്യാഡംബര വസതികളിലൊന്നാണ് സെയ്ഫ് അലി ഖാൻ വാങ്ങിയത്. 'ഏറെ യാത്ര ചെയ്യുന്ന, ആഡംബരത്തിന് പ്രാധാന്യം കൊടുക്കുന്ന ഒരാളെന്ന






നിലയിൽ എന്നെ സംബന്ധിച്ച് ഖത്തറിൽ വാങ്ങിയിരിക്കുന്ന വീട് ഒരു കൃത്യം തെരഞ്ഞെടുപ്പ് ആയി തോന്നുന്നു. ഒരു വസതി എന്നതിനപ്പുറം ഒരു ലൈഫ്സ്റ്റൈൽ ലക്ഷ്യസ്ഥാനമാണ് അത്. ലോകത്തിൻറെ പല ഭാഗങ്ങൾ ഞാൻ സന്ദർശിച്ചിട്ടുണ്ട്. ഖത്തർ സവിശേഷമായ ചിലതൊക്കെ നൽകുന്നുണ്ട്. സമാധാനം, സുരക്ഷിതത്വം, ആധുനികമായ വാസസ്ഥാനങ്ങൾ ഒക്കെയാണ് അവ. ഇന്ത്യയിൽ നിന്ന് എളുപ്പത്തിൽ എത്തിച്ചേരാവുന്ന ഇടം എന്ന നിലയിൽ എൻറെ കുടുംബത്തിനു പറ്റിയ ഇടമാണ് ഖത്തർ', സെയ്ഫ് പറഞ്ഞു.

# 'പഹൽഗാമിൽ മൂന്ന് ദിവസം മുൻപ് ഉണ്ടായിരുന്നു'; ഞെട്ടൽ പങ്കുവച്ചു ഗായകൻ ജി വേണുഗോപാൽ





താൻ അടങ്ങുന്ന സംഘം പഹൽഗാമിൽ മൂന്ന് ദിവസം മുൻപ് ഉണ്ടായിരുന്നുവെന്ന ഞെട്ടൽ പങ്കുവച്ചു ഗായകൻ ജി വേണുഗോപാൽ രംഗത്ത്. ഭീകരാക്രമണത്തിന് പിന്നാലെ ആണ് അദ്ദേഹം തന്റെ ഞെട്ടൽ സോഷ്യൽ മീഡിയയിൽ പങ്കുവച്ചത്. നാല് പേരടങ്ങുന്ന സംഘം ആയിരുന്നു അവിടെ ഉണ്ടായിരുന്നതെന്നും അതോർക്കുമ്പോൾ ഒരു ഉൾക്കിടിലമെന്നും ആണ് വേണു?ഗോപാൽ പ്രതികരിച്ചത്. 'ദൈവമേ...ABC VALLEYS എന്ന് വിളിപ്പേരുള്ള പഹൽഗാമിലെ ഈ ഇടങ്ങളിൽ ഞങ്ങൾ, ഞാൻ, രശ്മി, സുധീഷ്, സന്ധ്യ, എന്നിവർ വെറും മൂന്ന് ദിവസങ്ങൾ മുൻപ് ട്രെക് ചെയ്തിരുന്നു എന്നോർക്കുമ്പോൾ ഒരു ഉൾക്കിടിലം! ഞങ്ങൾക്ക് AruValleyയിൽ മനോഹരമായ ഒരു അനുഭവവും ഉണ്ടായി. പെഹൽഗാമിലെ പാവപ്പെട്ട സാധാരണ ജനങ്ങളോടുള്ള ആദരവ് വർദ്ധിപ്പിക്കുന്ന ഒരനുഭവം. അത് പിന്നീട് പറയാം. സമാനതകളില്ലാത്ത ക്രൂരതയാണ് ഇന്നലെ അരങ്ങേറിയിരിക്കുന്നത്. ചരിത്രം കണ്ണുനീരും, കഷ്ടപ്പാടുകളും മാത്രം കനിഞ്ഞു നൽകിയ പ്രദേശങ്ങളിലൊന്നാണ് കശ്മീർ -ജി വേണുഗോപാൽ കുറിച്ചു.

# ടെയ്ലർ സ്വിഫ്റ്റ് ഗർഭിണിയോ? സോഷ്യൽ മീഡിയയിൽ തരംഗമായി ഫോട്ടോഷൂട്ട്





ടെയ്ലർ സ്വിഫ്റ്റും ട്രാവിസ് കെൽസും ആദ്യ കുഞ്ഞിനെ പ്രതീക്ഷിക്കുന്നുണ്ടെന്ന അഭ്യൂഹങ്ങൾ പരക്കുന്നതിനിടെ, ഒരു മെറ്റേണിറ്റി ഷൂട്ടിന്റെ ഫോട്ടോകൾ സോഷ്യൽ മീഡിയയിൽ തരംഗം സൃഷ്ടിച്ചു. ആഗോള പോപ്പ് സെൻസേഷനായ ടെയ്ലർ സ്വിഫ്റ്റുമായ സാമ്യമുള്ള ചിത്രമായതാണ് ഇതിന് കാരണമായത്. ഒറ്റനോട്ടത്തിൽ സ്വിഫ്റ്റ് ആണെന്ന് തോന്നുമെങ്കിലും ഇത് ലോറ എന്ന സ്ത്രീയുടെ ഗർഭകാല ചിത്രമാണ്. വെളുത്ത ഡ്രസ്സും സ്വിഫ്റ്റിന്റെ പോലുള്ള ഹെയർ സ്റ്റൈലും കൊണ്ട് സ്വപ്നതുല്യമായ ഒരു ഔട്ട്ഡോർ പശ്ചാത്തലത്തിൽ എടുത്ത ചിത്രം ആദ്യം കണ്ടപ്പോൾ ടെയ്ലറുടെ മെറ്റേണിറ്റി ഷൂട്ട് ഓൺലൈനിൽ ചോർന്നുവെന്ന് പലരും വിശ്വസിച്ചു. ഈ സാമ്യം ആവേശം മുതൽ ആശയക്കുഴപ്പം വരെയുള്ള പ്രതികരണങ്ങളുടെ ഒരു തരംഗത്തിന് കാരണമായി.അതേസമയം, ടെയ്ലർ സ്വിഫ്റ്റോ ട്രാവിസ് കെൽസോ അവരുടെ ബന്ധത്തെ ചുറ്റിപ്പറ്റിയുള്ള കിംവദന്തികളെയും ഊഹാപോഹങ്ങളെയും കുറിച്ച് പ്രതികരിച്ചിട്ടില്ല. സൂപ്പർ ബൗൾ മുതൽ ദമ്പതികളെ പൊതുവേദിയിൽ കണ്ടിട്ടില്ല.



## 'ശ്രീദേവിയുടെ വിയോഗം ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല'; നടി മഹേശ്വരി

ഇന്ത്യൻ സിനിമാ ലോകത്തിന് മറക്കാൻ കഴിയാത്ത ഒരു നടിയാണ് ശ്രീദേവി. ശ്രീദേവിയെപ്പോലുള്ള ശ്രദ്ധേയമായ വേഷങ്ങൾ ലഭിച്ച നടിമാർ ചുരുക്കമാണ്. 2018 ൽ ശ്രീദേവി ലോകത്തോട് വിട പറഞ്ഞു. ബന്ധുവിന്റെ വിവാഹത്തിനായി ദുബായിൽ എത്തിയതായിരുന്നു ശ്രീദേവി. താമസിച്ചിരുന്ന ഹോട്ടലിലെ ബാത്ത് ടബ്ബിൽ വീണായിരുന്നു മരണം. നടി മഹേശ്വരി ശ്രീദേവിയുടെ സഹോദരിയുടെ മകളാണ്. മഹേശ്വരിക്ക് ശ്രീദേവിയെ കുട്ടിക്കാലം മുതൽ അറിയാം. ഒരു പുതിയ അഭിമുഖത്തിൽ മഹേശ്വരി നടിയെക്കുറിച്ച് സംസാരിച്ച വാക്കുകളാണ് ശ്രദ്ധേയമാകുന്നത്. ശ്രീദേവിയെ താൻ ഒരുപാട് മിസ്സ് ചെയ്യുന്നുവെന്ന് മഹേശ്വരി പറയുന്നു. മരണം ഇന്നും ഉൾക്കൊള്ളാൻ എനിക്ക് കഴിഞ്ഞിട്ടില്ല. ഷൂട്ടിംഗിലാണ്, വിദേശത്ത് പോയിരിക്കുകയാണ് എന്ന് മനസിൽ കരുതുന്നു.ആ അളവിലേ എന്റെ ബ്രെയിനിനത് പ്രോസസ് ചെയ്യാൻ പറ്റുന്നുള്ളൂ. കുട്ടിക്കാലത്തേ എനിക്ക് ഡിസൈനിംഗ് ഇഷ്ടമാണ്. അക്കയുടെ (ശ്രീദേവി) കൂടെയാണ് മനീഷ് മൽഹോത്ര കരിയർ തുടങ്ങിയത്.

# പ്രിയ നമ്പരിനുവേണ്ടി ലക്ഷങ്ങൾ മുടക്കി തെലുങ്ക് താരം ബാലകൃഷ്ണ



വാഹനങ്ങളിൽ തങ്ങളുടെ പ്രിയ നമ്പരിനു വേണ്ടിവൻ തുകകൾ മുടക്കുന്നത് പുതിയ കാര്യം അല്ല. ഇത് വാർത്തയും ആവാറുണ്ട്. ഇപ്പോഴിതാ തെലുങ്ക് സിനിമാ താരം നന്ദമുരി ബാലകൃഷ്ണ തന്റെ ഇഷ്ട്ട നമ്പറിനായി മുടക്കിയ ഞെട്ടിക്കുന്ന തുക ആണ് ആരാധകർക്കിടയിൽ ചർച്ചയാകുന്നത്. ഹൈദരാബാദിലെ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി അടുത്തിടെ നടത്തിയ ലേലത്തിൽ ഇഷ്ട്ട നമ്പരിനായി ഏറ്റവും ഉയർന്ന തുക നൽകിയത് ബാലകൃഷ്ണ ആയിരുന്നു എന്നാണ് റിപ്പോർട്ടുകളിൽ വ്യക്തമാക്കുന്നത്. 0001 എന്ന നമ്പരാണ് ബാലകൃഷ്ണ സ്വന്തമാക്കിയത്. 7.75 ലക്ഷം രൂപയാണ് ഈ നമ്പർ സ്വന്തമാക്കാനായി ബാലകൃഷ്ണ ലേലത്തിൽ വിളിച്ചത്. 37.15 ലക്ഷത്തിൻറെ വരുമാനമാണ് ലേലത്തിൽ നിന്ന് ആകെ ലഭിച്ചത്.

# കങ്കണയുടെ 'എമർജൻസി' സിനിമയ്ക്കെതിരെ കേസ്



നടിയും ബിജെപി എംപിയുമായ കങ്കണ റണൗട്ടിൻറെ മണികർണിക ഫിലിംസിനെതിരെയും സ്ട്രീമിംഗ് പ്ലാറ്റ്ഫോമായ നെറ്റ്ഫ്ലിക്സിനുമെതിരെ കേസ് ഫയൽ ചെയ്തു മുതിർന്ന പത്രപ്രവർത്തകയും എഴുത്തുകാരിയുമായ കൂമി കപൂർ . എമർജൻസി എന്ന സിനിമ തൻെറ 'ദി എമർജൻസി: എ പേഴ്സണൽ ഹിസ്റ്ററി' എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് എടുത്തത് എന്നും എന്നാൽ ഇരു കക്ഷികളും കരാർ ലംഘിച്ചുവെന്നും തനിക്ക് മാനനഷ്ടം ഉണ്ടാക്കുന്ന രീതിയിലാണ് പടം എടുത്തത് എന്നുമാണ് കപൂർ ആരോപിച്ചിരിക്കുന്നത്. 2015-ൽ പെൻഗ്വിൻ പ്രസിദ്ധീകരിച്ച പുസ്തകം സിനിമയായി എടുക്കാനുള്ള ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച് ഒപ്പുവച്ച ത്രികക്ഷി കരാർ 'നഗ്നമായി ലംഘിക്കപ്പെട്ടു' എന്നാണ് എഴുത്തുകാരിയായ കൂമി കപൂർ പറയുന്നത്. ഇത് വലിയതോതിൽ നിരൂപക പ്രശംസ നേടിയ പുസ്തകമാണ്. കങ്കണയുടെ എമർജൻസി ചിത്രം 'ചരിത്രപരമായ കൃത്യതയില്ലായ്മകൾ' നിറഞ്ഞതാണ് എന്നാണ് ആരോപണം.

# റീ റിലീസിൽ 'സച്ചിൻ'; റെക്കോർഡ് കളക്ഷൻ



ജോൺ മഹേന്ദ്രൻ സംവിധാനം ചെയ്ത് വിജയ് നായകനായി അഭിനയിച്ച ഒരു റൊമാന്റിക് കോമഡി ചിത്രമാണ് സച്ചിൻ. വിജയുടെ എക്കാലത്തെയും മികച്ച റൊമാന്റിക് ചിത്രമായി കണക്കാക്കപ്പെടുന്ന ഈ ചിത്രത്തിന് വലിയൊരു ആരാധകവൃന്ദമുണ്ട്.റിലീസ് ചെയ്ത് 20 വർഷങ്ങൾക്ക് ശേഷം സച്ചിൻ വീണ്ടും റിലീസ് ചെയ്തു. എല്ലായിടത്തും മികച്ച സ്വീകാര്യതയാണ് ചിത്രത്തിന് ലഭിക്കുന്നത്. കളക്ഷനിലും ചിത്രം മികച്ച പുരോഗതി കൈവരിക്കുമെന്ന് കണക്കുകൾ പുറത്തുവരുന്നു.പിങ്ക് വില്ല റിപ്പോർട്ട് ചെയ്യുന്നത് മൂന്ന് ദിവസത്തിനുള്ളിൽ ആഗോള ബോക്സ് ഓഫീസിൽ നിന്ന് 8.25 കോടി കളക്ഷൻ നേടിയെന്നാണ്. ഇതിൽ 6 കോടി തമിഴ്നാട്ടിൽ നിന്ന് ലഭിച്ചു. കർണാടകയിൽ നിന്ന് 0.55 കോടിയും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്ന് 0.20 കോടിയും ചിത്രം നേടി. ഇതോടെ, ആദ്യ വാരാന്ത്യത്തിൽ ഏകദേശം 12 കോടി കളക്ഷൻ നേടിയ ഗില്ലിക്ക് ശേഷം ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ രണ്ടാമത്തെ തമിഴ് റീ-റിലീസ് ചിത്രമായി സച്ചിൻ മാറി.ഗില്ലി നേടിയ 32 കോടിയാണ് റീ റിലീസിൽ ഒരു തമിഴ് സിനിമ നേടിയ ഏറ്റവും വലിയ കളക്ഷൻ. സച്ചിൻ ഈ കളക്ഷനെ മറികടക്കുമെന്നാണ് ട്രേഡ് അനലിസ്റ്റുകളുടെ കണക്കുകൂട്ടൽ. ജെനീലിയ, ബിപാഷ ബസു, സന്താനം, വടിവേലു, രഘുവരൻ തുടങ്ങിയവരാണ് സച്ചിനിൽ പ്രധാന വേഷത്തിൽ എത്തുന്നത്. വി ക്രിയേഷൻസിന്റെ ബാനറിൽ കലൈപുലി എസ് താണു ആയിരുന്നു ചിത്രം നിർമിച്ചത്.


# അഡാർ ഐറ്റവുമായി കാർത്തിക് സുബ്ബരാജ്; നായകനാകുന്നത് ആ ഹിറ്റ് താരം



മികച്ച സിനിമകളിലൂടെയും മേക്കിംഗിലൂടെയും പ്രേക്ഷകരെ അത്ഭുതപ്പെടുത്തിയ സംവിധായകനാണ് കാർത്തിക് സുബ്ബരാജ്. സൂര്യ നായകനായി അഭിനയിക്കുന്ന റെട്രോ ആണ് കാർത്തിക് സുബ്ബരാജിന്റെ അടുത്ത ചിത്രം. ഈ ചിത്രത്തെക്കുറിച്ച് വലിയ പ്രതീക്ഷകളാണ് ഉള്ളത്. മെയ് 1 ന് ചിത്രം റിലീസ് ചെയ്യും. ഇപ്പോൾ, കാർത്തിക് സുബ്ബരാജിന്റെ അടുത്ത ചിത്രത്തെക്കുറിച്ചുള്ള അപ്ഡേറ്റ് സോഷ്യൽ മീഡിയയിൽ ചർച്ചാ വിഷയമാണ്.നടൻ ശിവകാർത്തികേയനുമായി കാർത്തിക് സുബ്ബരാജ് കൈകോർക്കാൻ ഒരുങ്ങുന്നു എന്നാണ് റിപ്പോർട്ട്. ശിവകാർത്തികേയനോട് സുബ്ബരാജ് കഥ പറഞ്ഞെന്നും റെട്രോയുടെ റിലീസിന് പിന്നാലെയാകും ചിത്രത്തിനെപ്പറ്റിയുള്ള മറ്റു കാര്യങ്ങൾ തീരുമാനിക്കുകയെന്നുമാണ് തമിഴ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ആരാണ് ചിത്രം നിർമിക്കുന്നതിനെപ്പറ്റി തീരുമാനമായിട്ടില്ല. അതേസമയം, റെട്രോയുടെ ട്രെയ്ലർ കഴിഞ്ഞ ദിവസം അണിയറപ്രവർത്തകർ പുറത്തുവിട്ടിരുന്നു. ഒരു ആക്ഷൻ റൊമാന്റിക് ചിത്രമാകും റെട്രോയെന്ന സൂചനയാണ് ട്രെയ്ലർ നൽകുന്നത്.



# 'ഡോൺ 3' യിൽ കിയാരക്ക് പകരം കൃതി സനോൺ



ഡോൺ 3യിൽ രൺവീർ സിങ്ങിന്റെ നായികയായി കിയാര അദ്വാനിക്ക് പകരം കൃതി സനോൺ എത്തും. ആദ്യം നായികയായി നിശ്ചയിച്ചിരുന്ന കിയാര അദ്വാനി കഴിഞ്ഞ മാസമാണ് പിൻമാറിയത്. രൺവീർ സിങ്ങിനൊപ്പം ഡോൺ 3 നായികയാകുവാൻ കൃതി സനോൺ സമ്മതിച്ചിട്ടുണ്ടെന്നാണ് പിങ്ക്വില്ല റിപ്പോർട്ട് പറയുന്നത്. രണ്ടാഴ്ചയ്ക്കുള്ളിൽ കരാർ ഒപ്പുവെക്കുമെന്നാണ് സൂചന.'ഡോൺ 3 യിൽ പരിചയസമ്പന്നയായ ഒരു നടിയെയാണ് ഫർഹാൻ അക്തറും എക്സൽ എന്റർടൈൻമെന്റിന്റെ ക്രിയേറ്റീവ് ടീമും നായികയായി തിരഞ്ഞെടുക്കാൻ ശ്രമിച്ചത്, കൃതി സനോൺ ആ വേഷത്തിന് അനുയോജ്യമാകുമെന്ന് തോന്നി.റോമ എന്ന റോൾ ചിത്രത്തിലെ പ്രധാന വേഷമാണ്. ഉടൻ തന്നെ കൃതി ചിത്രത്തിൽ കരാറാകും' വൃത്തങ്ങൾ പിങ്ക്വില്ലയോട് വിവരങ്ങൾ പങ്കുവച്ചു.ഷാരൂഖ് ഖാൻ പിൻമാറിയതിനെ തുടർന്നാണ് രൺവീർ സിംഗ് ഡോൺ എന്ന ടൈറ്റിൽ റോളിൽ എത്തിയത്.

# മാർപ്പാപ്പയുടെ മരണവും തെരഞ്ഞെടുപ്പും; വീണ്ടും ചർച്ചയായി 'കോൺക്ലേവ്'




ഫ്രാൻസിസ് മാർപാപ്പയുടെ പെട്ടെന്നുള്ള വിയോഗ വാർത്ത ലോകമെമ്പാടും ഞെട്ടലുണ്ടാക്കിയിരിക്കുകയാണ്. മതവിശ്വാസികളും ലോക നേതാക്കളും രാഷ്ട്രീയക്കാരും അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചിച്ചു. സഭാ ചരിത്രത്തിലെ ഈ നിമിഷം സോഷ്യൽ മീഡിയയിൽ പ്രതികരണങ്ങളുടെ ഒരു പ്രവാഹത്തിന് കാരണമായി. ഓസ്കാർ നോമിനേറ്റഡ് ഹോളിവുഡ് സിനിമയായ 'കോൺക്ലേവ്' പുറത്തിറങ്ങി മാസങ്ങൾക്ക് ശേഷമാണ് ഈ വാർത്ത വരുന്നത്. വത്തിക്കാൻ സിറ്റിയിൽ ഇപ്പോൾ സംഭവിക്കാൻ പോകുന്ന സംഭവവികാസങ്ങളെ നാടകീയമായി അവതരിപ്പിക്കുന്ന ചിത്രമാണിത്. മാർപ്പാപ്പയെ തെരഞ്ഞെടുക്കുന്ന പ്രക്രിയയാണ് സിനിമയുടെ കഥാതന്തു.2016ൽ പുറത്തിറങ്ങിയ ബെസ്റ്റ് സെല്ലർ പുസ്തകമായ കോൺക്ലേവിനെ അടിസ്ഥാനമാക്കിയാണ് ചിത്രമെടുത്തത്. പീറ്റർ സ്ട്രോഗൻറേതാണ് മനോഹരമായ തിരക്കഥ.

# പടയോട്ടം തുടർന്ന് 'ഛാവ'; 600 കോടി പിന്നിട്ടു

ഹിന്ദി സിനിമയിലെ സമീപകാലത്തെ വലിയ ഹിറ്റായിരിക്കുകയാണ് വിക്കി കൗശലിന്റെ ഛാവ. മറാത്ത ചക്രവർത്തി സംഭാജി മഹാരാജിന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള ഈ ചിത്രം ലക്ഷ്മൺ ഉടേക്കർ സംവിധാനം ചെയ്യുന്നു.മാഡോക്ക് ഫിലിംസിന്റെ ബാനറിൽ ദിനേശ് വിജൻ നിർമ്മിച്ച ഈ ചിത്രം. രശ്മിക മന്ദാന പ്രധാന വേഷത്തിലെത്തുന്ന ചിത്രത്തിൽ അക്ഷയ് ഖന്ന, ഡയാന പെൻറി, നീൽ ഭൂപാലം, അശുതോഷ് റാണ, ദിവ്യ ദത്ത എന്നിവരും സഹകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഫെബ്രുവരി 14 ന് വാലന്റൈൻസ് ദിനത്തിൽ ചിത്രം തിയേറ്ററുകളിൽ എത്തി. ഇപ്പോൾ, OTT റിലീസിന് ശേഷവും ചിത്രം മറ്റൊരു ബോക്സ് ഓഫീസ് വിജയം നേടി. ഏപ്രിൽ 11 ന് നെറ്റ്ഫ്ലിക്സിൽ ചിത്രത്തിന്റെ OTT റിലീസ് ആയിരുന്നു.ചിത്രം ഒടിടിയിൽ എത്തിയിട്ട് 11 ദിനങ്ങൾ പിന്നിട്ടിരിക്കുന്നു. ഇന്ത്യൻ കളക്ഷനിൽ (നെറ്റ്) 600 കോടി പിന്നിട്ടിരിക്കുകയാണ് ചിത്രം. ഒടിടി റിലീസ് കഴിഞ്ഞ് ഒരാഴ്ചയ്ക്ക് ശേഷമാണ് ഈ നേട്ടം എന്നത് ശ്രദ്ധേയമാണ്. ഇന്ത്യയിൽ നിന്ന് 600 കോടി നെറ്റ് കളക്ഷൻ നേടുന്ന മൂന്നാമത്തെ ചിത്രമാണ് ഛാവ. പുഷ്പ 2 (ഹിന്ദി), സ്ത്രീ 2 എന്നിവയാണ് മുൻപ് ഈ നേട്ടം സ്വന്തമാക്കിയ ചിത്രങ്ങൾ.



# 'നോമിനേഷനിൽ വരുന്ന എല്ലാ സിനിമകളും കണ്ടിരിക്കണം'; ഓസ്കർ വോട്ടിങ്ങിൽ മാറ്റം

ഓസ്കർ വോട്ടിങ് പ്രക്രിയയിൽ സുപ്രധാന നിയമം അവതരിപ്പിച്ചു അക്കാദമി ഓഫ് മോഷൻ പിക്ചർ ആർട്സ് ആൻഡ് സയൻസസ്. 98-ാമത് ഓസ്കർ പുരസ്കാര പ്രഖ്യാപനത്തിന് മുന്നോടിയായാണ് പുതിയ നിയമം കൊണ്ടുവന്നത്.വോട്ടിങ്ങിന് മുൻപായി നോമിനേഷനിൽ വരുന്ന വിവിധ വിഭാഗങ്ങളിലെ എല്ലാ സിനിമകളും അക്കാദമി അംഗങ്ങൾ നിർബന്ധമായി



കണ്ടിരിക്കണമെന്നാണ് പുതിയ നിയമം. മുമ്പ്, വോട്ടർമാരോട് സിനിമകൾ കാണാൻ നിർദ്ദേശിക്കുക മാത്രമേ ചെയ്തിരുന്നുള്ളൂ, ഏതൊക്കെ വിഭാഗങ്ങളിൽ വോട്ട് ചെയ്യണമെന്ന് അവർക്ക് തീരുമാനിക്കാമായിരുന്നു.വോട്ടവകാശമുള്ള അംഗങ്ങൾ ചില സിനിമകൾ കാണാതെ ഒഴിവാക്കുന്നു എന്ന പരാതി ദീർഘകാലമായി നിലനിൽക്കുന്നുണ്ട്. ഇതിനെത്തുടർന്നാണ് മാറ്റം. മികച്ച അന്താരാഷ്ട്ര ചലച്ചിത്ര വിഭാഗത്തിലും ഒരു പ്രധാന മാറ്റം വന്നിട്ടുണ്ടെന്നാണ് റിപ്പോർട്ട്. അഭയാർത്ഥികളോ രാഷ്ട്രീയ അഭയം തേടിയവരോ ആയ ചലച്ചിത്ര പ്രവർത്തകർക്ക് അവരുടെ മാതൃരാജ്യത്തെ മാത്രമല്ല, അവർ നിലവിൽ താമസിക്കുന്ന രാജ്യത്തെ പ്രതിനിധീകരിക്കാനും അക്കാദമി ഇപ്പോൾ അനുമതി നൽകും.നോമിനേഷനുകൾക്കായുള്ള വോട്ടിങ് കാലയളവ് 2026 ജനുവരി 12 മുതൽ ജനുവരി 16 വരെ ആയിരിക്കും.



# 'തുടരും ചിത്രത്തിന് മറ്റൊരു പേര് കൂടി ആലോചിച്ചിരുന്നു'; തരുൺ മൂർത്തി






മോഹൻലാൽ നായകനായി തരുൺ മൂർത്തി സംവിധാനം നിർവഹിക്കുന്ന ചിത്രമായിരുന്നു തുടരും. ഇപ്പോഴിതാ, ചിത്രത്തിന് മറ്റൊരു പേരും പരിഗണിച്ചിരുന്നതായി തരുൺ മൂർത്തി വെളിപ്പെടുത്തി. ചിത്രത്തിന് വിന്റേജ് എന്ന പേര് പരിഗണിച്ചിരുന്നതായാണ് തരുൺ മൂർത്തി വെളിപ്പെടുത്തിയത് .ചിത്രവുമായി പൊരുത്തപ്പെടുന്ന പേരായിരിക്കും ഇത്. എന്ത് പ്രശ്നങ്ങൾ ഉണ്ടായാലും ഒരാളുടെ ജീവിതം തുടരും എന്ന ഫോർമാറ്റിലാണ് തുടരും എന്ന് പേര് നൽകിയത്. അവസാന ഷെഡ്യൂൾ ആയപ്പോൾ വിന്റേജ് എന്നൊരു സജഷൻസ് ഉണ്ടായി.പക്ഷേ, മോഹൻലാൽ വിന്റേജിലേക്ക് മടങ്ങുന്നുവെന്ന് നമ്മൾ പറയുന്നത് പോലെയായിരിക്കും അത്. ലാലേട്ടനോട് വിന്റേജ് എന്ന പേര് പറഞ്ഞപ്പോൾ, മനോഹരമായി തുടരുമെന്ന പേരുള്ളപ്പോൾ എന്തിനാണ് മറ്റൊരു പേര് നൽകിയതെന്ന് അദ്ദേഹം ചോദിച്ചു. അങ്ങനെ ആ പേര് ഉറപ്പിക്കുകയായിരുന്നുവെന്നും തരുൺ മൂർത്തി പറഞ്ഞു.അതേസമയം വൻ തുകയ്ക്കാണ് ഹോട്സ്റ്റാർ ചിത്രത്തിന്റെ ഒടിടി റൈറ്റ്സ് നേടിയിരിക്കുന്നത് എന്നുമാണ് റിപ്പോർട്ട്. തുടരുമിലെ പ്രമേയത്തിലെ ഓരോ രംഗത്തെ കുറിച്ചും വലിയ കൗതുകമായിരുന്നു മോഹൻലാലിന് എന്ന് സംവിധായകൻ തരുൺ മൂർത്തി വ്യക്തമാക്കിയിരുന്നു. കഥ കേട്ടപ്പോൾ ആവേശഭരിതനായെന്നാണ് മോഹൻലാൽ പറഞ്ഞത്. ചിത്രത്തിലേതായി നേരത്തെ പുറത്തുവിട്ട മോഹൻലാലിന്റെ ലുക്കുകൾ ശ്രദ്ധയാകർഷിച്ചിരുന്നു.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

158



Movie Chillu (1982)
Director Lenin Rajendran
Lyrics ONV Kurup
Music MB Sreenivasan
Singers KJ Yesudas

ഒരു വട്ടം കൂടി എൻ ഓർമ്മകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം (2)
തിരുമുറ്റത്തൊരു കോണിൽ നിൽക്കുന്നോരാ
നെല്ലി മരം ഒന്നുലുത്തുവാൻ മോഹം (2)

അടരുന്ന കായ് മണികൾ പൊഴിയുമ്പോൾ
ചെന്നെടുത്തു അതിലൊന്ന് തിന്നുവാൻ മോഹം
സുഖമെഴും കയ്പ്പും പുളിപ്പും മധുരവും
നുകരുവാൻ ഇപ്പോഴും മോഹം
തൊടിയിലെ കിണർ വെള്ളം കോരിക്കുടിച്ച്
എന്തു മധുരം എന്നോതുവാൻ മോഹം (2)

ഒരു വട്ടം കൂടി ആ പുഴയുടെ തീരത്തു
വെറുതെ ഇരിയ്ക്കുവാൻ മോഹം (2)
വെറുതെ ഇരുന്നൊരു
കുയിലിന്റെ പാട്ടു കേട്ട്
എതിർ പാട്ടു പാടുവാൻ മോഹം (2)




അതു കേൾക്കേ ഉച്ചത്തിൽ
കൂകും കുയിലിന്റെ
ശ്രുതി പിൻതുടരുവാൻ മോഹം
ഒടുവിൽ പിണങ്ങി പറന്നു പോം
പക്ഷിയോട്അരുതേ
എന്നോതുവാൻ മോഹം

വെറുതേ ഈ മോഹങ്ങൾ
എന്നറിയുമ്പോഴും
വെറുതേ മോഹിക്കുവാൻ മോഹം
വെറുതേ ഈ മോഹങ്ങൾ
എന്നറിയുമ്പോഴും
വെറുതേ മോഹിക്കുവാൻ മോഹം

# സ്പൈഡർമാനായി തിരിച്ചു വരുമോ? ആൻഡ്രൂ പറയുന്നത് !



ദി അമേസിങ് സ്പൈഡർമാൻ (2012), ദി അമേസിങ് സ്പൈഡർമാൻ 2 (2014), പിന്നീട് സ്പൈഡർമാൻ: നോ വേ ഹോം (2021) എന്നിവയുൾപ്പെടെ പ്രിയപ്പെട്ട സൂപ്പർഹീറോ ഫ്രാഞ്ചൈസിയിൽ സ്പൈഡർമാൻ ആയി അഭിനയിച്ചതിലൂടെ ആൻഡ്രൂ ഗാർഫീൽഡ് ജനപ്രിയ നടനായി മാറി.അടുത്തിടെ, ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന നാലാമത്തെ എഡിഷനിൽ വെബ്-സ്ലിംഗ് സൂപ്പർഹീറോയായി തന്റെ തിരിച്ചുവരവിനെക്കുറിച്ച് അദ്ദേഹം സൂചന നൽകിയിരിക്കുകയാണ്. തന്റെ തിരിച്ചുവരവ് ഒരു സവിശേഷവും അസാധാരണവുമായ കഥയെ ആശ്രയിച്ചിരിക്കുന്നുവെന്ന് ഗാർഫീൽഡ് വെളിപ്പെടുത്തി.അബുദാബിയിൽ നടന്ന മിഡിൽ ഈസ്റ്റ് ഫിലിം & കോമിക് കോൺ പരിപാടിയിൽ ഗാർഫീൽഡ് മാർവൽ കഥാപാത്രത്തെക്കുറിച്ചും സ്പൈഡർമാൻ വേഷം അവതരിപ്പിക്കാൻ തനിക്ക് വളരെ ഇഷ്ടമാണെന്നും സംസാരിച്ചു.'ആ കഥാപാത്രത്തെ വീണ്ടും അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, പക്ഷേ അത് വളരെ വിചിത്രമായിരിക്കണമെന്ന് ഞാൻ കരുതുന്നു. വളരെ വിചിത്രമായ എന്തെങ്കിലും ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെ സവിശേഷവും അസാധാരണവും ആശ്ചര്യകരവുമായ എന്തെങ്കിലും ചെയ്യാനാണ് ഞാൻ ആഗ്രഹിക്കുന്നത്'- നടൻ പറഞ്ഞു. 2012-ലെ ദി അമേസിംഗ് സ്പൈഡർമാൻ എന്ന ചിത്രത്തിലും അതിന്റെ 2014-ലെ തുടർഭാഗത്തിലും ഗാർഫീൽഡ് മുമ്പ് സ്പൈഡർമാൻ ആയി അഭിനയിച്ചിരുന്നു, എന്നാൽ സോണി മൂന്നാമത്തെ ചിത്രം ഉപേക്ഷിച്ചതിനാൽ അദ്ദേഹം തന്റെ ട്രൈലോജി പൂർത്തിയാക്കിയില്ല. പിന്നീട് 2017-ലെ സ്പൈഡർമാൻ: ഹോംകമിംഗ് മുതൽ ടോം ഹോളണ്ട് ആ വേഷം ഏറ്റെടുത്തിരുന്നു.തിരിച്ചുവരുമോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇങ്ങനെ: 'ശരിയായ കാര്യമാണെങ്കിൽ, സംസ്കാരത്തിന് കൂട്ടിച്ചേർക്കലാണെങ്കിൽ, ഒരു മികച്ച ആശയം അല്ലെങ്കിൽ മുമ്പ് ചെയ്യാത്ത എന്തെങ്കിലും ഉണ്ടെങ്കിൽ, അത് അതുല്യവും വിചിത്രവും ആവേശകരവുമാണെങ്കിൽ, ഞാൻ തീർച്ചയായും 100 ശതമാനം തിരിച്ചുവരും.'

# അണിമുറ്റത്ത് ആവണിപ്പന്തൽ, ബിന്ദുച്ചേച്ചി ഇനി മാറ്റിപ്പാടട്ടെ, പാർട്ടിമുറ്റത്ത് 'എ.സി. പന്തൽ' !








ആന്റണി ചടയംമുറി

മനോരമയുടെ കഴിഞ്ഞ തിങ്കാഴ്ചത്തെ ബിസിനസ് പേജിൽ ചൈനയിൽ ഇപ്പോൾ ജനപ്രീതിയാർജ്ജിക്കുന്ന ടു മിനിറ്റ് മൈക്രോ ഡ്രാമയെക്കുറിച്ചുള്ള പി. കിഷോറിന്റെ പരാമർശം കണ്ടു. പാവപ്പെട്ടവർ പെട്ടെന്ന് പണക്കാരായി മാറുന്ന തീമുകളമാണത്രെ മൈക്രോ ഡ്രാമയുടെ പ്രമേയം. ഒരു തരത്തിൽ പറഞ്ഞാൽ പഴയ മുട്ടത്തുവർക്കിയുടെ പൈങ്കിളി നോവലുകളുടെ പ്രമേയമുള്ള 'ഇത്തിരി കുഞ്ഞൻ' കഥകളാണ് അവ.

കേരളത്തിലെ ഇടതുസർക്കാർ ഇപ്പോഴും ചൈനയുടെ നയങ്ങളെ വാഴ്ത്തുന്നവരാണ്. നല്ലത്. പക്ഷെ, ചൈനീസ് സർക്കാർ പോലും ഇഷ്ടപ്പെടാത്ത കുറുക്കുവഴിയിലൂടെ ആഗ്രഹ സാഫല്യമെന്ന മൈക്രോ ഡ്രാമയാണ് ഇപ്പോൾ പിണറായി രണ്ടാമന്റെ സർക്കാർ ജനസമക്ഷം അവതരിപ്പിക്കുന്ന നാലാം വാർഷികാഘോഷങ്ങളെന്ന് ചിലർക്ക് പരാതിയുണ്ട്. പാർട്ടി പത്രം തന്നെ ധൂർത്തിന്റെ ഈ പെരുനാൾദിനങ്ങളെ വെള്ളപൂശിക്കൊണ്ടിരിക്കുകയാണ്. എത്ര വെള്ള പൂശിയാലും വെളുക്കാത്തവിധം പാവങ്ങളുടെ കണ്ണീർച്ചാലുകൾ ഈ ഭരണകൂടത്തിന്റെ മുഖത്ത് പാടുകൾ വീഴ്ത്തുന്നുണ്ട്.

## കാലി ഖജനാവും കാലിക്കടവും

കാസർകോട്ടുള്ള കാലിക്കടവ് എന്ന സ്ഥലത്തു വച്ചാണ് പിണറായിയുടെ രണ്ടാം സർക്കാരിന്റെ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തത്. മുഖ്യമന്ത്രിയും നാല് മന്ത്രിമാരും പങ്കെടുത്ത ഉദ്ഘാടനച്ചടങ്ങിന് ജനങ്ങളുടെ പ്രാതിനിധ്യം ശുഷ്ക്കമായിരുന്നുവെന്ന് സോഷ്യൽ മീഡിയയിൽ ഒരു വിദ്വാന്റെ വിവരണമുണ്ട്. പക്ഷെ ആ വാർത്ത ശരിയാണോ തെറ്റാണോ എന്ന് നമുക്കറിയില്ല, എങ്കിലും, സി.പി.എമ്മിന്റെ കോട്ടയെന്നു വിശേഷിപ്പിക്കാവുന്ന കാസർകോട് ജില്ലയിൽ നടന്ന ഉദ്ഘാടനച്ചടങ്ങിന് വലിയ 'ഗുമ്മൊന്നു' മുണ്ടായിരുന്നില്ലെന്നും, മുഖ്യധാരാ മാധ്യമങ്ങൾ ഇനി കിട്ടാനുള്ള ആണ്ടു നേർച്ച പോലെയുള്ള സർക്കാർ പരസ്യങ്ങളെ ഓർത്ത് മൗനം പാലിച്ചുവെന്നും കരുതാൻ ഏറെ ന്യായമുണ്ട്.

'ചുക്കില്ലാത്ത കഷായം,' 'നിങ്ങളില്ലാതെ എനിക്ക് എന്ത് ആഘോഷം' തുടങ്ങിയ ബനാന ടോക്കുകളോട് ഉപമിക്കാമെങ്കിൽ ഈ വാർഷിക പൂരാഘോഷത്തിനും 'ഊരാളുങ്കൽ' ഇല്ലാതെ എങ്ങനെയെന്ന്. ആരും ചോദിച്ചു പോകും. കാരണം, രാജ്യാന്തര നിലവാരത്തിലുള്ള എയർ കണ്ടീഷൻഡ് ചെയ്ത ആഡംബര പന്തലിന്റെ കരാർ ലഭിച്ചിട്ടുള്ളത് ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കാണത്രെ.

സി.പി.എമ്മിന്റെ ദേശീയ, സംസ്ഥാന സമ്മേളനങ്ങളിലെല്ലാം അവതരിപ്പിക്കപ്പെട്ടത് ഇടതുസർക്കാരിന്റെ അദ്ഭുത നേട്ടങ്ങളായിരുന്നു. നികുതിപിരിവിൽ വൻവർധന, കേന്ദ്രം തരാതിരുന്നിട്ടും വികസന പദ്ധതികളുടെ തടസ്സമില്ലാത്ത പൂർത്തീകരണം തുടങ്ങി ധനമന്ത്രി കെ.എൻ. ബാലഗോപാൽ സഖാക്കൾക്കു മുമ്പിൽ അവതരിപ്പിച്ച കേരളത്തിന്റെ ഇപ്പോഴത്തെ ബ്യൂട്ടി അവതരിപ്പിക്കാൻ ഏ.സി. പന്തലുകൾ, തന്നെ വേണമെന്ന നിർദ്ദേശം എന്തായാലും 'കിടുക്കി'!

## 'മലപ്പുറം' മോഡൽ സൂചനയാണോ?

എറണാകുളം ജില്ലയിലെ വൈപ്പിൻകരയിലെ മാലിപ്പുറത്ത് 2025 ഫെബ്രുവരി 2ന് നടന്ന മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘത്തലേക്കുള്ള തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സി.പി.ഐ. സഖ്യം ജയിച്ചത് വലിയ വാർത്തയൊന്നുമായിരുന്നില്ല. സി.പി.എമ്മിന്റെ എം.എൽ.എ.യുള്ള മണ്ഡലമായിരുന്നിട്ടും സി.പി.ഐ.യെ ഒപ്പം നിർത്താൻ കഴിയാതെ പോയി. ഒറ്റയ്ക്ക് ജയിക്കും ഞങ്ങൾ ഭരിക്കും എന്ന പ്രാദേശിക നേതാക്കളുടെ പിടിവാശി തെരഞ്ഞെടുപ്പിൽ എട്ടുനിലയിൽ പൊട്ടാൻ കാരണമായി. 60 ശതമാനം വോട്ടുകൾ നേടിയാണ് കോൺഗ്രസ് സി.പി.ഐ. മുന്നണി ഇവിടെ ജയിച്ചത്. എളങ്കുന്നപ്പുഴയിലുള്ള സംഘം തെരഞ്ഞെടുപ്പിലും 'വല്യേട്ടൻ' വച്ചു നീട്ടിയ മൂന്നു സീറ്റുകൾ വേണ്ടെന്നുവച്ചായിരുന്നു സി.പി.ഐ. കോൺഗ്രസുമായി ചേർന്ന് ഇവിടെയും സംഖ്യമുണ്ടാക്കിയത്. സി.പി.എം. ഇവിടെയും പരാജയമേറ്റു വാങ്ങി.

ഇപ്പോൾ മന്ത്രിസഭയുടെ നാലാം വാർഷികമാഘോഷിക്കവേ, മുന്നണിയിലുള്ള സി.പി.ഐ.യുടെ തൊഴിലാളി വിഭാഗമായ എ.ഐ.ടി.യു.സിയുടെ നേതൃത്വത്തിലുള്ള സ്കൂൾ പാചകത്തൊഴിലാളി യൂണിയൻ സെക്രട്ടറയേറ്റിനു മുമ്പിൽ സരമം തുടങ്ങിയതും ഇടതുമുന്നണിയെ സംബന്ധിച്ചിടത്തോളം ദുഃസ്സൂചനയാണ്. അഞ്ഞൂറോളം അംഗങ്ങൾ മാത്രമേ ഈ യൂണിയനിലുള്ളൂവെങ്കിലും ആ തൊഴിലാളികൾ വിളിച്ചു പറയുന്ന സത്യങ്ങൾ ഏതൊരാളെയും അലോസരപ്പെടുത്തുന്നതാണ്. അഞ്ഞൂറ് വിദ്യാർത്ഥികൾക്ക് ഒരു പാചകത്തൊഴിലാളി എന്നാണ് കണക്ക്. 600 മുതൽ 675 വരെയാണ് ഇവരുടെ ദിവസവേതനം. 2013ൽ യു.ഡി.എഫ്. സർക്കാർ സ്കൂൾ പാചകത്തൊഴിലാളികളെ മിനിമം വേതന പരിധിയിൽ ഉൾപ്പെടുത്തി 2016ൽ സർക്കാർ വിജ്ഞാപനവുമിറക്കി. പിണറായിയുടെ തൊഴിലാളിപക്ഷ സർക്കാർ ഈ ഉത്തരവ് റദ്ദാക്കുക മാത്രമല്ല ചെയ്തത്. പ്രതിവർഷം വേതനത്തിൽ 10 ശതമാനം വർധന വരുത്തുന്ന രീതിയും ഇടതുസർക്കാർ അവസാനിപ്പിച്ചു. മാത്രമല്ല, രണ്ട് മാസത്തെ കുടിശ്ശിക തൊഴിലാളികൾക്ക് ലഭിക്കാനുമുണ്ട്. സി.പി.ഐയുടെ വകുപ്പ് മന്ത്രിയെ പ്രതിക്കൂട്ടിലാക്കുന്ന വിധം റവന്യൂ വകുപ്പിൽ ചില സംഭവങ്ങളുണ്ടാകുന്നതിലും, അത് വാർത്തയാക്കുന്നതിലും ചില കള്ളക്കളികളുണ്ടെന്ന് സി.പി.ഐയിലെ ഒരു വിഭാഗത്തിനു ചിന്തയുണ്ട്.

വല്യേട്ടന്റെ എ.കെ.ജി. സെന്റർ രണ്ട് പോലെയല്ലെങ്കിലും, സി.പി.ഐ.യുടെ എം.എൻ.സ്മാരകവും ആകെ ചുവന്നു തുടുത്ത് തിരുവനന്തപുരത്തുണ്ട്. ആ നവീകരിച്ച മന്ദിരത്തിൽ ബുധനാഴ്ച മുതൽ സി.പി.ഐ.യുടെ നേതൃയോഗങ്ങൾ അരങ്ങേറുകയാണ്. കാനം രാജേന്ദ്രന്റെ പേരിലാണ് ഇവിടെയുള്ള ഓഡിറ്റോറിയം നിർമ്മിച്ചിട്ടുള്ളത്. 150 വർഷത്തിനുശേഷമാണത്രെ ദേശീയ കൗൺസിലിന് തിരുവനന്തപുരം ആതിഥേയത്വം വഹിക്കുന്നത്. ചണ്ഡീഗഢിലാണ് ഇത്തവണ സി.പി.ഐയുടെ പാർട്ടി കോൺഗ്രസ് നടക്കുക. ഇതിനായുള്ള രാഷ്ട്രീയ പ്രമേയത്തിനായുള്ള പ്രാഥമിക ചർച്ചകൾ ഈ ദിവസങ്ങളിലുണ്ടാകും.

## ഉദ്യോഗാർത്ഥികളെ വഞ്ചിക്കുന്നുവോ?

തൊഴിൽ തേടി വിദേശത്തു പോകാൻ ഗതിയില്ലാത്തവരാണ് ഇപ്പോഴും കേന്ദ്രസംസ്ഥാന സർക്കാർ ജോലികൾക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റെന്നെത് വലിയ കോമഡിയാണിപ്പോൾ. റെയിൽവേയിൽ 10 ലക്ഷം ഒഴിവുകളുണ്ടായിട്ടും കേന്ദ്രം അനങ്ങുന്നില്ല. കേരളത്തിൽ അങ്ങനെയല്ല. പി.എസ്.സി.റാങ്ക് ലിസ്റ്റ് നിർവീര്യമാക്കി പാർട്ടിയണികളിൽ നിന്നുള്ളവരെ പിൻവാതിൽ വഴി തിരുകിക്കയറ്റുകയാണിപ്പോൾ. ഒരു തരത്തിൽ, കേരളത്തിൽ ആര് ഭരിക്കാൻ വന്നാലും, സർക്കാർ ലാവണങ്ങളിലുള്ള ഇടതു ചായ്വുള്ളവരുടെ ഭൂരിപക്ഷം പ്രശ്നമുണ്ടാക്കാമെന്നു ചുരുക്കം.

ഭരണപരിഷ്ക്കാര കമ്മീഷൻ ഏതായാലും പിൻവാതിൽ നിയമനം അവസാനിപ്പിക്കണമെന്ന് സർക്കാരനോട് ആവശ്യപ്പെട്ടതായി വാർത്ത കണ്ടു. 25 ലക്ഷം പേർ സർക്കാർ ജോലിക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർക്കാർ തസ്തികകളുടെ ഒഴിവ് കണക്കുകൾ നോക്കുമ്പോൾ, ഈ നാട്ടിലെ തൊഴിൽരഹിതരെ സർക്കാർ കബളിപ്പിക്കുകയല്ലേയെന്ന് കരുതണം. 2022–23 മുതൽ അധ്യാപകരുടെ ഒഴിവുകളിലോ പഞ്ചായത്തുകളിലെ താത്ക്കാലിക കരാർ തസ്തികകളിലോ സർക്കാർ നിയമനം നടത്തിയിട്ടില്ല. രണ്ട് വിഭാഗങ്ങളിലുമായി 20,0000 തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്. രണ്ടാം പിണറായി സർക്കാർ 2021 മെയ് 20 മുതൽ 2024 മെയ് 31 വരെയുള്ള കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ 323 ഉം തദ്ദേശസ്ഥാപനങ്ങളിൽ 1200ഉം തസ്തികകളിൽ മാത്രമാണ് നിയമനം നടന്നത്. നവകേരളത്തിന്റെ പുതുവഴികൾ തൊഴിലില്ലാത്തവർക്ക് സമ്മാനിക്കുന്നത് പെരുവഴിയാണോ?

## പണമടയ്ക്കാം, സേവനം വട്ടപ്പൂജ്യം!

സർക്കാർ വകുപ്പുകൾ പണം വകമാറ്റി ചെലവഴിക്കുന്നതിൽ ഏറെ മിടുക്ക് കാണിക്കുന്നുണ്ട്. ഉദാഹരണം നോക്കാം. മോട്ടോർ വാഹനവകുപ്പിന്റെ എറണാകുളം ആർ.ടി.എ. മാത്രം കഴിഞ്ഞ സാമ്പത്തിക വർഷം ഖജനാവിൽ അടച്ചത് 765.99 കോടി രൂപയാണ്. സർക്കാർ നിശ്ചയിച്ച ടാർജറ്റ് 669.01 കോടിയായിരുന്നു. എന്നാൽ ആർ.സി. ബുക്കിനുമായി പണമടച്ച 10 ലക്ഷം പേർക്ക് ഇനിയും പ്രിന്റ് ചെയ്ത കോപ്പി ലഭിച്ചിട്ടില്ല. 21 കോടി രൂപ കുടിശ്ശികയടച്ചാൽ ആർ.സി. ബുക്ക് പ്രിന്റ് ചെയ്തു കിട്ടും. അത് കൊടുക്കാതെ പിടിച്ചുവച്ചിരിക്കുകയാണ് ധനവകുപ്പ്. ഡിജിറ്റലിലേക്ക് മാറുന്നതു കൊണ്ട് ആർ.സി. ബുക്കിന്റെ ഹാർഡ് കോപ്പി നൽകില്ലെന്നോ, അതിനാൽ അടച്ച പണം തിരിച്ചു തരാമെന്നോ സർക്കാരിന് പറയാമായിരുന്നു. ഒന്നും ഇതുവരെ നടന്നിട്ടില്ല. ആണ്ടാഘോഷമെല്ലാം കഴിഞ്ഞ് എന്തെങ്കിലും ശേഷിച്ചാൽ ആർ.സി. ബുക്കോ അടച്ച പണമോ കിട്ടുമായിരിക്കാം. ഉറപ്പില്ല കേട്ടോ. ഇതെല്ലാം 'തുടരും' എന്നാണല്ലോ പുതിയ മുദ്രാവാക്യം!

## അൻവർ 'ജാൻവർ' ആകാതെ നോക്കണേ

ജാൻവർ എന്നതിന്റെ ഹിന്ദിയിലെ അർത്ഥം പറയുന്നില്ല. പക്ഷെ രാഷ്ട്രീയ അതിജീവനത്തിനായി എന്തിനും തയ്യാറായിട്ടാണ് അൻവറിക്കയുടെ നിൽപ്പ്. ഇന്ന് (ബുധൻ) നടന്ന യു.ഡി.എഫുമായുള്ള ചർച്ചയിൽ അൻവർ രണ്ടടി പിന്നാക്കം പോയിട്ടുണ്ട്. യു.ഡി എഫിന്റെ സ്ഥാനാർത്ഥിയാരാലും 'പിണറായിസം തുലയാൻ വേണ്ടി' പിന്തുണയ്ക്കുമെന്നാണ് അൻവർ പറഞ്ഞിട്ടുള്ളത്. ഇതോടെ ആര്യാടൻ ഷൗക്കത്തായിരിക്കും നിലമ്പൂരിലെ യു.ഡി. എഫ്. സ്ഥാനാർത്ഥിയെന്നു കരുതാം.

'ഞങ്ങടെ മുത്താണ് ജോയ്' എന്ന കോൺഗ്രസിലെ ചിലരുടെ വാഴ്ത്തുപാട്ട് തൽക്കാലം ഇനി ഉയരാനിടയില്ല. ഗ്രൂപ്പു നോക്കാതെയും, കക്ഷി നോക്കാതെയും ആര്യാടന്റെ മകൻ നിയമസഭയിലെത്തുമെന്നു തന്നെ പ്രതീക്ഷിക്കാം. ലീഗിന്റെ പഴയ ശത്രു ആര്യാടൻ മുഹമ്മദിന് തന്റെ മകനിലൂടെ വീണ്ടുമൊരു സ്വീറ്റ് റിവഞ്ച് ! അത്രമാത്രമേ ഒരു വർഷക്കാലത്തെ എം.എൽ.എ. സ്ഥാനം കൊണ്ട് പ്രതീക്ഷിക്കാൻ കഴിയൂ.



# അടുത്ത മാർപാപ്പ ആരെന്ന് ലോകം ഉറ്റുനോക്കുന്നു..?



ലോകം ഉറ്റുനോക്കുന്നത് അടുത്ത മാർപാപ്പ ആരായിരിക്കുമെന്നാതാണ്. അതിനുള്ള പ്രധാന കാരണം മാർപാപ്പ ആഗോള കത്തോലിക്ക സഭയുടെ തലവൻ മാത്രമല്ല, ഒരു രാഷ്ട്രത്തിന്റെ തലവൻ കൂടിയാണല്ലോ. വത്തിക്കാൻ മാർപ്പാപ്പയുടെ അധികാരത്തിലുള്ള സ്വതന്ത്രരാഷ്ട്രമാണ്. ലോകത്തിലെ ഏറ്റവും ചെറിയ സ്വതന്ത്രരാഷ്ട്രമാണ് വത്തിക്കാൻ. പോപ്പ് പീയൂസ് പതിനൊന്നാമൻ സെക്രട്ടറിയായ കർദിനാൾ ഗാസ്പരിയും ഏകീകൃത ഇറ്റലിയുടെ നേതാവായ ബെനിറ്റോ മുസോളിനിയും തമ്മിൽ ഇറ്റലിയിലെ ലാറ്ററൈൻ കൊട്ടാരത്തിൽ വച്ചായിരുന്നു ഉടമ്പടി ഒപ്പുവച്ചത്. അതോടെ ആറു ശതാബ്ദമായി പള്ളിയും ഗവൺമെന്റും തമ്മിൽ നിലനിന്നുവന്ന തർക്കം പരിഹൃതമായി.

പോപ്പ് പിയൂസ് പതിനൊന്നാമൻ നൽകിയ സ്വർണപേന ഉപയോഗിച്ചാണ് ആ ഉടമ്പടി ഒപ്പുവച്ചത്.

ഉടമ്പടിയനുസരിച്ചു മാർപ്പാപ്പാ വത്തിക്കാന്റെ തലവനായി. വത്തിക്കാന് ആവശ്യമുള്ളപ്പോഴൊക്കെ ഇറ്റലി ഭരണകൂടത്തിന്റെ സഹായം വാഗ്ദാനം ചെയ്യപ്പെട്ടു. വത്തിക്കാൻ നഗരത്തിലെ ജനങ്ങൾക്ക് സർവവിധ സ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടിട്ടുണ്ട്.

വത്തിക്കാൻ സിറ്റിയുടെ വിസ്തീർണം 0.4 ചതുരശ്രകിലോമീറ്റർ. ജനസംഖ്യ ഏകദേശം ആയിരത്തിനു മുകളിൽ. ഭാഷ: ലാറ്റിൻ, ഇറ്റാലിയൻ. സ്വന്തമായി റയിൽവേയും തപാൽവകുപ്പും പോലീസ്, റേഡിയോ എന്നിവയും വത്തിക്കാനുണ്ട്. മാർപാപ്പ നിയമിക്കുന്ന ഒരു കമ്മിഷനാണ് വത്തിക്കാൻ ഭരിക്കുന്നത്. എല്ലാ പരമാധികാരവും പോപ്പിൽ നിക്ഷിപ്തമാണ്. അല്പം കൂടി പിന്നിലേക്കു പോയാൽ വിചിത്രമായ ചില സംഭവങ്ങളും അരങ്ങേറിയതായി കാണാൻ കഴിയും.

ആദിമ ക്രിസ്ത്യാനികളുടെ ആജന്മ വൈരികൾ ആയിരുന്നു പഴയ റോമാ ചക്രവർത്തിമാർ. അവരുടെ തലസ്ഥാനവും ക്രിസ്തുമത നേതാക്കളായ മാർപാപ്പമാരുടെ ഭരണസ്ഥാനവും റോമിൽ തന്നെയായത് ചരിത്രത്തിന്റെ ആവർത്തനമോ, തിന്മയെ നന്മ കീഴ്പ്പെടുത്തുന്നു എന്നതിന്റെ ഉദാഹരണമോ ആയിരിക്കാം. ക്രിസ്തുമതത്തിന്റെ പ്രാരംഭ ദശയിൽ റോം വിഗ്രഹാരാധനയുടെയും അന്ധവിശ്വാസങ്ങളുടെയും കൂത്തരങ്ങായിരുന്നു. പ്രേക്ഷിത മുഖ്യരായ പത്രോസ് ശ്ലീഹായുടെയും പൗലോസ് ശ്ലീഹായുടെയും മറ്റനവധിയായ സിദ്ധാത്മാക്കളുടെയും വീര രക്തം വീണ പൂരിതമായി ഉയർത്തെഴുന്നേറ്റ റോമാ നഗരം, പൂർവ്വ സാമ്രാജ്യത്തിന്റെ വിസ്തൃതമായ അനവധി പ്രവിശ്യകളോടുകൂടി ക്രിസ്തുവർഷം 755 ഫ്രാങ്ക് രാജാവായ പെപ്പിൻ സഭ ഭരിച്ചിരുന്ന വിശുദ്ധ സ്റ്റീഫൻ മൂന്നാമൻ മാർപാപ്പയ്ക്ക് അടിയറ വയ്ക്കുകയുണ്ടായി. കാലക്രമത്തിൽ മറ്റു പല രാജാക്കന്മാരും അവരുടെ രാജ്യവിഭാഗങ്ങൾ തിരുമുൽക്കാഴ്ചയായി പരിശുദ്ധ സിംഹാസനത്തിലേക്ക് സമർപ്പിച്ചു. എഡി 800 കാലഘട്ടത്തിൽ ജീവിച്ചിരുന്ന കാർൽസ്മാൻ ചക്രവർത്തിയും ഇതേ നടപടികൾ സ്വീകരിച്ചിരുന്നു. റോമാ ചക്രവർത്തിയായിരുന്ന കോൺസ്റ്റൈൻ ടൈമിന്റെ സുപ്രസിദ്ധമായ മിലാൻ പ്രഖ്യാപനം മൂലം മിക്ക മതങ്ങൾക്കും പ്രത്യേകിച്ച് ക്രിസ്തുമതത്തിനും പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ചിരുന്നു.

ചക്രവർത്തി തന്നെ ക്രിസ്തുമതം സ്വീകരിച്ച് ഒരു വലിയ മതസംരക്ഷകനായി. അദ്ദേഹം മാർപാപ്പയ്ക്ക് ലാറ്ററാൻ ബസിലിക്കയും കൊട്ടാരവും പണിതുകൊടുത്തു. ധാരാളം ഭൂപ്രദേശങ്ങൾ മാർപാപ്പയുടെ നേരിട്ടുള്ള ഭരണത്തിന് വിട്ടുകൊടുത്തു. ബസിലിക്കയുടെ നിർമ്മിതിക്ക് മുൻകൈയെടുത്തു. കർദിനാളന്മാരും മെത്രാന്മാരും പ്രാദേശിക ഭരണാധികാരികളായി 324 ൽ ബത്‌ലഹേമിലും കാൽവരി പ്രദേശത്തും ഓരോ ബസിലിക്കുകൾ നിർമ്മിക്കാൻ കൽപ്പന ഉണ്ടായതും ചരിത്രം..!

> **80 വയസ്സിന് താഴെയുള്ള കർദ്ദിനാൾമാർക്കാണ് മാർപാപ്പയെ തെരഞ്ഞെടുക്കാനുള്ള അവകാശം. കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളായി ഈ ഗ്രൂപ്പിൽ നിന്നാണ് പോപ്പിനെ തിരഞ്ഞെടുക്കുന്നത്. ഇക്കുറിയും ആ പതിവ് തെറ്റിക്കാൻ സാധ്യതയില്ല. വിവിധ ലോകരാജ്യങ്ങളിൽനിന്നുള്ള 252 കർദിനാൾമാരാണുള്ളത്. അതിൽ വോട്ടവകാശമുള്ളത് 138 പേർക്കാണ്.**

### മാർപാപ്പ തെരഞ്ഞെടുപ്പ്

80 വയസ്സിന് താഴെയുള്ള കർദ്ദിനാൾമാർക്കാണ് മാർപാപ്പയെ തെരഞ്ഞെടുക്കാനുള്ള അവകാശം. കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളായി ഈ ഗ്രൂപ്പിൽ നിന്നാണ് പോപ്പിനെ തിരഞ്ഞെടുക്കുന്നത്. ഇക്കുറിയും ആ പതിവ് തെറ്റിക്കാൻ സാധ്യതയില്ല. വിവിധ ലോകരാജ്യങ്ങളിൽനിന്നുള്ള 252 കർദിനാൾമാരാണുള്ളത്. അതിൽ വോട്ടവകാശമുള്ളത് 138 പേർക്കാണ്. മാമ്മോദീസ മുങ്ങിയ, റോമൻ കത്തോലിക്കനായ പുരുഷനായിരിക്കണം മാർപാപ്പ എന്നു മാത്രമാണ് ചട്ടം. എന്നാൽ, കർദിനാൾമാരിൽ ഒരാൾ തന്നെയാണ് നൂറ്റാണ്ടുകളായി ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടാറുള്ളത്.

സിസ്റ്റൈൻ ചാപ്പലിൽ, പുറംലോകവുമായി ബന്ധമില്ലാതെ കർദിനാൾമാർ സഭകൂടിയാണ് മാർപാപ്പയെ തെരഞ്ഞെടുക്കുക. ആരെങ്കിലും ഒരാൾക്ക് മൂന്നിൽരണ്ട് ഭൂരിപക്ഷം കിട്ടുന്നതു വരെ രഹസ്യ ബാലറ്റ് തുടരും. നിലവിൽ വോട്ടവകാശമുള്ള 138 കർദിനാൾമാരിൽ 110 പേരെയും ഫ്രാൻസിസ് മാർപാപ്പ തന്നെ നിയമിച്ചവരാണ്. മുൻകാലങ്ങളിലെ അപേക്ഷിച്ച് ഏഷ്യക്കും ആഫ്രിക്കയ്ക്കും ലാറ്റിൻ അമേരിക്കയ്ക്കും ഇപ്പോൾ കൂടുതൽ പ്രാതിനിധ്യമുണ്ട്.

അതുകൊണ്ടുതന്നെ നൂറ്റാണ്ടുകൾക്കിടെ ആദ്യമായി ആഫ്രിക്കയിൽനിന്നോ ഏഷ്യയിൽനിന്നോ ഉള്ള ഒരു കർദിനാൾ കത്തോലിക്കാ സഭയുടെ 267–ാം മാർപാപ്പയായി തെരഞ്ഞെടുക്കപ്പെടാൻ ഇത്തവണ സാധ്യത കൂടുതലാണ്.

## ഡൽഹി ഡെർബാർ

ഘാനയിൽനിന്നുള്ള പീറ്റർ ടർക്ക്സൺ, കോംഗോയിൽ നിന്നുള്ള ഫ്രിഡോലിൻ അംബോംഗോ എന്നിവരുടേതാണ് ആഫ്രിക്കയിൽനിന്ന് സാധ്യത കൽപ്പിക്കപ്പെടുന്ന പേരുകൾ. യാഥാസ്ഥിതിക പക്ഷത്ത് നിലകൊള്ളുന്ന ഇരുവരും അവരവരുടെ രാജ്യങ്ങളിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളുടെ പേരിൽ ശ്രദ്ധേയരായിരുന്നു. ഏഷ്യയിൽനിന്നുള്ള കർദിനാൾമാരിൽ ഏറ്റവും സാധ്യത കൽപ്പിക്കപ്പെടുന്നത് ഫിലിപ്പീൻസിലെ മനിലയിൽ ആർച്ച് ബിഷപ്പായിരുന്ന ലൂയി ടാഗിളിനാണ്. ഫ്രാൻസിസ് മാർപാപ്പയെ പോലെ പാവങ്ങളോടുള്ള കരുണയും സാമൂഹിക നീതിക്കുവേണ്ടിയുള്ള നിലപാടുകളുമാണ് അദ്ദേഹത്തെയും ശ്രദ്ധേയനാക്കുന്നത്.

എന്നാൽ, സഭയിലെ യാഥാസ്ഥിതിക പക്ഷം പിന്തുണ നൽകാൻ സാധ്യതയുള്ള കർദിനാൾ ഹംഗറിയിൽ നിന്നുള്ള പീറ്റർ എർദോയാണെന്നും വിലയിരുത്തപ്പെടുന്നു. വിവിധ സഭകളുടെ ഐക്യത്തിനു വേണ്ടി നിരന്തരം വാദിക്കുന്ന ആളാണ് കർദിനാൾ എർദോ.

നിലവിൽ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറിയായി പ്രവർത്തിക്കുന്ന കർദിനാൾ പിയട്രോ പരോലിനും ഫ്രാൻസിസ് മാർപാപ്പയുടെ പിൻഗാമിയാകാൻ ഏറെ സാധ്യത കൽപ്പിക്കപ്പെടുന്നു. ഇറ്റലിയിൽ നിന്നുള്ള മാറ്റിയോ സുപ്പി, മാൾട്ടയിൽനിന്നുള്ള മരിയോ ഗ്രെച്ച് എന്നിവരാണ് പരിഗണിക്കപ്പെടാനിടയുള്ള മറ്റു പ്രമുഖർ.

*എമ എൽസ എൽവിൻ*

# അമേരിക്കക്കാർ മടുത്തോ?

# ട്രംപിന്റെ ജനപ്രീതിയെക്കുറിച്ച് സർവേ പറയുന്നു...



അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്ക് രണ്ടാംവട്ടവും തിരഞ്ഞെടുക്കപ്പെട്ട റിപ്പബ്ലിക്കൻ നേതാവ് ഡൊണാൾഡ് ട്രംപിന്റെ ജനപ്രീതിയിൽ കാര്യമായ ഇടിവുണ്ടായെന്ന് വ്യക്തമാക്കി സർവേ ഫലങ്ങൾ. തിങ്കളാഴ്ചയോടെ അവസാനിച്ച റോയിട്ടേഴ്സ്ഇപ്സോസ് നടത്തിയ ഒരു വോട്ടെടുപ്പിലാണ് ഇക്കാര്യം വ്യക്തമായത്.

രണ്ടാം ടേമിൽ ഇതുവരെയുള്ള അദ്ദേഹത്തിന്റെ പ്രസിഡന്റ് സ്ഥാനത്തെ പ്രകടനം വോട്ടെടുപ്പിൽ പങ്കെടുത്ത 42 ശതമാനം ആളുകൾ അംഗീകരിച്ചതായി സർവേ ഫലങ്ങൾ പറയുന്നു. പുറമേ നിന്ന് നോക്കുമ്പോൾ ഇത് ഭേദപ്പെട്ട പ്രകടനമാണെന്ന് തോന്നുമെങ്കിലും 2025 ജനുവരിക്ക് ശേഷമുള്ള ട്രംപിന്റെ ഏറ്റവും മോശം അംഗീകാര റേറ്റിംഗ് കൂടിയാണിത്. ഇതാണ് ട്രംപിന്റെ ജനസമ്മിതിയിൽ ഇടിവുണ്ടായെന്ന പ്രചാരണത്തിന് അടിസ്ഥാനം.

മൂന്നാഴ്ച മുമ്പ് നടത്തിയ റോയിട്ടേഴ്സ്ഇപ്സോസ് വോട്ടെടുപ്പിൽ, അദ്ദേഹത്തിന്റെ അംഗീകാര റേറ്റിംഗ് 43 ശതമാനമായിരുന്നു എന്നതാണ് ശ്രദ്ധേയമായ കാര്യം. കൂടാതെ ജനുവരിയിൽ അദ്ദേഹം പ്രസിഡന്റ് സ്ഥാനത്ത് ചുമതലയേറ്റ് മണിക്കൂറുകൾക്ക് ശേഷം നടത്തിയ സമാനമായ വോട്ടെടുപ്പിലാവട്ടെ 47 ശതമാനമായിരുന്നു റേറ്റിങ്.

ഇത്രയൊക്കെ ആണെങ്കിലും ട്രംപിന്റെ അംഗീകാര റേറ്റിംഗുകൾ ബൈഡന്റെ പ്രസിഡന്റായിരുന്ന കാലയളവിൽ അദ്ദേഹത്തേക്കാൾ വളരെ ഉയർന്ന നിലയിലാണെന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. ബൈഡന്റെ നാല് വർഷ കാലയളവിലെ ജനപ്രീതിയേക്കാൾ അധികമാണ് ട്രംപിന്റെ ആദ്യ മൂന്ന് മാസമെന്നതാണ് ഇത് അർത്ഥമാക്കുന്നത്.

എന്നാൽ റേറ്റിംഗുകളിൽ ഇപ്പോഴുണ്ടായിരിക്കുന്ന ഇടിവ് അദ്ദേഹത്തിന്റെ കഠിനമായ നയങ്ങളിലും അധികാരങ്ങൾ വികസിപ്പിക്കാനുള്ള ശ്രമങ്ങളിലും അമേരിക്കക്കാർക്കിടയിൽ വർധിച്ചുവരുന്ന അസ്വസ്ഥതയെ സൂചിപ്പിക്കുന്നതാണെന്ന് വേണമെങ്കിൽ പറയാം. കാരണം ട്രംപിന്റെ പല നയങ്ങളും ഇപ്പോൾ വിമർശന വിധേയമാവുന്നുണ്ട്.

ഈ വർഷം ജനുവരിയിൽ ട്രംപ് രണ്ടാം തവണ അധികാരമേറ്റ ഉടൻ, മണിക്കൂറുകൾക്കുള്ളിൽ നിരവധി എക്സിക്യൂട്ടീവ് ഉത്തരവുകളിൽ ഒപ്പുവച്ചിരുന്നു. പ്രസിഡന്റ് തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ അദ്ദേഹം നൽകിയ നിരവധി വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടായിരുന്നു ഡൊണാൾഡ് ട്രംപിന്റെ ആദ്യം ഇടപെടലുകൾ എന്നതാണ് ശ്രദ്ധേയമായ കാര്യം.

തീവ്രമായ നിലപാടുകളുടെയും എക്സിക്യൂട്ടീവ് ഉത്തരവുകളിൽ ഒപ്പിടുന്നതിന്റെയും പരമ്പര ഇപ്പോഴും തുടരുകയാണ് ഡൊണാൾഡ് ട്രംപ്. എന്നാൽ ഇത്തരം ഉത്തരവുകളിൽ പലതും യുഎസിലുടനീളമുള്ള ഫെഡറൽ കോടതികൾ തടയുന്ന സാഹചര്യവുമുണ്ടായിരുന്നു. എന്നിട്ടും തളരാതെ തന്റെ നിലപാടിൽ ഉറച്ചു നിൽക്കുകയാണ് യുഎസ് പ്രസിഡന്റ്.

പ്രധാനമായും ട്രംപിനെതിരായ വിമർശനം പല മേഖലകളിലേക്കുമുള്ള അനാവശ്യ കൈകടത്തലും കടന്നുകയറ്റവുമാണ്. ട്രംപിന്റെ പല എക്സിക്യൂട്ടീവ് ഉത്തരവുകളും സർക്കാർ വകുപ്പുകളിലും സർവകലാശാലകൾ, നിയമ സ്ഥാപനങ്ങൾ തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളിലും അദ്ദേഹത്തിന്റെ അധികാരവും സ്വാധീനവും വർധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ്.

ട്രംപിന്റെ പുതിയ നയങ്ങളാണ് ജനപ്രീതിയിൽ ഇടിവുണ്ടാക്കിയതെന്നാണ് സർവേ ഫലങ്ങൾ പറയുന്നത്. തന്റെ ചിന്താഗതികളുമായി പൊരുത്തപ്പെടാത്ത സർവകലാശാലകളുമായി ട്രംപ് നിരന്തരം മല്ലിടുകയാണ്. വാഷിംഗ്ടണിലെ ഒരു പ്രധാന നാടക സാംസ്കാരിക സ്ഥാപനമായ കെന്നഡി സെന്ററിന്റെ ബോർഡ് ചെയർമാനായി അദ്ദേഹം സ്വയം സ്ഥാനമേറ്റത് ഈയിടെയാണ്. എന്നാൽ ഇത്തരം നീക്കങ്ങൾ ട്രംപിന്റെ ജനപ്രീതിയെ മോശമായി ബാധിക്കുന്നുവെന്നാണ് സർവേ സൂചിപ്പിക്കുന്നത്.

ട്രംപിന് ഏറ്റവും വലിയ പിന്തുണയുള്ള മേഖലകളിൽ ഒന്ന് അദ്ദേഹത്തിന്റെ കുടിയേറ്റ നയങ്ങളാണ്, അവിടെ പോലും 45 ശതമാനം പേരുടെ പിന്തുണ മാത്രമാണ് ഡൊണാൾഡ് ട്രംപിനുള്ളത്. ഇതിന് പുറമേ അടുത്തകാലത്തായി ട്രംപ് വരുത്തിയ സാമ്പത്തിക പരിഷ്കാരങ്ങളും ജനങ്ങളെ പിന്നോട്ട് വലിക്കുന്ന ഘടകങ്ങളാണ്. ഒപ്പം പണപ്പെരുപ്പം, നികുതി തുടങ്ങിയ വിഷയങ്ങളിൽ ട്രംപിന്റെ പ്രകടനത്തെ അംഗീകരിച്ചവരേക്കാൾ കൂടുതൽ പേർ അതിനോട് വിയോജിക്കുകയാണ് ചെയ്തത്.

# കാമുകിമാരെ കാണുന്നതും നൈറ്റ് പാർട്ടികളിൽ പോകുന്നതും വിലക്കി, റൂമിലിട്ട് പൂട്ടി; അഭിഷേകിനോട് യുവി ചെയ്തത് !



അഭിഷേക് ശർമയേയും ശുഭ്മാൻ ഗില്ലിനേയും കോച്ചായ യുവരാജ് സിങ് കഠിനമായാണ് പരിശീലിപ്പിച്ചിരുന്നതെന്ന വെളിപ്പെടുത്തലുമായി യുവിയുടെ മാതാപിതാക്കൾ. ക്രിക്കറ്റ് നെക്സ്റ്റിന് നൽകിയ അഭിമുഖത്തിലാണ് യുവരാജിന്റെ മാതാപിതാക്കൾ പഴയകാല സംഭവങ്ങൾ വെളിപ്പെടുത്തിയത്.അഭിഷേക് ശർമയുടെ അച്ഛന് അവനെ ഒറ്റയ്ക്ക് നിയന്ത്രിക്കാൻ കഴിയാത്തതിനാലാണ് അവനെ യുവരാജ് സിങ്ങിന്റെ കീഴിലാക്കി പോയതെന്നാണ് യുവിയുടെ പിതാവ് യോഗ്‌രാജ് സിംഗ് പറയുന്നത്. 'യുവരാജ് പലപ്പോഴും അവനെ നന്നായി വഴക്കുപറഞ്ഞിരുന്നു. ഇടയ്ക്ക് രാത്രി പാർട്ടികൾക്കും കാമുകിമാർക്കും ഒപ്പം പോകുന്ന അഭിഷേകിനെ യുവരാജ് ചീത്തവിളിച്ചിരുന്നു. രാത്രി 9 മണിയായി.. ഉറങ്ങാൻ പോകൂവെന്ന് യുവി ഒരിക്കൽ ദേഷ്യത്തിൽ അലറിയതായി ഓർക്കുന്നു. പിന്നെ അവൻ ഫോൺ കൊടുത്ത് ഉറങ്ങാൻ കിടന്നു. അവനെ മുറിയിലിട്ട് പൂട്ടാൻ പറഞ്ഞു. അഭിഷേകിന്റെ അച്ഛനോട് രാവിലെ അഞ്ച് മണിക്ക് തന്നെ ഉണർത്താനും യുവി ഏർപ്പാടാക്കിയിരുന്നു,' യോഗ്‌രാജ് ക്രിക്കറ്റ് നെക്സ്റ്റിനോട് പറഞ്ഞു.'ശുഭ്മാൻ ഗില്ലിന്റെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിച്ചത്. പക്ഷേ പിന്നീട് എന്താണ് സംഭവിച്ചത്? ഒരു വജ്രം മറ്റൊരു വജ്രത്തിന്റെ കൈകളിൽ എത്തുമ്പോൾ അതിന് എന്ത് സംഭവിക്കും? അത് കോഹിനൂർ ആയി മാറുന്നു. അഭിഷേക് ശർമയുടെ കാര്യത്തിലും അതാണ് സംഭവിച്ചത്. ഈ വജ്രം തെറ്റായ കൈകളിൽ എത്തിയിരുന്നെങ്കിൽ പൊട്ടിച്ചിതറിയേനെ. ഇന്ത്യയിലെ പല കളിക്കാരും സമാനമായി തകർന്നുപോകുന്നുണ്ട്,' യോഗ്‌രാജ് കൂട്ടിച്ചേർത്തു.ഐപിഎൽ ചരിത്രത്തിൽ ഒരു ഇന്ത്യൻ താരത്തിന്റെ ഏറ്റവുമുയർന്ന സ്കോർ എന്ന റെക്കോർഡ് അഭിഷേക് ശർമ അടുത്തിടെ തകർത്തിരുന്നു. പഞ്ചാബ് കിംഗ്സിനെതിരെ 55 പന്തിൽ 141 റൺസുമായി അവിസ്മരണീയ പ്രകടനമാണ് താരം നടത്തിയത്. 14 ഫോറുകളും പത്ത് സിക്സറുകളും സഹിതം ഐപിഎല്ലിലെ രണ്ടാമത്തെ ഉയർന്ന വിജയലക്ഷ്യം പിന്തുടരാനും താരം ടീമിനെ സഹായിച്ചു.



# സ്പാനിഷ് ലീഗ്; ഏഴ് പോയിന്റ് ലീഡിൽ ബാഴ്സ ഒന്നാം സ്ഥാനത്ത്

സ്പാനിഷ് ലീഗിൽ ഏഴ് പോയിന്റ് ലീഡുമായി ബാഴ്സ ഒന്നാം സ്ഥാനത്ത് തുടരുന്നു. കഴിഞ്ഞ ദിവസം നടന്ന മൽസരത്തിൽ മയ്യോർക്കയെ എതിരില്ലാത്ത ഒരു ഗോളിന് ബാഴ്സ പരാജയപ്പെടുത്തി.46ാം മിനിറ്റിൽ ഡാനി ഒൽമോയാണ് ബാഴ്സയ്ക്കായി സ്കോർ ചെയ്തത്. സ്പാനിഷ് ലീഗിൽ റയൽ മാഡ്രിഡ് ആണ് രണ്ടാം സ്ഥാനത്ത്. അത്‌ലറ്റിക്കോ മാഡ്രിഡ് മൂന്നാം സ്ഥാനത്താണ്. അത്‌ലറ്റിക്കോ ക്ലബ്ബ് നാലാം സ്ഥാനത്തും നിൽക്കുന്നു.ഇംഗ്ലിഷ് പ്രീമിയർ ലീഗിൽ മാഞ്ചസ്റ്റർ സിറ്റി ആസ്റ്റൺ വില്ലയെ പരാജയപ്പെടുത്തി. 2-1നാണ് സിറ്റിയുടെ ജയം. ബെർണാഡ് സിൽവ(7), മാത്യുസ് ന്യൂനസ് (ഇഞ്ചുറി ടൈം) എന്നിവരാണ് സിറ്റിയ്ക്കായി സ്കോർ ചെയ്തത്. ജയത്തോടെ സിറ്റി ലീഗിൽ മൂന്നാം സ്ഥാനത്തെത്തി. ലീഗിൽ ലിവർപൂൾ കിരീടമുറപ്പിച്ച് ഒന്നാം സ്ഥാനത്ത് നിൽക്കുന്നു.

# 'ഇനിയും ഒളിച്ചു നിൽക്കാനാവില്ല, പന്ത് കൂടുതൽ ഉത്തരവാദിത്തം ഏറ്റെടുക്കണം'; അംബാട്ടി റായുഡു





അംബാട്ടി റായുഡു

ഐപിഎൽ മെഗാ താര ലേലത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന തുകയ്ക്ക് ലഖ്നൗ വാങ്ങിയ കളിക്കാരനാണ് ഋഷഭ് പന്ത്. എന്നാൽ കഴിഞ്ഞ ദിവസം നടന്ന ലക്നൗ സൂപ്പർ ജെയ്ന്റ്സ് - ഡൽഹി ക്യാപിറ്റൽസ് മത്സരത്തിൽ ഡക്ക് ആയി പവലിയനിലേക്ക് മടങ്ങുന്ന ഋഷഭ് പന്തിന്റെ മുഖത്ത് അത്യന്തം നിരാശ പ്രകടമായിരുന്നു. ഈ സീസണിലെ താരത്തിന്റെ പ്രകടനത്തിൽ വിമർശനം അറിയിച്ച് ഒരുപാടുപേർ രംഗത്തെത്തുകയും ചെയ്തു. 27 കോടി മുടക്കി ലക്നൗ സ്വന്തമാക്കിയ താരത്തിൽ നിന്ന് ഇത്തരത്തിലുള്ള പ്രകടനമായിരുന്നില്ല ടീമും ആരാധകരും പ്രതീക്ഷിച്ചിരുന്നത്. ഇത് ശ്രദ്ധയിൽപ്പെട്ട ഇന്ത്യൻ മുൻ ക്രിക്കറ്റ് താരം അംബാട്ടി റായുഡു വിമർശനവുമായി രംഗത്തെത്തി.തീരുമാനങ്ങൾ എടുക്കുന്നതിൽ ഋഷഭ് പന്ത് കാണിക്കുന്ന ആശയക്കുഴപ്പത്തെക്കുറിച്ച് മുൻ ക്രിക്കറ്റ് താരം സംസാരിച്ചു. മറ്റുള്ളവരെ ആശ്രയിക്കാതെ തീരുമാനങ്ങൾ എടുക്കാൻ തുടങ്ങണമെന്നും റായുഡു ചൂണ്ടിക്കാട്ടി. പന്ത് കൂടുതൽ ഉത്തരവാദിത്തം ഏറ്റെടുക്കണമെന്ന് മുൻ ഇന്ത്യൻ കളിക്കാരൻ അഭിപ്രായപ്പെടുന്നു. അതേസമയം, കഴിഞ്ഞ ദിവസം പന്ത് ഏഴാം നമ്പറിൽ ബാറ്റ് ചെയ്യാൻ വന്നു. ഇത് ശരിയായ ക്രമമല്ലെന്നും പന്ത് അൽപ്പം നേരത്തെ ക്രീസിലെത്തണമെന്നുമാണ് റായുഡുവിന്റെ വാദം.




## പാകിസ്ഥാൻ സൂപ്പർ ലീഗ്; വിക്കറ്റ് കീപ്പറുടെ മുഖത്തടിച്ച് പാക് താരം


കറാച്ചി: പാകിസ്ഥാൻ സൂപ്പർ ലീഗിൽ വിക്കറ്റ് ആഘോഷത്തിനിടെ അബദ്ധത്തിൽ വിക്കറ്റ് കീപ്പറുടെ മുഖത്തടിച്ച് മുൾട്ടാൻ സുൽത്താൻസ് താരം ഉബൈദ് ഷാ. ഇന്നലെ ലാഹോർ ക്യുലാൻഡേഴ്സിനെതിരെ നടന്ന മത്സരത്തിനിടെയായിരുന്നു ആരാധകരെ ഞെട്ടിച്ച സംഭവം.229 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ലഹോർ ക്യുലാൻഡേഴ്സിനായി തകർത്തടിച്ച സാം ബില്ലിംഗ്സ് പ്രതീക്ഷ നൽകിയപ്പോഴാണ് പതിനഞ്ചാം ഓവറിൽ ഉബൈദ് ഷാ പന്തെറിയാനെത്തിയത്. 23 പന്തിൽ 43 റൺസായിരുന്നു ബില്ലിംഗ്സ് നേടിയത്. വിക്കറ്റെടുത്ത ശേഷം ആഘോഷിക്കാനായി ഓടിയെത്തിയ ഉബൈദ് ഷാ സഹതാരങ്ങളുടെ അടുത്തെത്തി ഉയർന്നുചാടി ഹൈ ഫൈവ് ആഘോഷം നടത്തുന്നതിനിടെയാണ് വിക്കറ്റ് കീപ്പർ വിക്കറ്റ് കീപ്പർ ഉസ്മാൻ ഖാൻറെ മുഖത്ത് അടിച്ചത് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. അതേസമയം അടികൊണ്ട ഉസ്മാൻ വേദനകൊണ്ട് നിലത്തിരുന്നു പോയത് ദൃശ്യങ്ങളിൽ നിന്നും വ്യക്തമാണ്. പിന്നീട് മെഡിക്കൽ സംഘം എത്തി പ്രാഥമിക ചികിത്സ നൽകിയശേഷമാണ് കളി തുടർന്നത്.




# കാർലോസ് ആഞ്ചലോട്ടി റയൽ മാഡ്രിഡ് വിടുന്നു



ഇറ്റാലിയൻ ഇതിഹാസ പരിശീലകൻ കാർലോസ് ആഞ്ചലോട്ടി റയൽ മാഡ്രിഡ് മാനേജർ സ്ഥാനം ഒഴിയുന്നു. വരാനിരിക്കുന്ന ക്ലബ് ലോകകപ്പ് കഴിയുന്നതുവരെ ഡോൺ കാർലോ കാത്തിരിക്കില്ലെന്നാണ് ഏറ്റവും പുതിയ റിപ്പോർട്ട്. ക്ലബ് ലോകകപ്പിൽ റയൽ മാഡ്രിഡ് പരിശീലകനായി ആഞ്ചലോട്ടി ഡഗൗട്ടിൽ ഉണ്ടാകില്ലെന്ന് പ്രശസ്ത സ്പോർട്സ് ജേണലിസ്റ്റ് ഫാബ്രിസിയോ റൊമാനോ റിപ്പോർട്ട് ചെയ്തു. യുവേഫ ചാമ്പ്യൻസ് ലീഗ് ക്വാർട്ടർ ഫൈനലിൽ ആഴ്സണലിനോട് രണ്ട് പാദങ്ങളിലും തോറ്റതിനെ തുടർന്ന് റയൽ മാഡ്രിഡ് പുറത്തായി. ഇതോടെയാണ് ആൻസലോട്ടിയുടെ തീരുമാനം എന്നാണ് റിപ്പോർട്ടുകൾ.ലാ ലിഗ, കോപ്പ ഡെൽ റേ കിരീടങ്ങളാണ് ഇനി റയൽ ലക്ഷ്യമിടുന്നത്. കോപ്പ ഡെൽ റേ ഫൈനലിൽ ബദ്ധവൈരികളായ ബാഴ്സലോണയാണ് എതിരാളികൾ. ലാ ലിഗയിലും ബാഴ്സയാണ് മുന്നിൽ. നാല് പോയിന്റ് വ്യത്യാസത്തിൽ റയൽ രണ്ടാമത് നിൽക്കുന്നു.ക്ലബ് ലോകകപ്പിൽ റയൽ പുതിയ പരിശീലകന്റെ കീഴിലായിരിക്കും ഇറങ്ങുക. ബുണ്ടസ് ലീഗ ചാംപ്യൻമാരായ ബയർ ലെവർകൂസന്റെ പരിശീലകൻ ഷാബി അലോൺസോയാണ് ആൻസലോട്ടിക്കു പകരക്കാരനായി റയൽ പരിഗണിക്കുന്ന ഒന്നാമത്തെ പരിശീലകൻ.എന്നാൽ ലെവർകൂസനിൽ 2026വരെ അലോൺസോയ്ക്ക് കരാറുണ്ട്. ക്ലബിനു നഷ്ടപരിഹാരം നൽകിയ ഏതു വിധത്തിലും അലോൺസോയെ എത്തിക്കുകയാണ് അവർ ലക്ഷ്യമിടുന്നത്.ആൻസലോട്ടി റയലിന്റെ പടിയിറങ്ങി ബ്രസീൽ ദേശീയ ടീമിന്റെ പരിശീലകനായേക്കുമെന്ന റിപ്പോർട്ടുകളുമുണ്ട്.



# ശമ്പളവും ബോണസും നൽകിയില്ല; പാക് ക്രിക്കറ്റ് ബോർഡിനെതിരെ മുൻ പരിശീലകൻ

ശമ്പളവും ബോണസും നൽകിയിട്ടില്ലെന്ന് ആരോപിച്ച് പാകിസ്ഥാൻ ക്രിക്കറ്റ് ടീമിന്റെ മുൻ പരിശീലകൻ ജേസൺ ഗില്ലസ്പി പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡിനെതിരെ (പിസിബി) കോടതിയെ സമീപിച്ചു. അദ്ദേഹം പരാതി അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിനും (ഐസിസി) അയച്ചിട്ടുണ്ട്. ശമ്പളത്തിന് പുറമേ, ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പര വിജയത്തിനും ഓസ്ട്രേലിയയ്ക്കെതിരായ ഏകദിന വിജയത്തിനും ബോണസ് നൽകേണ്ടതുണ്ടെന്ന് ഗില്ലസ്പി അവകാശപ്പെടുന്നു.കഴിഞ്ഞ ഡിസംബറിൽ ഗില്ലസ്പി മുഖ്യ പരിശീലക സ്ഥാനം രാജിവച്ചു. രണ്ട് വർഷത്തെ കരാറിൽ 2024 ഏപ്രിലിലാണ് ഗില്ലസ്പിയെ നിയമിച്ചത്. എന്നിരുന്നാലും, ആറ് മാസത്തിനുള്ളിൽ ഗില്ലസ്പി സ്ഥാനമൊഴിയേണ്ടിവന്നു. ടീമിന്മേൽ പൂർണ്ണ അധികാരം നൽകാൻ പിസിബി തയ്യാറാകാത്തതും ബോർഡിനുള്ളിലെ ആഭ്യന്തര പ്രശ്നങ്ങളുമാണ് കാരണം. അതേസമയം ഗില്ലസ്പിയുടെ വാദങ്ങളെയെല്ലാം പിസിബി തള്ളിക്കളഞ്ഞു. നാല് മാസത്തെ നോട്ടീസ് പീരിയഡ് പോലും പാലിക്കാതെയാണ് ഗില്ലസ്പി രാജിവെച്ചുപോയതെന്നും പിസിബി ആരോപിച്ചു. കരാറിന്റെ ലംഘനമാണ് ഗില്ലസ്പി നടത്തിയതെന്നും പിസിബി പ്രസ്താവനയിൽ പറഞ്ഞു.

# എംബാപ്പെ ഡെൽ റേ ഫൈനലിൽ കളിക്കുമെന്ന് ആഞ്ചലോട്ടി

ശനിയാഴ്ച ബാഴ്സലോണയ്ക്കെതിരായ കോപ്പ ഡെൽ റേ ഫൈനലിൽ കളിക്കാൻ കൈലിയൻ എംബാപ്പെ ഫിറ്റ്നസ് നേടിയേക്കുമെന്ന് പരിശീലകൻ കാർലോ ആഞ്ചലോട്ടി. കഴിഞ്ഞ ദിവസം ഉൾപ്പെടെ ലാ ലിഗയിൽ നിന്ന് എംബാപ്പെ വിട്ടുനിന്നത് ആരാധകരിൽ വലിയ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ ആഞ്ചലോട്ടി ഈ വിഷയത്തിൽ പ്രതികരിച്ചിരിക്കുകയാണ്. കഴിഞ്ഞ ആഴ്ച ആഴ്സണലിനെതിരായ മത്സരത്തിനിടെയാണ് എംബാപ്പെയ്ക്ക് പരിക്കേറ്റത്. തുടർന്ന് ഞായറാഴ്ച അത്ലറ്റിക് ബിൽബാവോയ്ക്കെതിരായ മത്സരത്തിൽ എംബാപ്പെയ്ക്ക് കളിക്കാനായില്ല. ബുധനാഴ്ച ഗെറ്റാഫെയ്ക്കെതിരായ മത്സരത്തിലും എംബാപ്പെ കളിക്കില്ലെന്നാണ് റിപ്പോർട്ട്.സെവിയ്യയിലെ എസ്റ്റാഡിയോ ലാ കാർട്ടൂജയിൽ നടക്കുന്ന ഫൈനലിൽ എംബാപ്പെയ്ക്ക് നിർണായക പങ്കുണ്ടാകുമെന്നാണ് റയൽ മാഡ്രിഡ് പ്രതീക്ഷിക്കുന്നത്. അതേസമയം ഈ സീസണിൽ എംബാപ്പെയുടെ വരവ് ടീമിന്റെ മൊത്തത്തിലുള്ള പ്രകടനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന ചില അഭിപ്രായങ്ങളും നിലവിലുണ്ട്.



# അമ്മയുടെ മൈക്രോബയോമിന്റെ പങ്ക് കുഞ്ഞുങ്ങളിൽ ഓട്ടിസം വികാസത്തിന് കാരണമാകുമെന്ന് പഠനം

കുട്ടികളുടെ ബുദ്ധിപരമായ വികാസവുമായി ബന്ധപ്പെട്ട ഒരു മാനസിക വൈകല്യമാണ് ഓട്ടിസം. മുൻകാലങ്ങളെ അപേക്ഷിച്ച് ഓട്ടിസം ബാധിച്ച കുട്ടികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റി ഓഫ് വിർജീനിയ സ്കൂൾ ഓഫ് മെഡിസിനിലെ ഗവേഷകർ അടുത്തിടെ നടത്തിയ ഒരു പഠനം സൂചിപ്പിക്കുന്നത് കുട്ടികളിൽ ഓട്ടിസം വർദ്ധിക്കുന്നതിൽ ഗട്ട് മൈക്രോബയോം ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്നാണ്.



ഗർഭകാലത്ത് അമ്മയുടെ മൈക്രോബയോം ഓട്ടിസത്തിന്റെ വികാസത്തെ സ്വാധീനിച്ചേക്കാമെന്ന് പഠനം സൂചിപ്പിക്കുന്നു. മൈക്രോബയോമിന് വികസിക്കുന്ന തലച്ചോറിനെ പല തരത്തിൽ രൂപപ്പെടുത്താൻ കഴിയും. അണുബാധ, പരിക്ക് അല്ലെങ്കിൽ സമ്മർദ്ദം എന്നിവയോട് കുഞ്ഞിന്റെ രോഗപ്രതിരോധ ശേഷി എങ്ങനെ പ്രതികരിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിൽ മൈക്രോബയോം വളരെ പ്രധാനമാണെന്നും ഗവേഷകർ പറയുന്നു.

ഓട്ടിസത്തെ സംബന്ധിച്ചിടത്തോളം, ഈ ബന്ധം രോഗപ്രതിരോധ സംവിധാനം ഉത്പാദിപ്പിക്കുന്ന ഇന്റർലൂക്കിൻ-17a (IL-17a എന്നും അറിയപ്പെടുന്നു) എന്ന പ്രത്യേക തന്മാത്രയുമായി ബന്ധപ്പെട്ടിരിക്കുന്നു. Th17 കോശങ്ങൾ ഉൾപ്പെടെ വിവിധ രോഗപ്രതിരോധ കോശങ്ങൾ ഉത്പാദിപ്പിക്കുന്ന ഒരു പ്രോഇൻഫ്ളമേറ്ററി സൈറ്റോകൈൻ ആണ് ഇന്റർലൂക്കിൻ17a. സോറിയാസിസ്, മൾട്ടിപ്പിൾ സ്ക്ലിറോസിസ്, റുമറ്റോയ്ഡ് ആർത്രൈറ്റിസ് തുടങ്ങിയ രോഗങ്ങളുമായി ഈ തന്മാത്ര ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മുൻ പഠനങ്ങൾ തെളിയിക്കുന്നു.

പ്രത്യേകിച്ച് ഫംഗസ് അണുബാധകൾ തടയുന്നതിൽ ഇത് ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. കൂടാതെ അമ്മയുടെ ഗർഭപാത്രത്തിനുള്ളിൽ കുഞ്ഞിന്റെ തലച്ചോറിന്റെ വളർച്ചയെയും ഇത് ബാധിക്കും. സൈറ്റോകൈൻ (ഇന്റർലൂക്കിൻ-17a) ഓട്ടിസത്തിന് കാരണമാകുമോയെന്ന് അറിയുന്നതിന് രണ്ട് വ്യത്യസ്ത ലാബുകളിൽ നിന്നുള്ള പെൺ എലികളിലാണ് പഠനം നടത്തിയത്.

ആദ്യ വിഭാഗം എലികളിൽ IL17a മൂലമുണ്ടാകുന്ന കോശജ്വലന പ്രതികരണത്തിന് കാരണമാകുന്ന ഗട്ട് മൈക്രോബയോട്ട ഉണ്ടായിരുന്നു. രണ്ടാമത്തതിൽ അതില്ലായിരുന്നു. രണ്ട് വിഭാഗത്തിലുള്ള എലികളുടെ കുഞ്ഞുങ്ങളിൽ ജനനസമയത്ത് IL-17a തന്മാത്രയെ കൃത്രിമമായി അടിച്ചമർത്തിയപ്പോൾ നാഡീസാധാരണ സ്വഭാവങ്ങൾ പ്രകടിപ്പിച്ചു.

അങ്ങനെ IL-17a- പ്രേരിതമായ കോശജ്വലന പ്രതികരണങ്ങളെ പ്രതിരോധിക്കാൻ കഴിഞ്ഞു. എന്നാൽ ആദ്യ വിഭാഗത്തിലെ എലികളിൽ ജനിച്ച കുഞ്ഞുങ്ങൾക്ക് പിന്നീട് ഓട്ടിസത്തോട് സാമ്യമുള്ള ഒരു നാഡീവ്യവസ്ഥാ തകരാറ് ഉണ്ടായതായി ഗവേഷകർ കണ്ടെത്തി. രണ്ട് വിഭാഗത്തിലെയും എലികളുടെ മലം പരിശോധിച്ചപ്പോൾ ആദ്യ വിഭാഗത്തിലെ എലികളിലെ വ്യതിരിക്തമായ മൈക്രോബയോട്ട മൂലമാണെന്ന് കണ്ടെത്തിയെന്നും ഗവേഷകർ പറയുന്നു.

പിന്നീട് ആദ്യ വിഭാഗവുമായി കൂടുതൽ പൊരുത്തപ്പെടുന്ന തരത്തിൽ രണ്ടാമത്തെ വിഭാഗത്തിന്റെ മൈക്രോഫ്ളോറയിൽ മാറ്റം വരുത്തി പരിശോധിച്ചു. പ്രതീക്ഷിച്ചതുപോലെ, രണ്ടാമത്തെ വിഭാഗത്തിലെ കുഞ്ഞുങ്ങൾക്ക് പിന്നീട് ഓട്ടിസത്തിന് സമാനമായ ഒരു നാഡീവ്യവസ്ഥാ തകരാറ് ഉണ്ടായതായി ഗവേഷണത്തിന് നേതൃത്വം നൽകിയ ജോൺ ലൂക്കൻസ് പറയുന്നു.

# ഫാറ്റി ലിവറിനെ അകറ്റി നിർത്താൻ ഈ പാനീയങ്ങൾ കുടിക്കൂ!



ജീവിത ശൈലീ രോഗങ്ങളുടെ കൂട്ടത്തിൽ പ്രധാന വില്ലനാണ് ഫാറ്റി ലിവർ. ആരംഭഘട്ടത്തിലാണെങ്കിൽ കൃത്യമായ ഭക്ഷണ നിയന്ത്രണം ഫാറ്റി ലിവറിനെ നിയന്ത്രിച്ച് നിർത്താൻ സഹായിക്കും. മദ്യം, മറ്റ് മധുര പാനീയങ്ങൾ എന്നിങ്ങനെ പലതും മാറ്റി നിർത്തേണ്ടിവരും. അങ്ങനെ ഇഷ്ടമുള്ള പാനീയങ്ങളെ മാറ്റി വച്ചാൽ പകരം ആരോഗ്യകരമായ ചില പാനീയങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഏതൊക്കെയെന്ന് നോക്കാം

### ഗ്രീൻ ടീ

കരളിന്റെ പ്രവർത്തനത്തെ മെച്ചപ്പെടുത്താൻ ഗ്രീൻ ടീ സഹായിക്കും. ആന്റിഓക്സിഡന്റ്സ് ധാരാളമടങ്ങിയിട്ടുള്ള ഗ്രീൻ ടീ പതിവായി കുടിക്കുന്നത് മെറ്റബോളിസം വർധിപ്പിക്കുകയും കരളിനെ ശുദ്ധീകരിക്കുകയും ചെയ്യും. ഇത് പൊതുവെ ശരീരത്തിലെ കൊഴുപ്പ് കുറയ്ക്കാനും സഹായകമാണ്.

### കറ്റാർവാഴ ജ്യൂസ്

കറ്റാർവാഴയിൽ അടങ്ങിയിരിക്കുന്ന എൻസൈമുകൾ ദഹനം മെച്ചപ്പെടുത്തുന്നതിനും ഫാറ്റ് കുറയ്ക്കാനും സാധിക്കും. ഇത് പതിവായി ഡയറ്റിൽ ഉൾപ്പെടുത്തുകയാണെങ്കിൽ ഫാറ്റി ലിവറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കുറയും.

### മഞ്ഞൾ ചേർത്ത പാൽ

മഞ്ഞൾ ചൂടുള്ള പാലിൽ കലർത്തി കുടിക്കുന്നത് കരൾ കോശങ്ങളെ പുനരുജ്ജീവിപ്പിക്കാനും കരളിലെ ഫാറ്റ് കുറയ്ക്കാനും സഹായിക്കും. മഞ്ഞളിൽ അടങ്ങിയിരിക്കുന്ന ആക്ടീവ് കോംപൗണ്ടായ കുർക്യുമിൻ ആന്റി ഓക്സിഡന്റ് ആണ്.

### ഇഞ്ചിചായ

ഇഞ്ചിയിൽ അടങ്ങിയിട്ടുള്ള ജിഞ്ചറോൾ മെറ്റബോളിസത്തെയും ദഹനത്തെയും സഹായിക്കുന്ന ഒന്നാണ്. ഇഞ്ചിച്ചായ കുടിക്കുന്നത് കരളിലെ ഫാറ്റ് ഇല്ലാതാക്കുകയും നീർക്കെട്ട് കുറയ്ക്കുകയും ചെയ്യും.

### കാപ്പി

കട്ടൻകാപ്പി കുടിക്കുന്നത് ലിവറിലെ എൻസൈം ലെവൽ കുറച്ച് ഫാറ്റി ലിവറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കുറയ്ക്കുന്നതിന് സഹായിക്കും. എന്നാൽ മധുരം അധികം ഉപയോഗിക്കാതിരിക്കുന്നതാകും നല്ലത്.

### നെല്ലിക്ക ജ്യൂസ്

നെല്ലിക്കയിൽ ധാരാളം വിറ്റമിൻ സിയും ആന്റിഓക്സിഡന്റ്സും അടങ്ങിയിട്ടുണ്ട്.

നെല്ലിക്ക ജൂസ് ദിവസവും രാവിലെ കുടിക്കുന്നത് കരളിന് ഗുണകരമാണ്.

# ഉയർന്ന രക്തസമ്മർദ്ദം കുറയ്ക്കുന്നത് ഡിമെൻഷ്യ സാധ്യത 15 % വരെ കുറയ്ക്കും



ഉയർന്ന രക്തസമ്മർദ്ദം കുറയ്ക്കുന്നതിന് മരുന്നുകളും കഠിന പരിശീലനവും സ്വീകരിക്കുന്നത് ഡിമെൻഷ്യ സാധ്യത 15 ശതമാനം വരെ കുറയ്ക്കുമെന്ന് പുതിയ പഠനം.

'അനിയന്ത്രിതമായ രക്താതിമർദ്ദമുള്ള രോഗികളിൽ ആന്റിഹൈപ്പർടെൻസിവ് ചികിത്സയ്ക്ക് ഡിമെൻഷ്യ തടയാൻ കഴിയും' പഠനത്തിന്റെ സഹ രചയിതാവായ ടെക്സസ് യൂണിവേഴ്സിറ്റി സൗത്ത് വെസ്റ്റേൺ മെഡിക്കൽ സെന്ററിലെ പ്രൊഫ. ജിയാങ് ഹെ പറഞ്ഞു.

ചൈനയിലെയും യുഎസിലെയും ഗവേഷകർ, ചൈനയിലെ 326 ഗ്രാമങ്ങളിലുള്ള ഉയർന്ന രക്തസമ്മർദ്ദമുള്ള 40 വയസ്സും അതിൽ കൂടുതലുമുള്ള 33,995 പേരെയാണ് ഈ പരീക്ഷണത്തിൽ ഉൾപ്പെടുത്തിയതെന്നും ചൈനയിലെയും യുഎസിലെയും ഗവേഷകർ നേച്ചർ മെഡിസിൻ ജേണലിൽ പ്രസിദ്ധീകരിച്ച പഠനത്തിൽ പറയുന്നു.


ഇവരിൽ 17,407 പേർക്ക് 'വില്ലേജ് ഡോക്ടർമാർ' എന്ന് വിളിക്കപ്പെടുന്ന നോൺഫിസിഷ്യൻ കമ്മ്യൂണിറ്റി ഹെൽത്ത്കെയർ പ്രൊവൈഡർമാർ രക്തസമ്മർദ്ദം കുറയ്ക്കാനുള്ള പരിശീലനങ്ങൾ നൽകി. രക്തസമ്മർദ്ദം കുറയ്ക്കുന്നതിനുള്ള സൗജന്യമോ വിലകുറഞ്ഞതോ ആയ മരുന്നുകൾ, അനുയോജ്യമായ അളവിൽ നൽകുന്ന ആരോഗ്യ പരിശീലനം, ശരീരഭാരം കുറയ്ക്കൽ, മദ്യം കുറയ്ക്കൽ, ഉപ്പ് കഴിക്കുന്നത് കുറയ്ക്കൽ തുടങ്ങിയ ജീവിതശൈലി മാറ്റങ്ങൾ, വീട്ടിൽ രക്തസമ്മർദ്ദം നിരീക്ഷിക്കുന്നതിനുള്ള ഉപകരണങ്ങളും നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുന്നു.

മറ്റൊരു ഗ്രൂപ്പിന് ജീവിതശൈലി മാറ്റങ്ങൾ ശുപാർശ ചെയ്യുകയും ചിലർ രക്തസമ്മർദ്ദം കുറയ്ക്കുന്നതിനുള്ള മരുന്നുകൾ കഴിക്കുകയും ചെയ്തെങ്കിലും, ഈ ഗ്രൂപ്പിന് വീട്ടിൽ സൗജന്യ രക്തസമ്മർദ്ദ മോണിറ്ററുകളോ മരുന്നുകളോ പരിശീലനമോ ലഭിച്ചില്ല.

നാല് വർഷത്തിന് ശേഷം നടത്തിയ തുടർ പഠനത്തിൽ, തീവ്ര രക്തസമ്മർദ്ദ മാനേജ്മെന്റ് ഗ്രൂപ്പിലെ ഡിമെൻഷ്യ സാധ്യത 15% കുറവാണെന്ന് സൂചിപ്പിക്കുന്നു. ഈ ഗ്രൂപ്പിൽ വൈജ്ഞാനിക വൈകല്യ സാധ്യതയും 16% കുറവാണെന്ന് പഠനം വെളിപ്പെടുത്തി.

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, 2021ൽ ലോകമെമ്പാടുമായി 57 ദശലക്ഷം ആളുകൾക്ക് ഡിമെൻഷ്യ കണ്ടെത്തിയിരുന്നു. ഉയർന്ന രക്തസമ്മർദ്ദം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിലൂടെ രോഗികളിൽ ഡിമെൻഷ്യ സാധ്യത 15% വരെ കുറയുമെന്നാണ് ഇപ്പോൾ ഗവേഷകർ പറയുന്നത്.

# സ്ക്രീൻ ടൈം വില്ലനോ? കാൻസർ രോഗത്തിന് കാരണമാകുമോ?



സ്ക്രീൻ ടൈമും കാൻസർ രോഗവും തമ്മിൽ ഏതെങ്കിലും ബന്ധമുണ്ടോ? ഇത് സംബന്ധിച്ച പഠനങ്ങൾ പലയിടങ്ങളിലും നടക്കുന്നുണ്ട്. സ്ക്രീനുകൾ പുറപ്പെടുവിക്കുന്ന നീല വെളിച്ചത്തെക്കുറിച്ച് വിദഗ്ധർ ആശങ്കാകുലരാണ്. ഈ വെളിച്ചം നിങ്ങളെ ഉറങ്ങാൻ സഹായിക്കുന്ന മെലറ്റോണിന്റെ അളവ് കുറയ്ക്കുന്നു.

ഉറക്കക്കുറവ്, സ്തന, വൻകുടൽ, പ്രോസ്റ്റേറ്റ് ഉൾപ്പെടെയുള്ള കാൻസറുകളുടെ അപകടസാധ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് നിലവിലെ ആശങ്ക. സ്ക്രീൻ സമയവും കാൻസറും തമ്മിലുള്ള ബന്ധം പല പഠനങ്ങളും സൂചിപ്പിക്കുന്നുണ്ടെങ്കിലും, ഇക്കാര്യത്തിൽ ഇതുവരെ തെളിവുകളോ സ്ഥിരീകരണമോ ഇല്ല.

സ്ക്രീൻ ഉപയോഗവും കാൻസർ സാധ്യതയും തമ്മിൽ നേരിട്ട് ഏതെങ്കിലും രീതിയിൽ ബന്ധമുണ്ടോ എന്നറിയാൻ ഇനിയും പഠനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. എന്നിരുന്നാലും എത്ര സമയം സ്ക്രീനിന് മുന്നിൽ ചിലവഴിക്കുന്നു എന്നതിൽ നമുക്കൊരു ശ്രദ്ധയുണ്ടാകുന്നത് ആരോഗ്യകരമായ ജീവിതത്തിന് നല്ലതാണെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്.

സ്ക്രീൻ ടൈം നിയന്ത്രിക്കാൻ ഒരോ 20 മിനിറ്റിലും താത്ക്കാലികമായി സ്ക്രീനിൽ നോക്കുന്നത് നിർത്തുന്നത് നല്ലതായിരിക്കും. തുടർന്ന്, 20 അടി അകലെയുള്ള എന്തെങ്കിലും ഒരു സാധനത്തിലേക്ക് 20 സെക്കൻഡ് നേരത്തേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുക. നീല വെളിച്ചം തടയുന്നതിന് ഗ്ലാസുകൾ ഉപയോഗിക്കുക. ഉറങ്ങുന്നതിന് മുമ്പ് സ്ക്രീനിന് മുന്നിൽ സമയം ചിലവഴിക്കുന്നത് ഒഴിവാക്കാം. പകരം, വായിക്കുന്നത് ശീലമാക്കുകയോ വിശ്രമിക്കുകയോ ചെയ്യാം.

# 10ജി പരീക്ഷിച്ച് ചൈന; കണ്ണ് തള്ളി ടെക് ലോകം




അമേരിക്കയെയും യൂറോപ്യൻ രാജ്യങ്ങളെയും പോലും ഞെട്ടിച്ച് ഇന്റർനെറ്റ് വേഗതയിൽ കുതിച്ചുചാട്ടവുമായി ചൈന. ലോകത്ത് ആദ്യമായി 10ജി ബ്രോഡ്ബാൻഡ് സാങ്കേതികവിദ്യ ചൈന പരീക്ഷിച്ചു.

ചൈനയിലെ ഹെബെയ് പ്രവിശ്യയിലെ സുനാൻ കൗണ്ടിയിൽ ഉൾപ്പെട്ട ഷിയോങ് ജില്ലയിലാണ് 10ജി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയത്. ചൈനീസ് ടെലികോം കമ്പനിയായ വാവേയും ചൈന യൂണികോമും ചേർന്ന് 50ജി-പിഒഎൻ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് 10ജി ബ്രോഡ്ബാൻഡ് സംവിധാനം ഒരുക്കിയത്.

സെക്കൻഡിൽ 10 ജിഗാബൈറ്റ് ആണ് വേഗം. അതായത് ഒരു സിനിമ മുഴുവൻ ഡൗൺലോഡ് ചെയ്യാൻ ഒരു സെക്കൻഡ് പോലും വേണ്ടി വരില്ല. ഫൈബർ ഒപ്റ്റിക് ടെക്നോളജിയിലെ പുതിയ അവതാരമാണ് 50 ജിഗാബൈറ്റ് പാസീവ് ഒപ്ടിക്കൽ നെറ്റ്‌വർക്ക് അഥവാ 50 ജി-പി.ഒ.എൻ സെക്കൻഡിൽ 50 ജിഗാബൈറ്റ് വരെ വേഗം ആർജിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയാണിത്.

10ജി 9,834 Mbps വരെ ഡൗൺലോഡ് വേഗത വാഗ്ദാനം ചെയ്യുന്നു. 1,008 Mbps വരെ അപ്‌ലോഡ് വേഗതയും 3 മില്ലിസെക്കൻഡ് വരെ ലേറ്റൻസിയും. ക്ലൗഡ് കമ്പ്യൂട്ടിംഗ്, വെർച്വൽ, ഓഗ്മെന്റഡ് റിയാലിറ്റി, 8കെ വീഡിയോ സ്ട്രീമിംഗ്, സ്മാർട്ട് സിറ്റികൾ, സ്മാർട്ട് ഹോമുകൾ, ഡ്രൈവറില്ലാ കാറുകൾ എന്നിവയെല്ലാം ഈ സാങ്കേതിക വിദ്യയിലൂടെ സാധ്യമാക്കുന്നു.

നിലവിൽ, ഇന്ത്യയിലെ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് വേഗത സെക്കൻഡിൽ 1 ജിഗാബിറ്റ് വരെയാണ്. നിലവിൽ, 20GB 4K സിനിമ സാധാരണയായി 1 ഏയുടെ കണക്ഷനിൽ ഡൗൺലോഡ് ചെയ്യാൻ ഏഴ് മുതൽ പത്ത് മിനിറ്റ് വരെ എടുക്കും. എന്നാൽ പുതിയ 10 ജി ബ്രോഡ്ബാൻഡ് ഉപയോഗിച്ച്, അതേ സിനിമ 20 സെക്കൻഡിനുള്ളിൽ ഡൗൺലോഡ് ചെയ്യാൻ കഴിയും.

543 മെഗാബൈറ്റ് വേഗമുള്ള യുഎഇയിലും 521 മെഗാബൈറ്റ് വേഗമുള്ള ഖത്തറിലുമാണ് ലോകത്തിൽ ഏറ്റവും വേഗതയുള്ള ഇന്റർനെറ്റ് വ്യാവസായിക ആവശ്യങ്ങൾക്കായി ലഭിക്കുന്നത്. യുഎഇ ഖത്തർ തുടങ്ങിയ രാജ്യങ്ങളിലെ നിലവിലെ വാണിജ്യ ബ്രോഡ്ബാൻഡ് വേഗത്തെ മറികടക്കുന്നതാണ് ചൈനയുടെ പുതിയ സാങ്കേതിക വിദ്യ.

# സിരി സ്മാർട്ടാകും! ആപ്പിളിൽ നിന്ന് ഈ വർഷം പ്രതീക്ഷിക്കാവുന്ന പ്രഖ്യാപനങ്ങൾ




വേൾഡ് വൈഡ് ഡെവലപ്പേഴ്സ് കോൺഫറൻസിന് ആഴ്ചകൾ മാത്രം ശേഷിക്കെ, ആപ്പിൾ ആരാധകർ ആകാംക്ഷയോടെ റിലീസിനായി കാത്തിരിക്കുകയാണ്. ഒഎസിൽ ഒരു പ്രധാന മാറ്റം വരാൻ പോകുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ജൂൺ ഒൻപതിലെ പ്രഖ്യാപനത്തിൽ ഐഒഎസ് 19ന് പുറമെ എന്തെല്ലാം ഉണ്ടാകുമെന്ന് കാത്തിരിക്കുകയാണ് ടെക് ലോകവും. അഞ്ച് പ്രധാനമാറ്റങ്ങളാണ് വിദഗ്ധർ പ്രവചിക്കുന്നത്.

ഐഒഎസ് 19, ഐപാഡ് ഒഎസ് 19, മാക് ഒഎസ് 16 എന്നിവയിൽ സമഗ്രമായ ഡിസൈൻ ഏകീകരണം ആപ്പിൾ പ്രഖ്യാപിച്ചേക്കാം. വിവിധ ഉപകരണങ്ങളുടെ സംയോജിച്ചുള്ള പ്രവർത്തനങ്ങളെ സഹായിക്കുന്ന തരത്തിലാകും റീഡിസൈൻ ചിട്ടപ്പെടുത്തുക.

ആപ്പ് ഐക്കണുകൾ, അടുമുടി മാറിയ കാമറ ആപ്പ്, ഫസ്റ്റ് പാർട്ടി ആപ്പുകളുടെ അപ്ഡേഷൻ, ഫ്ളോട്ടിങ് ടാബുകൾ എന്നിവയിലടക്കം മാറ്റം പ്രകടമാകും. ഐഒഎസ് ഏഴിന് ശേഷം ഐഫോണുകളിലും മാകിലും വരുന്ന ഏറ്റവുംവലിയ അപ്ഡേറ്റ് ആകും ഇതെന്നാണ് പ്രവചനം.

## സിരി

എഐ ഉപയോഗം കൂടുതൽ വ്യാപകമാകുന്നതോടെ, ഐഒഎസ്19ൽ സിരി കുറച്ചുകൂടി സ്മാർട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ അപ്ഡേറ്റ് ആപ്പിളിന്റെ ബുദ്ധിശക്തിയെ പരമാവധി പ്രയോജനപ്പെടുത്തുമെന്നും സങ്കീർണ്ണമായ കമാൻഡുകൾ നിർവഹിക്കുന്നത് എളുപ്പമാക്കുമെന്നും സങ്കേതിക വിദഗ്ധർ പറയുന്നു. സ്ക്രീനിൽ നിന്നുള്ള വിവരങ്ങൾക്ക്പുറമേ, മറ്റ് ക്രോസ് ആപ്പ് പ്രവർത്തനക്ഷമതയും ഹാൻഡ്സ്ഫ്രീ ഉപയോഗവും സിരിയിൽ മെച്ചപ്പെടുത്തും.

## കയ്യിലൊതുങ്ങുമോ വിഷൻ പ്രൊ ഹെഡ്സെറ്റ്?

വിഷൻ ഒഎസിലെന്തെല്ലാം മാറ്റങ്ങൾ ഉണ്ടെന്ന് ആപ്പിൾ വിട്ടുപറയുന്നില്ലെങ്കിലും പുത്തൻ ഫീച്ചറുകളും ശ്രദ്ധേയമായ മാറ്റവും ഉണ്ടാകുമെന്ന് ഉറപ്പാണ്. ആപ്പിൾ ഇന്റലിജൻസിന്റെ സംയോജനമാകും പ്രധാന ഹൈലൈറ്റ്. അതേസമയം, വിഷൻ പ്രൊ ഹെഡ്സെറ്റ് കയ്യിലൊതുങ്ങുന്ന വിലയിൽ എത്തിയേക്കും.

## ആപ്പിൾ ഇന്റലിജൻസ് വാച്ചിലേക്ക്

വാച്ച് ഐഒഎസിൽ ആപ്പിളെത്തുമെന്ന ഉറച്ച പ്രതീക്ഷയിലാണ് ആരാധകർ. തുടക്കത്തിൽ എല്ലാ എഐ ഫീച്ചറുകളും ഉണ്ടാവില്ലെങ്കിലും തിരഞ്ഞെടുത്ത സേവനങ്ങൾ ആപ്പിൾ ലഭ്യമാക്കിയേക്കും.

## വാച്ചിന്റെ ഡിസൈൻ ആപ്പിൾ മാറ്റിയേക്കും

വാച്ചിന്റെ ഡിസൈൻ ആപ്പിൾ മാറ്റിയേക്കാമെന്നും പുതിയ ഇന്റർഫേസ് വരുമെന്നും ബ്ലൂം ബർഗ് പ്രവചിക്കുന്നു. കുറച്ച് കൂടി മെച്ചപ്പെട്ട ആരോഗ്യ നിരീക്ഷണ സംവിധാനങ്ങളും, ഫിറ്റ്നസ് ആപ്പിലെ ട്രെയിനിങ് മെട്രിക്സിന്റെ അപ്ഡേറ്റും ഒപ്പം ആപ്പിൾ ഇന്റലിജൻസിന്റെ സ്വാധീനവും പ്രതീക്ഷിക്കാം.

# ജിബ്ലിക്ക് വെല്ലുവിളിയുമായി ജെമിനി




ഹൈഡെഫനിഷൻ വീഡിയോകൾ സൃഷ്ടിക്കാൻ ഉപയോക്താക്കളെ അനുവദിക്കുന്ന ഒരു പുതിയ സവിശേഷത ജെമിനി എഐയിൽ അവതരിപ്പിക്കാൻ ഗൂഗിൾ പദ്ധതിയിടുന്നതായി റിപ്പോർട്ട്. ഗൂഗിളിന്റെ അഡ്വാൻസ്ഡ് വീഡിയോ ജനറേഷൻ മോഡലായ വിയോ2 പ്രയോജനപ്പെടുത്തുന്നതിനായാണ് ഈ നീക്കം.

ഗൂഗിൾ തങ്ങളുടെ ഔദ്യോഗിക ബ്ലോഗിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. എല്ലാ ഭാഷകളിലും പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് വിയോ2 വീഡിയോ ജനറേഷൻ ഫീച്ചർ ലോകമെമ്പാടുമുള്ള ജെമിനി ഉപയോക്താക്കൾക്കായി അവതരിപ്പിച്ചു. എന്നിരുന്നാലും, ജെമിനിയുടെ സൗജന്യ ഉപയോക്താക്കൾക്ക് ഈ ഉപകരണം ആക്സസ് ചെയ്യാൻ കഴിയില്ല. വിയോ2 ഇപ്പോൾ ജെമിനി വെബ്, മൊബൈൽ ആപ്പുകളിൽ സംയോജിപ്പിച്ചിരിക്കുന്നു.

ഗൂഗിൾ ജെമിനിയിലെ വിയോ2 സവിശേഷത മോഡൽ പിക്കർ മെനുവിലൂടെ എളുപ്പത്തിൽ ആക്സസ് ചെയ്യാൻ കഴിയും. ഇതുപയോഗിച്ച്, അടിസ്ഥാന ടെക്സ്റ്റ് പ്രോംപ്റ്റുകൾ നൽകിക്കൊണ്ട് ഉപയോക്താക്കൾക്ക് എട്ട് സെക്കൻഡ് വരെ ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകൾ സൃഷ്ടിക്കാൻ കഴിയും.

വിയോ2 നിർമ്മിക്കുന്ന വീഡിയോകൾക്ക് 720പി റെസല്യൂഷനുണ്ട്, കൂടാതെ എംപി4 ഫോർമാറ്റിൽ സൗകര്യപ്രദമായി ഡൗൺലോഡ് ചെയ്യാനും കഴിയും. ഒപ്പം ടെക്സ്റ്റ് പ്രോംപ്റ്റുകൾ ഉപയോഗിച്ച് ക്യാമറ ലെൻസുകൾ, സങ്കീർണ്ണമായ ക്യാമറ ചലനങ്ങൾ, വിവിധ സിനിമാറ്റിക് ഇഫക്റ്റുകൾ എന്നിവ അവരുടെ വീഡിയോകളിൽ ഉൾപ്പെടുത്താനുള്ള ഫീച്ചറും നൽകുന്നു.

അതേസമയം, വിയോ2 സവിശേഷത ഉപയോഗിച്ച് ഉപയോക്താക്കൾക്ക് സൃഷ്ടിക്കാൻ കഴിയുന്ന വീഡിയോകളുടെ എണ്ണത്തിൽ ഗൂഗിൾ പ്രതിമാസ പരിധി ഏർപ്പെടുത്തിയിട്ടുണ്ട്. ഉപയോക്താക്കൾ ഈ പരിധിയിലെത്തിക്കഴിഞ്ഞാൽ, അവർക്ക് ഗൂഗിളിൽ നിന്ന് ഒരു അറിയിപ്പ് ലഭിക്കും. ടിക് ടോക്ക്, യൂട്യൂബ് പോലുള്ള ജനപ്രിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ അവർ സൃഷ്ടിക്കുന്ന വീഡിയോകൾ നേരിട്ട് പങ്കിടാനും ജെമിനി എഐ ഉപയോക്താക്കളെ അനുവദിക്കുന്നു.




# 'ഇൻകൊഗ്നിറ്റോ ഹിസ്റ്ററി' സേവ് ആകുമോ? ഡിലീറ്റ് ചെയ്യേണ്ടതുണ്ടോ?

ഒരു ആൻഡ്രോയിഡ് ഫോണിൽ ഇൻകോഗ്നിറ്റോ മോഡിൽ ബ്രൗസ് ചെയ്യുമ്പോൾ, നിങ്ങളുടെ ബ്രൗസിംഗ് ഹിസ്റ്ററി സാധാരണയായി സംരക്ഷിക്കപ്പെടില്ല. നിങ്ങളുടെ ഫോണിലെ ബ്രൗസിംഗ് പ്രവർത്തനങ്ങൾ റെക്കോർഡ് ചെയ്യാതിരിക്കാനാണ് ഇൻകോഗ്നിറ്റോ മോഡ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

അതിനാൽ, 'ഇൻകോഗ്നിറ്റോ ഹിസ്റ്ററി' എന്ന് പ്രത്യേകമായി വിളിക്കുന്ന ഒന്നും നിങ്ങൾ ഇല്ലാതാക്കേണ്ടതില്ല. ഒരു ഇൻകോഗ്നിറ്റോ വിൻഡോയിലെ എല്ലാ ടാബുകളും അടയ്ക്കുമ്പോൾ, ആ സെഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ (പേജ് ചരിത്രം, കുക്കികൾ, സൈറ്റ് ഡാറ്റ) നിങ്ങളുടെ ഫോണിൽ നിന്ന് താൽക്കാലികമായി ഇല്ലാതാക്കപ്പെടും.

ഇൻകൊഗ്നിറ്റോ മോഡിൽ ബ്രൗസ് ചെയ്തു കഴിഞ്ഞാൽ, തുറന്നിരിക്കുന്ന എല്ലാ ഇൻകൊഗ്നിറ്റോ ടാബുകളും ക്ലോസ് ചെയ്യുക. ഇതോടെ നിങ്ങളുടെ ഇൻകൊഗ്നിറ്റോ സെഷൻ അവസാനിക്കുകയും അതിന്റെ ഡാറ്റ മായുകയും ചെയ്യും.

ശ്രദ്ധിക്കുക: ഇത് നിങ്ങളുടെ ഫോണിൽ ഹിസ്റ്ററി സേവ് ആവുന്നില്ല എന്ന് മാത്രമാണ് അർത്ഥമാക്കുന്നത്. നിങ്ങളുടെ ഇന്റർനെറ്റ് സേവന ദാതാവ് (ISP), ഓഫീസ്/സ്കൂൾ നെറ്റ്‌വർക്ക് അഡ്മിനിസ്ട്രേറ്റർമാർ, അല്ലെങ്കിൽ നിങ്ങൾ സന്ദർശിക്കുന്ന വെബ്സൈറ്റുകൾ എന്നിവർക്ക് നിങ്ങളുടെ പ്രവർത്തനം ശ്രദ്ധിക്കാൻ കഴിഞ്ഞേക്കും.

സാധാരണ ബ്രൗസിങ് ഹിസ്റ്ററി, കാഷെ, കുക്കീസ് എന്നിവ മായ്ക്കാൻ നിങ്ങളുടെ ബ്രൗസറിന്റെ (ഉദാഹരണത്തിന് ക്രോം) സെറ്റിങ്സിൽ പോയി 'Clear Browse data' എന്ന ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്.




# കാശ്മീർ കൂട്ടക്കുരുതി: പാകിസ്ഥാനെതിരെ കടുത്ത നടപടിക്ക് ഇന്ത്യ

കാശ്മീർ : ജമ്മു കശ്മീരിലെ പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി പാകിസ്ഥാനെതിരെ കടുത്ത നടപടിക്ക് ഇന്ത്യ തയ്യാറെടുക്കുകയാണ്. നയതന്ത്രബന്ധങ്ങൾ വിച്ഛേദിക്കാൻ പദ്ധതിയിടുന്നു. സൈനിക നടപടിയും ഇന്ത്യ പരിഗണിക്കുന്നുണ്ട്. ആക്രമണത്തിന് പിന്നിലെ മുഖ്യസൂത്രധാരനായ ലഷ്കർ ഭീകരൻ സൈഫുള്ള കസൂരിയെ വിട്ടുനൽകാനും ഇന്ത്യ ആവശ്യപ്പെടും. പാകിസ്ഥാൻ സൈനിക മേധാവിയുടെ പ്രസ്താവനയ്ക്കെതിരെയും ഇന്ത്യ പ്രതിഷേധിക്കും. ആ പ്രസ്താവന ഗൂഢാലോചനയ്ക്ക് സഹായിച്ചുവെന്നാണ് ഇന്ത്യയുടെ നിലപാട്.ഇന്ത്യയിലെ പാകിസ്ഥാൻ ഹൈക്കമ്മീഷനിലെ ഉദ്യോഗസ്ഥരെ പുറത്താക്കുക, പാകിസ്ഥാനിലെ നയതന്ത്ര ദൗത്യത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുക തുടങ്ങിയ നടപടികൾ ഇന്ത്യ സ്വീകരിക്കുമെന്ന് സൂചനയുണ്ട്. പാകിസ്ഥാൻ പൗരന്മാർക്ക് ഇന്ത്യയിലേക്ക് വരാൻ അനുവദിക്കുന്ന വിസകളും റദ്ദാക്കും. പാകിസ്ഥാനിലേക്കുള്ള ഇന്ത്യക്കാരുടെ യാത്രയും നിരോധിക്കാം.

പാകിസ്ഥാനുമായുള്ള എല്ലാ നേരിട്ടുള്ളതും പരോക്ഷവുമായ വ്യാപാരവും അനിശ്ചിതകാലത്തേക്ക് നിർത്തിവയ്ക്കും. പാകിസ്ഥാനിൽ നിന്ന് മറ്റൊരു രാജ്യം വഴി ഇന്ത്യയിലേക്കുള്ള ഇറക്കുമതിയും നിരോധിച്ചേക്കും.കര, വ്യോമ, നാവിക സേനകൾ എന്തിനും സജ്ജമായിരിക്കണം. രാജ്യത്തെമ്പാടും ജാഗ്രത പാലിക്കാനും അതിർത്തിയിൽ സുരക്ഷ ശക്തമാക്കാനും നിർദേശമുണ്ട്. ഭീകരവാദികളുടെ നുഴഞ്ഞുകയറ്റം തടയാൻ കഴിയാതിരുന്നത് സംബന്ധിച്ചും സൈന്യത്തോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.അതേസമയം, ഏത് അടിയന്തര സാഹചര്യത്തേയും നേരിടാൻ സജ്ജമായിരിക്കണമെന്ന് സൈന്യത്തിന് നിർദേശം. പ്രതിരോധമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിന് ശേഷമാണ് നിർദേശം നൽകിയത്. പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, സായുധ സേനാ തലവന്മാർ എന്നിവരാണ് യോഗം ചേർന്നത്. ജമ്മുകശ്മീരിലെ സുരക്ഷാ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് രണ്ടര മണിക്കൂറാണ് ചർച്ച നടത്തിയത്.

# ഇന്ത്യയുടെ നീക്കങ്ങൾക്ക് ഉചിതമായ മറുപടിയെന്ന് പാകിസ്ഥാൻ; ദേശീയ സുരക്ഷാ സമിതി വ്യാഴാഴ്ച ചേരും

ഇസ്ലാമാബാദ്: സിന്ധു നദീജല കരാർ താൽക്കാലികമായി മരവിപ്പിച്ചതുൾപ്പെടെ ഇന്ത്യയുടെ അഞ്ച് വലിയ നീക്കങ്ങൾക്ക് ഉചിതമായ മറുപടി നൽകുന്നതിനായി രാജ്യത്തെ ഉന്നത സിവിലിയൻ, സൈനിക നേതൃത്വം വ്യാഴാഴ്ച യോഗം ചേരുമെന്ന് പാകിസ്ഥാൻ പ്രതിരോധ മന്ത്രി ഖ്വാജ ആസിഫ് പറഞ്ഞു. പാകിസ്ഥാന്റെ ദേശീയ സുരക്ഷാ സമിതി യോഗം പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫിന്റെ അധ്യക്ഷതയിൽ നടക്കും. ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിൽ 26 പേർ കൊല്ലപ്പെട്ടതിന് ഒരു ദിവസത്തിന് ശേഷം, പാകിസ്ഥാനെതിരെ വൻതോതിലുള്ള ശിക്ഷാ നടപടികൾ ഇന്ത്യൻ സർക്കാർ പ്രഖ്യാപിച്ചു. സിന്ധു നദീജല കരാർ കേന്ദ്രം ഉടനടി നിർത്തിവെച്ചു, അട്ടാരി അതിർത്തിയിലെ സംയോജിത ചെക്ക് പോസ്റ്റ് അടച്ചുപൂട്ടി, ഇസ്ലാമാബാദുമായുള്ള നയതന്ത്ര ബന്ധം തരംതാഴ്ത്തി. ഈ സാഹചര്യത്തിലാണ് പാകിസ്ഥാൻ പ്രതിരോധത്തിനൊരുങ്ങുന്നത്.'പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫിന്റെ അധ്യക്ഷതയിൽ ദേശീയ സുരക്ഷാ സമിതിയുടെ ഒരു യോഗം ചേരും' എന്ന് ആസിഫ് പ്രസ്താവനയിൽ പറഞ്ഞു, 'ഇന്ത്യൻ നടപടികൾക്ക് ഉചിതമായ പ്രതികരണം' നൽകുക എന്നതാണ് അജണ്ടയെന്നും പാക് മന്ത്രി കൂട്ടിച്ചേർത്തു.ഇസ്ലാമാബാദിൽ വ്യാഴാഴ്ച നടക്കുന്ന യോഗത്തിൽ എല്ലാ സേനാ മേധാവികളും പ്രധാന കാബിനറ്റ് മന്ത്രിമാരും പങ്കെടുക്കുമെന്ന് വാർത്താ ഏജൻസിയായ പിടിഐ റിപ്പോർട്ട് ചെയ്തു. ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യേണ്ട സമയത്താണ് ഇത്തരം യോഗങ്ങൾ നടക്കുന്നത് എന്നത് ശ്രദ്ധേയമാണ്.



## അമേരിക്കൻ കാറുകളുടെ നികുതി യു.കെ കുറച്ചേക്കും

ലണ്ടൻ: അമേരിക്കൻ കാറുകളുടെ നികുതി കുറയ്ക്കുന്ന കാര്യം പരിഗണനയിലെന്ന് യു.കെ ചാൻസലർ റേച്ചൽ റീവ്സ്. യുകെക്കും യുഎസിനും ഇടയിലുള്ള താരിഫ്, നോൺ-താരിഫ് തടസ്സങ്ങൾ കുറയ്ക്കുന്നത് കാണാൻ താൻ ആഗ്രഹിക്കുന്നുവെന്ന് റീവ്സ് പറഞ്ഞു.അതേസമയം കാറുകൾ, സ്റ്റീൽ, അലുമിനിയം എന്നിവയ്ക്ക് 25% ഉം മറ്റ് ബ്രിട്ടീഷ് കയറ്റുമതികൾക്ക് 10% ഉം ആയി പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ചുമത്തിയ വ്യാപാര നികുതി കുറയ്ക്കാനും യുകെ ശ്രമം തുടരും.വിശാലമായ ഒരു വ്യാപാര കരാർ ഉറപ്പാക്കാൻ താൻ ഇതിന് തയ്യാറാണെന്ന് ചാൻസലർ നിർദ്ദേശിച്ചു.യുകെയിൽ നിന്നുള്ളതുൾപ്പെടെ യുഎസിലേക്കുള്ള എല്ലാ കാർ ഇറക്കുമതികൾക്കും പ്രസിഡന്റ് ട്രംപ് ഇതിനകം 25% താരിഫ് ഏർപ്പെടുത്തിയിട്ടുണ്ട്. യുകെക്ക് 10% ആണ് താരിഫ്.ഒരു കരാറിന്റെ സാധ്യതകളെക്കുറിച്ച് ചില യുഎസ് ഉദ്യോഗസ്ഥർ ശുഭാപ്തിവിശ്വാസം പുലർത്തിയിട്ടുണ്ട്. കഴിഞ്ഞയാഴ്ച യുകെയുമായി ഒരു വ്യാപാര കരാറിലെത്താൻ നല്ല സാധ്യത ഉണ്ടെന്ന് യുഎസ് വൈസ് പ്രസിഡന്റ് ജെഡി വാൻസ് പറഞ്ഞു.

## ഹമാസിനോട് ശേഷിക്കുന്ന ബന്ദികളെ മോചിപ്പിക്കണമെന്ന് പാലസ്തീൻ നേതാവ്

ജെറുലേം: പാലസ്തീൻ അതോറിറ്റി (പിഎ) പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് ഹമാസ് നിരായുധീകരിക്കാനും അധികാരം ഉപേക്ഷിക്കാനും ബന്ദികളെ മോചിപ്പിക്കാനും ആവശ്യപ്പെട്ടുകൊണ്ട് രംഗത്തെത്തി. ബന്ദികളെ വിട്ടയക്കുന്നതിലൂടെ, 2023 ഒക്ടോബർ 7 ന് ഭീകര സംഘടനയുടെ കൂട്ടക്കൊലയ്ക്ക് ശേഷം ആരംഭിച്ച യുദ്ധം തുടരുന്നതിനുള്ള ഇസ്രായേലിന്റെ ഒഴികഴിവുകൾ ഹമാസ് ഇല്ലാതാക്കുമെന്ന് പാലസ്തീൻ നേതാവ് പറഞ്ഞു. ഗാസയിലെ ഉന്മൂലന യുദ്ധം അവസാനിപ്പിക്കുക എന്നതാണ് പ്രഥമ പരിഗണന. അത് അവസാനിപ്പിക്കണം. എല്ലാ ദിവസവും നൂറുകണക്കിന് ആളുകൾ കൊല്ലപ്പെടുന്നു. എന്തുകൊണ്ട് നിങ്ങൾ ബന്ദികളെ കൈമാറുന്നില്ല? അബ്ബാസ് പറഞ്ഞതായി ടൈംസ് ഓഫ് ഇസ്രായേൽ റിപ്പോർട്ട് ചെയ്യുന്നു. പലസ്തീൻ അതോറിറ്റി പ്രസിഡന്റ് തന്റെ പ്രസംഗത്തിനിടെ ഹമാസിനെ 'നായ്ക്കളുടെ മക്കൾ' എന്ന് വിളിച്ചതായും റിപ്പോർട്ട് പറയുന്നു.



## ഇസ്താംബൂളിൽ ഭൂചലനം; റിക്ടർ സ്കെയിലിൽ 6.2 തീവ്രത രേഖപ്പെടുത്തി

ഇസ്താംബൂൾ: തുർക്കിയിൽ ഭൂകമ്പം. തലസ്ഥാനമായ ഇസ്താംബൂളിൽ റിക്ടർ സ്കെയിലിൽ 6.2 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം അനുഭവപ്പെട്ടു. മിനിറ്റുകൾക്കുള്ളിൽ തുടർച്ചയായ തുടർചലനങ്ങൾ രേഖപ്പെടുത്തിയതായി തുർക്കി ദുരന്ത നിവാരണ ഏജൻസികളെ ഉദ്ധരിച്ച് ബിബിസി റിപ്പോർട്ട് ചെയ്യുന്നു.ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം ഇസ്താംബൂളിൽ നിന്ന് ഏകദേശം 80 കിലോമീറ്റർ അകലെയുള്ള സിലിവ്രി ആണ്. അതേസമയം, ഭൂകമ്പത്തിൽ ആളപായമോ നാശനഷ്ടങ്ങളോ ഉണ്ടായിട്ടില്ലെന്ന് തുർക്കി ആഭ്യന്തര മന്ത്രാലയം അറിയിച്ചു. എന്നിരുന്നാലും, സുരക്ഷാ മുൻകരുതലുകളുടെ ഭാഗമായി കെട്ടിടങ്ങളിൽ നിന്ന് ആളുകളെ ഒഴിപ്പിച്ചു.

# വ്യാപാരയുദ്ധം ക്ലൈമാക്സിലേക്കോ? ചൈനയ്ക്കെതിരെ പകരച്ചുങ്കം കുറക്കുമെന്ന് ട്രംപ്

ബെയ്ജിങ് : ചൈനയുമായുള്ള വ്യാപാര യുദ്ധത്തിൽ ഒരു യു-ടേൺ സാധ്യതയുണ്ടെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ചൈനീസ് ഉൽപ്പന്നങ്ങളുടെ ഉയർന്ന താരിഫ് കുറയ്ക്കുമെന്ന് ട്രംപ് സൂചന നൽകി. പക്ഷേ അത് പൂജ്യമാകില്ലെന്നും അദ്ദേഹം പറഞ്ഞു. യുഎസ് -ചൈന വ്യാപാരയുദ്ധം കൊടുമ്പിരികൊള്ളുന്നതിനിടയിലാണ് ട്രംപിന്റെ പ്രതികരണം.145% വളരെ ഉയർന്നതാണ്, പക്ഷേ കുറയും അത് പൂജ്യമാകില്ല''- ഓവൽ ഓഫീസിൽ മാധ്യമപ്രവർത്തകരുമായി നടത്തിയ ചോദ്യോത്തര സെഷനിൽ ട്രംപ് പറഞ്ഞു.അമേരിക്കയും ചൈനയും തമ്മിലുള്ള ഉയർന്ന താരിഫ് നിരക്കുകൾ സമ്പദ്‌വ്യവസ്ഥകൾ തമ്മിലുള്ള വ്യാപാരത്തെ ഫലപ്രദമായി തടഞ്ഞിട്ടുണ്ടെന്ന ട്രഷറി സെക്രട്ടറി സ്കോട്ട് ബെസെന്റിന്റെ പരാമർശത്തെക്കുറിച്ച് ചോദിച്ചപ്പോഴാണ് ട്രംപ് ഈ പ്രസ്താവന നടത്തിയത്.ചൈനയുമായുള്ള വ്യാപാര യുദ്ധം സുസ്ഥിരമല്ലെന്നും സമീപഭാവിയിൽ തന്നെ യുദ്ധം കുറയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും ജെപി മോർഗൻ ചേസ് ആതിഥേയത്വം വഹിച്ച സ്വകാര്യ നിക്ഷേപ സമ്മേളനത്തിൽ ബെസെന്റ് പറഞ്ഞിരുന്നു.ബെസെന്റിന്റെ പരാമർശങ്ങൾക്ക് പിന്നാലെ മൂന്ന് പ്രധാന യുഎസ് സ്റ്റോക്ക് സൂചികകൾ ഏറ്റവും ഉയർന്ന നിലയിലെത്തി. ബുധനാഴ്ച ഏഷ്യൻ ഓഹരികളും ഉയർന്നു, ഹോങ്കോങ്ങിന്റെ ഹാംഗ് സെങ് സൂചിക പ്രാദേശിക നേട്ടങ്ങളിൽ മുന്നിട്ടുനിന്നു, വ്യാപാര ദിനം 2% ത്തിലധികം ഉയർന്നു. ജപ്പാനിലെ നിക്കി 225 ഏകദേശം 2% ഉയർന്നു, ദക്ഷിണ കൊറിയയുടെ കോസ്പിയും 1.5% ഉയർന്നു.



## മാർപാപ്പ തന്റെ മാതൃരാജ്യം സന്ദർശിക്കാത്തതിന് കാരണമെന്ത്?



വത്തിക്കാൻ : ആഗോള കത്തോലിക്കാ നേതാവായി 12 വർഷം സേവനമനുഷ്ഠിച്ചിട്ടും, ഫ്രാൻസിസ് മാർപാപ്പ ഒരിക്കലും തന്റെ ജന്മനാടായ അർജന്റീന സന്ദർശിച്ചിട്ടില്ല. ഈ സമയമത്രയും, ഫ്രാൻസിസ് മാർപാപ്പ വിവിധ ഭൂഖണ്ഡങ്ങളിലൂടെ സഞ്ചരിച്ചു, യുദ്ധമേഖലകൾ ഉൾപ്പെടെ 68 രാജ്യങ്ങൾ സന്ദർശിച്ചു, പക്ഷേ അദ്ദേഹം ഒരിക്കൽ പോലും തന്റെ ജന്മനാടായ അർജന്റീനയിൽ പോയിട്ടില്ല. അതിന് കാരണമെന്താണ്? അർജന്റീനയിലേക്കുള്ള തിരിച്ചുവരവിനെ കുറിച്ച് ചോദിക്കുമ്പോഴെല്ലാം അദ്ദേഹം പറഞ്ഞിരുന്നത്, 'ഞാൻ അർജന്റീനയിൽ 76 വർഷം ചെലവഴിച്ചു. അത് മതി, അല്ലേ?' രാഷ്ട്രീയക്കാർ തന്റെ സന്ദർശനം അവരുടെ നേട്ടത്തിനായി ഉപയോഗിക്കരുതെന്ന് ഫ്രാൻസിസ് മാർപാപ്പ ആഗ്രഹിച്ചിരുന്നു.2017-ൽ, ചിലിയിലേക്കുള്ള ഒരു യാത്രയുടെ ഭാഗമായി പോപ്പ് അർജന്റീന സന്ദർശിക്കുമെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു, എന്നാൽ ഷെഡ്യൂളിംഗ് പ്രശ്നങ്ങൾ കാരണം അത് നടന്നില്ല. പക്ഷേ അതിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങളെക്കുറിച്ച് അദ്ദേഹത്തിന് ആശങ്കയുണ്ടെന്ന് ദി ടൈംസ് റിപ്പോർട്ട് ചെയ്യുന്നു. ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് അർജന്റീനയുമായി ഒരു വിചിത്രമായ ബന്ധമുണ്ടായിരുന്നു. ഒരു ആർച്ച് ബിഷപ്പ് എന്ന നിലയിൽ, സ്വവർഗ വിവാഹത്തെ പിന്തുണച്ച അന്നത്തെ പ്രസിഡന്റ് ക്രിസ്റ്റീന ഫെർണാണ്ടസ് ഡി കിർച്ച്നറുടെ വീക്ഷണങ്ങളിൽ നിന്ന് അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ വ്യത്യസ്തമായിരുന്നു. മറ്റൊരു പ്രസിഡന്റായ മൗറീഷ്യോ മാക്രിയുടെ ചില നയങ്ങളെയും അദ്ദേഹം എതിർത്തു. 2020-ൽ, ഗർഭച്ഛിദ്രം നിയമവിധേയമാക്കാനുള്ള പ്രസിഡന്റ് ആൽബെർട്ടോ ഫെർണാണ്ടസിന്റെ നീക്കത്തെയും അദ്ദേഹം ശക്തമായി എതിർത്തിരുന്നു.നിലവിലെ പ്രസിഡന്റ് ജാവിയർ മിലിയുമായും ഫ്രാൻസിസ് മാർപാപ്പയ്ക്ക് വളരെ മോശം ബന്ധമായിരുന്നു ഉണ്ടായിരുന്നത്. സ്ഥാനമേറ്റെടുക്കുന്നതിന് മുമ്പ്, അദ്ദേഹം പലപ്പോഴും ഫ്രാൻസിസിനെ 'വിഡ്ഢി' എന്ന് വിളിച്ച് അപമാനിച്ചിരുന്നു. പിന്നീട്, മിസ്റ്റർ മിലി അദ്ദേഹത്തോട് ക്ഷമാപണം നടത്തി, കഴിഞ്ഞ വർഷം വത്തിക്കാൻ സിറ്റിയിൽ വെച്ച് ഇരുവരും കണ്ടുമുട്ടുകയും ചെയ്തിരുന്നു.

## ബ്രിട്ടനിൽ ആദ്യമായി ജയിലിൽ സൂപ്പർമാർക്കറ്റ്




ജയിലിലും സൂപ്പർമാർക്കറ്റോ? ഉണ്ടെന്നെ.. സംഭവം ഇംഗ്ലണ്ടിലാണ്. ഇംഗ്ലണ്ടിലെ ഏറ്റവും വലിയ ജയിലായ എച്ച്എംപി ഓക്ക്വുഡിൽ സൂപ്പർമാർക്കറ്റ് തുറക്കാൻ അനുമതി ലഭിച്ചു. ഐസ്‌ലാൻഡുമായി സഹകരിച്ച് സ്ഥാപിക്കുന്ന പുതിയ സൂപ്പർമാർക്കറ്റിൽ, പിസ്സയും ഐസ്ക്രീമും ഉൾപ്പെടെ എല്ലാം ഇനി ലഭിക്കും. സ്റ്റാഫോർഡ്ഷെയറിലെ ഫെതർസ്റ്റോണിലാണ് ജയിൽ സ്ഥിതി ചെയ്യുന്നത്. കാറ്റഗറി സി ജയിലിലെ നല്ല പെരുമാറ്റത്തിലൂടെ സമ്പാദിക്കുന്ന പണം ഉപയോഗിച്ച് തടവുകാർക്ക് സാധനങ്ങൾ വാങ്ങാം. ഡെയ്‌ലി മെയിൽ പറയുന്നതനുസരിച്ച്, ഈ പദ്ധതി പ്രകാരം, തടവുകാർക്ക് ആഴ്ചയിൽ 25 പൗണ്ട് (2800 രൂപ) സമ്പാദിക്കാം. ജയിൽ മോചിതരായശേഷം തടവുകാർക്ക് പ്രയാസമൊന്നും കൂടാതെ തന്നെ സമൂഹത്തിലേക്കിറങ്ങാനുള്ള സാഹചര്യമൊരുക്കുന്ന വിധത്തിലാണ് ഈ സംരംഭം രൂപകൽപന ചെയ്തിരിക്കുന്നത്.ചില തടവുകാർക്ക് ഇവിടെ ജോലിയും നൽകുന്നുണ്ട്. ഐസ്‌ലാൻഡിക് ജയിലിൽ ജോലിക്ക് അനുയോജ്യമായ തടവുകാരെ കണ്ടെത്താൻ സഹായിക്കുന്ന ഒങജ ഓക്ക്വുഡിലെ എംപ്ലോയബിലിറ്റി മേധാവി കാർലി ബാലിസാണ് ഇതിന് പിന്നിലെ ആശയം.

## ആപ്പിളിനും മെറ്റയ്ക്കും 700 മില്യൺ യൂറോ പിഴ ചുമത്തി യൂറോപ്യൻ യൂണിയൻ

ലലണ്ടൻ: യൂറോപ്യൻ യൂണിയന്റെ ഡിജിറ്റൽ നിയമങ്ങൾ ലംഘിച്ചതിന് ആപ്പിളിനും മെറ്റയ്ക്കും 700 മില്യൺ യൂറോ പിഴ ചുമത്തി. യൂറോപ്യൻ യൂണിയന്റെ ഡിജിറ്റൽ മാർക്കറ്റ്സ് ആക്ട് അഥവാ ഡിഎംഎ എന്നറിയപ്പെടുന്ന നിയമത്തിന് കീഴിലാണ് പിഴകൾ ചുമത്തിയത്.

ഒരു വർഷത്തെ അന്വേഷണത്തിന് ഒടുവിലാണ് യൂറോപ്യൻ കമ്മീഷൻ നടപടി സ്വീകരിച്ചത്. ഇയുവിന്റെ പിഴയെ ചോദ്യം ചെയ്യുമെന്ന് ആപ്പിൾ പറഞ്ഞു. യൂറോപ്യൻ കമ്മീഷൻ അന്യായമായി ആപ്പിളിനെ ലക്ഷ്യമിടുന്നതിന്റെമറ്റൊരു ഉദാഹരണം കൂടിയാണ് പിഴ തീരുമാനമെന്ന് ആപ്പിൾ പറഞ്ഞു. ഇത് തങ്ങളുടെ ഉപയോക്താക്കളുടെ സ്വകാര്യതയ്ക്കും സുരക്ഷയ്ക്കും, ഉൽപന്നങ്ങൾക്കും എതിരാണെന്നും തങ്ങളുടെ സാങ്കേതികവിദ്യ സൗജന്യമായി നൽകാൻ നിർബന്ധിക്കുമെന്നും ആപ്പിൾ പറഞ്ഞു. തീരുമാനത്തെ മെറ്റയും വിമർശിച്ചു. ചൈനീസ്, യൂറോപ്യൻ കമ്പനികളെ വ്യത്യസ്ത മാനദണ്ഡങ്ങളിൽ പ്രവർത്തിക്കാൻ അനുവദിക്കുമ്പോൾ അമേരിക്കൻ ബിസിനസുകളെ ദുർബലപ്പെടുത്താൻ യൂറോപ്യൻ കമ്മീഷൻ ശ്രമിക്കുന്നുവെന്ന് ആപ്പിൾ പറഞ്ഞു. പിഴ ചുമത്തുന്നത് മാത്രമല്ല, കമ്മീഷനെ അതിന്റെ ബിസിനസ് മോഡൽ മാറ്റാൻ നിർബന്ധിക്കുന്നതും ഇതിന്റെ ഭാഗമാണെന്ന് മെറ്റ പറഞ്ഞു.


50th
wedding
ANNIVERSARY
John & Marykkutty
Thengummoottill